2022 SEPTEMBER
VOL 21
ISSUE 09
PAGE 48
PRICE ₹50

# കെയ്‌റോസ്



കേരള കത്തോലിക്കാ മെത്രാൻ സമിതി
കേരള സഭാനവീകരണം 2022 –2025

## സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം

**JESUS YOUTH**
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org




St. Mother Teresa's canonization portrait by American artist Chas Fagan

**വി. മദർ തെരേസ**
**(St. Teresa of Calcutta)**
തിരുനാൾ: സെപ്റ്റംബർ 5

മദർ തെരേസ (26/08/1910 – 05/09/1997) കൽക്കട്ടയിലെ വി. തെരേസ എന്നും അറിയപ്പെടുന്നു. അൽബേനിയയിൽ ജനിച്ച മദർ ഇന്ത്യയിലാണ് കൂടുതൽ കാലവും കന്യാസ്ത്രീയായി ജീവിച്ചത്. 1950ൽ മിഷണറീസ് ഓഫ് ചാരിറ്റി സ്ഥാപിക്കുകയും അതിന്റെ സജീവ അംഗമായി അന്ത്യംവരെ കർമനിരതയുമായിരുന്നു.

***ഉദ്ധരണി:*** *"വിശക്കുന്നവരുടെയും കഷ്ടപ്പെടുന്നവരുടെയും തകർന്ന ശരീരങ്ങളെ ഞാൻ സ്പർശിക്കുമ്പോൾ അത് ക്രിസ്തുവിന്റെ ജീവനുള്ള ശരീരത്തെയാണ് സ്പർശിക്കുന്നതെന്ന് എനിക്കറിയാം."*





## എഡിറ്റേഴ്സ് റൂം

അഡ്വ. കെ.ജെ. ജോൺസൺ

# കാത്തിരിപ്പിന്റെ സുവിശേഷം




ഇസ്രായേൽ ജനതയുടെ കരുത്തുറ്റ രാജാക്കന്മാരിൽ ഒരാളാണ് ദാവീദ്. ദൈവത്തിനും ജനത്തിനും പ്രീതികരമായി പ്രവർത്തിച്ച വ്യക്തിയായാണ് ദാവീദിനെ കണക്കാക്കുന്നത്. ചെറുപ്രായത്തിൽ തന്നെ രാജാവായി അഭിഷേകം ചെയ്യപ്പെട്ടെങ്കിലും, യുവരാജാവാക്കാമെന്ന് രാജാവായ സാവൂൾ വാഗ്ദാനം ചെയ്ത് വർഷങ്ങൾക്കു ശേഷമാണ് ദാവീദ് ഇസ്രായേൽ രാജാവായി അവരോധിതനാകുന്നത്. "ഞാൻ  ക്ഷമാപൂർവം കർത്താവിനെ കാത്തിരുന്നു. അവിടന്ന് ചെവി ചായ്ച്ച് എന്റെ നിലവിളി കേട്ടു" (സങ്കീ 40, 1). ക്ഷമാപൂർവമായ ഈ കാത്തിരിപ്പാണ് ദാവീദിനെ മഹാനായ രാജാവാക്കിയത്.

ക്ഷമാപൂർവമായ കാത്തിരിപ്പ് (Patience) എന്നത് ഒരു പ്രവൃത്തിയേക്കാളുപരി ഒരു മനോഭാവമാണ്. ജീവിതത്തിൽ സംഭവിക്കാനിരിക്കുന്ന നന്മകൾക്കായി ഒരുങ്ങുന്ന അവസ്ഥ. പ്രതിസന്ധികളെ നേരിടാൻ അതൊരുവനെ സഹായിക്കും. പ്രതികൂലമായ കാലാവസ്ഥകളിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളെ കണ്ടിട്ടുണ്ട്. ലഭിക്കാൻ പോകുന്ന മത്സ്യങ്ങളെക്കുറിച്ചുള്ള ചിന്തയാണ് പ്രതികൂല സാഹചര്യങ്ങളെ നേരിടാൻ/സ്വീകരിക്കാൻ അവരെ പ്രാപ്തരാക്കുന്നത്.

1986-ലാണ് ബ്ലസി എന്ന ചെറുപ്പക്കാരൻ സംവിധാന മോഹവുമായി സിനിമയിലേക്കെത്തുന്നത്. എന്നാൽ, 2004-ലാണ് അയാളൊരു സിനിമാ സംവിധായകനാകുന്നത്. കാഴ്ച എന്ന ആദ്യ ചിത്രം വലിയ ഒരു ജനപ്രിയ സിനിമയായിരുന്നു. ആദ്യ സംവിധാനത്തിനായി നീണ്ട വർഷങ്ങളുടെ കാത്തിരിപ്പിനെക്കുറിച്ച് അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി. തിരസ്കരണവും, ചവിട്ടിത്താഴ്ത്തലുകളും ഉണ്ടായപ്പോഴും ദൈവം എനിക്കായി ഒരു ദിവസം ഒരുക്കി വച്ചിട്ടുണ്ടെന്ന ബോധ്യമാണ് വഴി നടത്തിയതെന്ന് അദ്ദേഹം വിവരിച്ചു.

ഇന്ന് പലരും തിരക്കു പിടിച്ച ഒരു ജീവിതക്രമത്തിലാണ്. ഏതിനും വേഗം ഉത്തരം കിട്ടുന്നതിനായി ഗൂഗിൾ നാം ഉപയോഗിക്കുന്നു. ഏറ്റവും വേഗതയേറിയ കംപ്യൂട്ടർ പ്രോസസറുകളും, ഇന്റർനെറ്റ് നെറ്റ്‌വർക്കുകളും നാം തേടിക്കൊണ്ടിരിക്കുന്നു. മനുഷ്യന്റെ അക്ഷമയെ ചൂഷണം ചെയ്യുന്ന സാമ്പത്തിക വ്യവസ്ഥകളാണ് രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്. ക്ഷമാപൂർവമായ കാത്തിരിപ്പ് നമ്മുടെയുള്ളിൽനിന്നു തന്നെയാണ് തുടങ്ങേണ്ടത്. താളാത്മകമായ ശ്വാസോച്ഛ്വാസത്തെ ശ്രദ്ധിക്കുന്നതിൽ നിന്നും അത് തുടങ്ങാവുന്നതാണ്.

ചൈനീസ് മുള (Chinees Bamboo) വിത്തുപാകിയാൽ അഞ്ച് വർഷം കഴിയും അതു മുളയ്ക്കാൻ. എന്നാൽ, മുളച്ചു കഴിഞ്ഞാൽ അഞ്ചാഴ്ചക്കുള്ളിൽ അത് 90 അടി ഉയരത്തിൽ തഴച്ചു വളരും. ജീവിതത്തിൽ ചില പ്രയത്നങ്ങൾ അങ്ങനെയാണ്. വിത്തുപാകുകയും വളമിടുകയും അധ്വാനിക്കുകയും ചെയ്താലും വർഷങ്ങൾക്കുശേഷം മാത്രമേ അതു മുളയ്ക്കൂ. പക്ഷേ, മുളച്ചു കഴിഞ്ഞാൽ അതിവേഗത്തിൽ അതിനു ഫലപ്രാപ്തിയുണ്ടാകും. 'ശക്തമായ രണ്ട് ആയുധങ്ങളാണ് സമയവും ദീർഘക്ഷമയും' എന്നുള്ള ലിയോ ടോൾസ്റ്റോയിയുടെ വാക്കുകൾ നമുക്കോർക്കാം.

"നിങ്ങളും ക്ഷമയോടെയിരിക്കുവിൻ, ദൃഢചിത്തരായിരിക്കുവിൻ, എന്തുകൊണ്ടെന്നാൽ കർത്താവിന്റെ ആഗമനം അടുത്തിരിക്കുന്നു." ബൈബിളിൽ വി. യാക്കോബിന്റെ ലേഖനത്തിലെ ഈ വാക്കുകൾ നമുക്ക് വഴികാട്ടിയാകട്ടെ.



എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

# ഉള്ളടക്കം

16



## നവീകരണത്തിന്റെ ആത്മക്കൊടുങ്കാറ്റ്


**06**
**തിങ്കളാഴ്ചയും ബലിയർപ്പിക്കുന്നവരുടെ ആനന്ദം**
ശശി ഇമ്മാനുവേൽ

**10**
**'വരൂ!' എന്ന് സ്വാഗതമോതാൻ ആരെങ്കിലും വേണം! ...**
ഡോ. എഡ്വേർഡ് എടേഴത്ത്

**13**
**രക്ഷാവചനം - ഓഡിയോ ബൈബിൾ പ്ലെയർ**
സുനോജ് ആന്റണി

**16**
**നവീകരണത്തിന്റെ ആത്മക്കൊടുങ്കാറ്റ്**
ഡോ. ജോഷി മയ്യാറ്റിൽ

**20**
**സഭ ക്രിസ്തുവിൽ പണിയപ്പെട്ടു കൊണ്ടിരിക്കുന്ന ഭവനം**
ജോബി ബേബി

**24**
**ഏറെ പ്രതീക്ഷയുണ്ട്**
അഭിലാഷ് എം.കെ

**26**
**ധനേഷ് - നീയെത്ര ധന്യൻ**
നിഖിൽ തച്ചുപറമ്പിൽ

**28**
**എന്തുകൊണ്ട് ഈ ചെറുപ്പക്കാർ**
അബി കാഞ്ഞിരപ്പാറ

**30**
**ഒന്നാം സ്ഥാനം**
ദീപ തോമസ്

**32**
**കേരളം മാരാരിക്കുളത്തേക്ക്**
സി. ജെസ്സി വട്ടക്കാട്ട്

**34**
**രഹസ്യം**
സി. ഇമ്മാനുവേൽ മെയ്യാർദ്

**36**
**ന്യൂസ് ഹൈലൈറ്റ്സ്**
സണ്ണി കോക്കാപ്പിള്ളിൽ

**38**
**ജീസസ് യൂത്ത് പ്രതിമാസ വിചിന്തനം**

**40**
**ടീൻസ്പിരിറ്റ്/ചർച്ച് & സയൻസ്**
ജൂഹി എൽസ് ജി. & സിന്റോ വി. വർഗീസ്

**42**
**വാർത്താവിചാരം**
സണ്ണി കോക്കാപ്പിള്ളിൽ

**44**
**സ്മാർട്ട് കിഡ്സ്**
വെങ്കി & സ്റ്റീവ് വർഗീസ്

**46**
**ചിരിയും ചിന്തയും**
ജോയ്സ് കെ. ജോസ്



കെയ്റോസ് KAIROS • 2022 SEPTEMBER • VOL 21 • ISSUE 09 • PAGE 48



Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Shoji Vechoorkarottu *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
John Sunny 9400686781 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Joby Joseph Ontario +1 2899 686 074
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Jijomon T C, Doha +974 3045 2347
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office** Smitha Jose: smitha.jose@jykairosmedia.org



**Mailing Address**
*INDIA:* 8/174, Navodaya Studio Complex, Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org +91 484 2984327

*USA:* Kairos International Inc., 3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org +1 832 592 3675

www.jykairosmedia.org Facebook.com/Readkairos Twitter.com/kairosmalayalam

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com


കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ

PRINT | ONLINE (Eng) | ONLINE (Mal)




# കത്തുകൾ

**കെയ്റോസിന് ബാങ്കുവഴി പണമടയ്ക്കുവാൻ:**

KAIROSE TRUST, A/c No. 14690200009621
IFSC- FDRL0001469 / FEDERAL BANK,
KAKKANAD, SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327 94465 63335
kairosmag@jykairosmedia.org

ആഗസ്റ്റ് ലക്കം കെയ്റോസ് എന്നെ ഹഠാദാകർഷിച്ചു. ക്രൈസ്തവ നിലനിൽപിനു ഭീഷണിയും വേദനയും ഉളവാക്കുന്ന നൈജീരിയൻ ക്രൈസ്തവ പീഡനമായിരുന്നല്ലോ മുഖ്യപ്രമേയം. പൊതുവേ, നമ്മുടെ എല്ലാ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിലും ഉപദേശാത്മക സന്ദേശങ്ങളും ആഴമില്ലാത്ത പ്രമേയങ്ങളുമാണ് അവതരിപ്പിക്കുക. വി. പൗലോസ് എഴുതുന്നു: നിങ്ങൾ ഇപ്പോഴും പാലു കുടിക്കുന്നവരായി നിന്നാൽ മതിയോ, ദ്രവ്യപദാർഥങ്ങൾ കഴിച്ചു തുടങ്ങണ്ടേ? സാർവലൗകികമായി നാം നേരിട്ടു കൊണ്ടിരിക്കുന്ന വിഷയങ്ങൾ അവതരിപ്പിച്ചു കൊണ്ട്, നമ്മുടെ നോട്ടവും ശ്രദ്ധയും പീഡിപ്പിക്കപ്പെടുന്ന സഭാമേഖലയിലേക്ക് തിരിയേണ്ടിയിരിക്കുന്നു എന്ന് കെയ്റോസ് ഓർമിപ്പിക്കുന്നു.

നൈജീരിയൻ ഗവൺമെന്റിലേക്കും ക്രൈസ്തവ ഭൂഖണ്ഡങ്ങളിലെ രാഷ്ട്രീയ നേതാക്കൾക്കും കത്തുകൾ വഴിയും, ഇ-മെയിൽ വഴിയും എംബസിക്കു മുമ്പിൽ പ്രതിഷേധ പ്രകടനങ്ങൾ വഴിയും മുഴുവൻ ആളുകളുടേയും കണ്ണു തുറപ്പിക്കണം. ലേഖനങ്ങളോ പത്രപ്രസ്താവനകളോ മതിയാകുന്നില്ല. മാധ്യമങ്ങൾ നമുക്ക് അനുകൂലമല്ല. രാഷ്ട്രീയ പാർട്ടികൾ നമുക്കു പുറംതിരിഞ്ഞു നിൽക്കുന്നു. ക്രൈസ്തവ നേതൃത്വങ്ങൾ ഇച്ഛാശക്തിയില്ലാതെ നിസ്സംഗരായിത്തീരുന്നു. സാദാ വിശ്വാസികൾ സംഭവിക്കുന്നതൊന്നും അറിയാത്തവരെപ്പോലെ ജീവിക്കുന്നു. ശക്തമായ സഭ ബലഹീനമായിടത്തേയ്ക്കു താഴ്ന്നിറങ്ങി വരണം. അനിഷ്ട സംഭവങ്ങൾ ഉണ്ടാകുമ്പോൾ കരയുകയും പ്രാർഥിക്കാൻ ആഹ്വാനം നൽകുകയും ചെയ്താൽ പോരാ. ഒരു മുസ്ലീം നേതാവും സംഘടനകളും, രാഷ്ട്രീയ നേതാക്കളും ക്രൈസ്തവർ നേരിടുന്ന പീഡനത്തെ അപലപിക്കുന്നതായി കാണുന്നില്ല. നന്നായി പ്രതികരിക്കാനും പ്രതിഷേധിക്കാനും പ്രകടനം നടത്താനും അപ്പസ്തോലിക-സഭാത്മക തീക്ഷ്ണതയുള്ള മനുഷ്യരെ രംഗത്തിറക്കുകതന്നെ വേണം. മതപീഡനത്തിന്റെ കാണാപ്പുറങ്ങൾ ലോകത്തെ കാണിക്കാൻ കെയ്റോസ് നൽകുന്ന സാക്ഷ്യം അഭിനന്ദനാർഹമാണ്.

*ഫാ. ലൂക്ക് പുതൃക്കയിൽ*







ശശി ഇമ്മാനുവേൽ

# തിങ്കളാഴ്ചയും ബലിയർപ്പിക്കുന്നവരുടെ ആനന്ദം

2017ലെ ജൂലൈ മാസത്തെ ഒരു തണുത്ത പ്രഭാതം. മെൽബണിലെ ക്ലെയ്റ്റൻ എന്ന സ്ഥലത്തെ വി.പത്രോസിന്റെ നാമത്തിലുള്ള മനോഹരമായ, ഒരു കൊച്ചു ദേവാലയത്തിൽ പ്രഭാത ബലിക്ക് എത്തിയതാണ്. കൂടെയുണ്ടായിരുന്ന ജസ്റ്റസ് പോൾ എന്ന ഡൊമിനിക്കൻ അച്ചന്, സഹകാർമികനാകാനുള്ള ക്ഷണം ലഭിച്ചതിനാൽ അച്ചൻ ആ ഇംഗ്ലിഷ് ദേവാലയത്തിന്റെ സങ്കീർത്തിയിലേക്ക് കയറിപ്പോയി. മനോഹരമായ ഒരു ദേവാലയത്തിൽ വിരലിലെണ്ണാവുന്ന അത്രയും ആളുകൾ മാത്രമേ ആ സാധാരണ ദിവസത്തെ വി. ബലിക്കു ഉണ്ടായിരുന്നുള്ളു. ഭൂരിഭാഗവും അറുപത് പിന്നിട്ടവർ. വിശ്വാസം പരിത്യജിക്കുന്ന ഓസ്ട്രേലിയക്കാരെ കുറിച്ച് ആ ദിവസങ്ങളിൽ ഒരു മലയാളി വൈദികൻ സങ്കടത്തോടെ പറഞ്ഞത് ഓർമവന്നു (1962 ൽ 82% ക്രൈസ്തവരുണ്ടായിരുന്നിടത്ത്, 2017ൽ അത് 52% ക്രൈസ്തവരായി ചുരുങ്ങിയെന്നും, ഇക്കഴിഞ്ഞ വർഷം 29,000 പേർ കത്തോലിക്കാ സഭ വിട്ടു പോയെന്നുമാണ് അച്ചൻ പറഞ്ഞ കണക്കുകൾ).

കുർബാന തുടങ്ങുന്നതിനുമുമ്പ് ഒരു ചെറിയ കുഞ്ഞുമായി, ഇംഗ്ലീഷ് ദമ്പതികൾ മുൻബഞ്ചിൽ വന്ന് ഇരിപ്പുറപ്പിച്ചു. അവരുടെ ആത്മാർഥമായ ബലിയർപ്പണവും, കുഞ്ഞിനെ മാറിമാറി എടുത്തുള്ള പരിചരണവും അറിയാതെയെങ്കിലും നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റുന്ന ഒന്നായിരുന്നു. പിന്നീടുള്ള  ദിവസങ്ങളിൽ ആ ദേവാലയത്തിൽ രാവിലെ വി. കുർബാനക്ക് ചെന്നപ്പോൾ മിക്ക ദിവസങ്ങളിലും ആ അമ്മ മുടങ്ങാതെ ഈ കൈകുഞ്ഞുമായി വി. ബലിയിൽ പങ്കെടുക്കുന്നത് കാണാമായിരുന്നു. കാലാവസ്ഥ പ്രതികൂലമായിരുന്ന ഒരു തിങ്കളാഴ്ച പ്രഭാതത്തിലും അവരെ ദേവാലയത്തിൽ കാണാനിടയായപ്പോൾ, ഒന്ന് പരിചയപ്പെട്ടാലോ എന്ന ആഗ്രഹം കലശലായി. മാത്രമല്ല, ഞങ്ങൾ മെൽബണിൽ നിന്ന് സിഡ്നിയിലേക്ക് പോകാനുള്ള ദിവസങ്ങൾ അടുത്തിരുന്നു. വി. കുർബാനയേയും കുടുംബത്തെയും അത്രമേൽ സ്നേഹിക്കുന്ന ഒരു വിദേശ വനിത, ജീവിതത്തിൽ ഇനിയൊരിക്കലും നമ്മൾ കണ്ടുമുട്ടാൻ സാധ്യതയില്ലാത്ത ഒരു വ്യക്തി അങ്ങനെ ഒരാളോട് സംസാരിക്കാതിരിക്കാൻ എന്നിലെ ജിജ്ഞാസുവിന് കഴിയില്ലായിരുന്നു. കൂടെയുള്ള ചിലർ സ്നേഹപൂർവം പിന്തിരിപ്പിക്കാൻ ശ്രമിച്ചിട്ടും ഞാൻ പിന്മാറിയില്ല.



Photo by Josh Applegate on Unsplash

> "വി. കുർബാനയാണ് സ്വർഗത്തിലേക്കുള്ള എന്റെ രാജപാത"
>
> – കാർലോ അക്വിറ്റസ്

വി. ബലി കഴിഞ്ഞ് അവരെ കാത്തുനിന്ന്, Excuse me പറഞ്ഞ് ഇടിച്ചു കയറി സംസാരിച്ചു. കെയ്റ്റ് എന്നാണവരുടെ പേര് (കൂടെ പറഞ്ഞ ബാക്കി ഭാഗം ഓർക്കുന്നില്ല). കൈയിലിരുന്ന കുഞ്ഞിന്റെ പേര് മേരി എലിസബത്ത്. ഇത് അവരുടെ എട്ടാമത്തെ കുഞ്ഞാണ്, സ്വന്തം ഇടവകയിൽ വി. കുർബാനയില്ലാത്ത ദിവസങ്ങളിലാണ് ഈ ദേവാലയത്തിൽ അവർ വരുന്നത്. ഭർത്താവ് വലിയ കുടുംബത്തെ പുലർത്താൻ ഉത്തരവാദിത്വത്തോടെ ജോലിക്ക് പോയിരിക്കുകയാണ്. മൂത്ത കുഞ്ഞുങ്ങളെ വിദ്യാലയത്തിലാക്കിയാണ്, രാവിലെ ഏഴു മണിക്കുള്ള വി. ബലിയ്ക്കായി അവർ ഓടിയെത്തുന്നത്.

കെയ്റ്റും ഭർത്താവും പ്രോ ലൈഫ് മൂവ്മെന്റിന്റെ ഭാഗമാണോ എന്ന് ചോദിച്ചപ്പോൾ, അവർക്കതിന് പ്രോ ലൈഫ് പ്രസ്ഥാനം എന്താണെന്ന് പോലും അത്ര അറിവില്ലായിരുന്നു. കുറച്ചു സമയം മാത്രം നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുന്ന ചില അതിഥികൾ നമ്മെ അത്ഭുതപ്പെടുത്താറുണ്ടല്ലോ! ഒപ്പം നിന്ന് ഒരു ഫോട്ടോ എടുത്തു. പിന്നെ ഇത്രയും ചെറിയ കൈക്കുഞ്ഞുമായി, മോശപ്പെട്ട കാലാവസ്ഥയെ പോലും അവഗണിച്ച് ദിവസേന വി. കുർബാനയിൽ പങ്കെടുക്കാനുള്ള കാരണം ആരാഞ്ഞപ്പോൾ, ഒന്നും കാര്യമായി പറയാതെ അവർ ശാന്തമായി പുഞ്ചിരിച്ചു. ആ ചിരി അവരുടെ ദിവ്യകാരുണ്യനാഥനോടുള്ള ആഴമാർന്ന ആത്മീയ ബന്ധമെന്നവണ്ണം മനോഹരവുമായിരുന്നു.

**ഒരു മൈൽ ദൂരം പോകാൻ നിർബന്ധിക്കുന്നവനോടൊപ്പം രണ്ടാം മൈലിലും മൂന്നാം മൈലിലും മടികൂടാതെ അനുധാവനം ചെയ്യാനുള്ള തുറവിയെ വിളിക്കുന്ന പേരല്ലേ സ്നേഹം.**

എത്ര മനോഹരമാണ് ബിഷപ്പ് ഫുൾട്ടൺ ജെ. ഷീനിന്റെ ഈ വാക്കുകൾ "The greatest love story of all time is contained in a tiny white host" മലയാളത്തിൽ ഇങ്ങനെ നമുക്കത് മനസ്സിലാക്കാമെന്ന് തോന്നുന്നു. "ലോകത്തിലെ എക്കാലത്തേതിലുംവച്ച് ഏറ്റവും വലിയ പ്രണയകാവ്യം മറഞ്ഞിരിക്കുന്നത് ആ വെളുത്ത തിരുവോസ്തിയിലാണ്." വി. ജോൺ പോൾ പാപ്പ 2003 ലെ ജൂൺ മാസം വി. കുർബാനയുടെ തിരുനാൾ ദിനം, വി. കുർബാനയും ക്രൈസ്തവ കുടുംബങ്ങളും തമ്മിലുള്ള ഇഴപിരിക്കാനാവാത്ത ആന്തരികബന്ധത്തെക്കുറിച്ച് പറഞ്ഞതിങ്ങനെയാണ്: "ക്രൈസ്തവ കുടുംബങ്ങൾ തങ്ങളുടെ സ്നേഹത്തിന്റേയും ഐക്യത്തിന്റേയും ഉറവ (Source) ദിവ്യകാരുണ്യത്തിൽ കണ്ടെത്തുന്നു, നമ്മുടെ ലോകജീവിത യാത്രയെ (തീർഥാടനത്തെ) ഈ കണ്ടെത്തൽ നിരന്തരം പ്രകാശമാനമാക്കുന്നു."

ഞായറാഴ്ച ബലിയർപ്പണത്തിനു ശേഷം തിങ്കളാഴ്ച ബലിയർപ്പിക്കാനെത്തുന്നവരിൽ ക്രിസ്തു തന്നോടുള്ള സ്നേഹത്തിന്റെ അനുരണനങ്ങൾ തീർച്ചയായും തിരിച്ചറിയുന്നുണ്ട്. ഞായറാഴ്ച ഒരു ശീലത്തിന്റെ ഭാഗമെന്ന നിലയിലോ, ഉള്ളിലെ ദൈവപ്പേടിയുടെ ബാക്കിപത്രമെന്ന വണ്ണമോ ഒക്കെ ഒരാൾക്ക് ബലി പീഠത്തെ സമീപിക്കാം. എന്നാൽ, തിങ്കളാഴ്ചത്തെ വി. ബലിയർപ്പണത്തിന് ഒരുവൻ അണയുന്നത് ഇത്തരം കെട്ടുപാടുകളൊന്നുമില്ലാത്ത, ഏതോ ഒരു അദൃശ്യമായ സ്നേഹച്ചരട് അവനെ ബലി പീഠത്തിലേക്ക് വലിച്ചടുപ്പിക്കുന്നതിനാൽ തന്നെയാണ്. ഒരു മൈൽ ദൂരം പോകാൻ നിർബന്ധിക്കുന്നവനോടൊപ്പം, രണ്ടാം മൈലിലും, മൂന്നാം മൈലിലും മടികൂടാതെ അനുധാവനം ചെയ്യാനുള്ള തുറവിയെ വിളിക്കുന്ന പേരല്ലേ സ്നേഹം. എന്നും വി. ബലിയർപ്പിക്കാനോടിയെത്തുന്ന ഒരു ചെറുപ്പക്കാരൻ പറയുകയാണ്: "വല്ലാത്തൊരു നഷ്ടബോധമാണ് വി. ബലി മുടക്കുമ്പോൾ, എന്തോ പ്രിയപ്പെട്ടത് നഷ്ട്ടപ്പെട്ട പോലുള്ള ഒരു ഫീൽ." ഈ വാക്കുകൾ ഞായറാഴ്ചയുടെ കടം വീട്ടി മടുത്തവർക്ക് അരോചകമായി തോന്നാമെങ്കിലും എന്നും ഏതെങ്കിലും ബലി പീഠം തേടി ഓടിയെത്തുന്നവരുടെ 'ഫുൾ ലൈക്ക്' കിട്ടുന്ന വാക്കുകളാണ്.

ഒരു പ്രശസ്ത കത്തോലിക്കാ വിദ്യാലയത്തിൽ ഈയടുത്ത ദിവസങ്ങളിൽ പ്ലസ്ടു വിദ്യാർഥികൾക്കായി നടന്ന ധ്യാനത്തിൽ കുഞ്ഞുങ്ങളെ ആത്മീയമായി സഹായിക്കാൻ വന്ന വൈദികരും സഹോദരങ്ങളും നടുക്കത്തോടെ ചില കാര്യങ്ങൾ പറഞ്ഞു. പല നല്ല കുടുംബങ്ങളും പരിശുദ്ധ കുർബാനയിൽ നിന്നും വി. കുമ്പസാരത്തിൽ നിന്നുമൊക്കെ കുഞ്ഞുങ്ങളെ കോവിഡിന്റെ പേരും പറഞ്ഞ് നാളുകളായി അകറ്റിയാണ് വളർത്തിയിരുന്നത്. എന്നാൽ, മറ്റു കാര്യങ്ങൾക്കൊന്നും ഒരു മാറ്റവും വരുത്തിയതുമില്ല. (ഫാമിലി ഗെറ്റ് ടുഗദറുകൾ, ട്യൂഷൻ, എൻട്രസ് പരിശീലനം, തിയറ്ററിലെ സിനിമ കാണൽ, ഷോപ്പിംഗ്മാൾ സന്ദർശനം...) എന്നാൽ, ദേവാലയവുമായുള്ള ബന്ധം നിഷ്ക്കരുണം നിറുത്തിക്കളഞ്ഞു. ഫലമോ കുമ്പസാരക്കൂട്ടിലെത്തുന്ന ചെറുപ്പക്കാർ രണ്ടര വർഷം, ഒന്നര വർഷമൊക്കെയായി ഈ പ്രസാദവരം നഷ്ട്ടപ്പെടുത്തി ജീവിക്കുന്നു. പല കുടുംബങ്ങളും കുടുംബ പ്രാർഥനയില്ലാത്ത, ദൈവാരാധനയില്ലാത്ത ഫൈവ് സ്റ്റാർ ഹോട്ടൽ പോലെയായി തരം താണു. ഫലമോ, തിന്മ കീഴടക്കിയ മനസ്സും ശരീരവും, പാപം കുന്നുകൂടി, എന്തു ചെയ്യണമെന്നറിയാതെ മരവിപ്പു കയറിയ അനുതാപം മറന്ന യൗവനങ്ങൾ. എത്ര ഭീകരമാണ് ഈ അവസ്ഥ എന്ന് വേണ്ടപ്പെട്ടവർ തിരിച്ചറിയുന്നുണ്ടോ?

നമ്മുടെ അനേകം കുഞ്ഞുങ്ങൾ പിശാചിന്റെ കെണികളിൽപ്പെടുകയല്ല, അവന്റെ ഉപകരണങ്ങളായി മാറിക്കഴിഞ്ഞു. എന്താണ് അടിയന്തരമായ പരിഹാരം? ഒരു സമ്പന്ന രാജ്യത്തിന്റെ എല്ലാ പ്രലോഭനങ്ങൾക്കുമിടയിൽ, തിങ്കളാഴ്ചകളിലും ബലിയർപ്പിക്കാൻ തണുപ്പും, മഴയും വകവയ്ക്കാതെ എട്ടു കുഞ്ഞുങ്ങളുടെ അമ്മയായ കെയ്റ്റ് ഇന്നും പോകുന്നുണ്ടാവണം. കുടുംബജീവിതവും വിശുദ്ധ കുർബാനയും തമ്മിൽ വേർപ്പെടുത്താനാവാത്ത അദൃശ്യമായ ബന്ധം അവർ മനസ്സിലാക്കിയിരിക്കണം. കോവിഡിനെ പഴി ചാരി നമ്മൾ എത്ര നാൾ കർത്താവിന്റെ മേശയിൽ നിന്ന് പാനം ചെയ്യാതെ ജീവിക്കും? (പലരും ഓൺലൈനിൽ തന്നെയാണ് ഇപ്പോഴും) കോവിഡാനന്തര വിശ്വാസ പ്രതിസന്ധികൾക്ക്, വഴിതെറ്റാറായ യൗവനക്കാർക്ക് ഒരു പരിഹാര മാർഗം പറഞ്ഞോട്ടെ. നമുക്ക് ഞായറാഴ്ചക്കുശേഷം തിങ്കളാഴ്ചകളിലും കർത്താവിന്റെ ബലിപീഠത്തിലേക്ക് ഓടി അണയാം. അൾത്താരയിൽ നമ്മുടെ കുഞ്ഞുങ്ങളെ ചേർത്തുവയ്ക്കാം. ദിവ്യകാരുണ്യമാണ് പരിഹാരം.




Subscribe!
to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/kairosbuds





ഡോ. എഡ്വേർഡ് എടേഴത്ത്

# വരൂ!

## എന്ന് സ്വാഗതമോതാൻ ആരെങ്കിലും വേണം! അതല്ലേ നല്ല ജീസസ് യൂത്ത് നേതൃത്വം?

ഒരു യൂത്ത് ക്യാമ്പിനിടെ, കുർബാനയ്ക്കായി എല്ലാവരും ചാപ്പലിൽ ഒത്തുകൂടിയിട്ടുണ്ട്. പക്ഷേ, പലപ്പോഴും സംഭവിക്കുന്നതു പോലെ മുൻ സീറ്റുകളെല്ലാം കാലിയായിരുന്നു. എല്ലാവരും അൾത്താരയിൽനിന്ന് ഏറെ അകലെയാണ് ഇരിക്കുന്നത്. “ഇത് ശരിയാകില്ലല്ലോ,” ഞാൻ ഉള്ളിൽ പറഞ്ഞു. പക്ഷേ, ഈ ചെറുപ്പക്കാരോട് എങ്ങനെ മുന്നോട്ടു കടന്നിരിക്കാൻ പറയും? കുറച്ചുകഴിഞ്ഞ് അനിത മുന്നോട്ടുവന്നു. ക്യാമ്പിലെ പ്രധാന സഹായികളിൽ ഒരാളായിരുന്നു അനിത. സൗമ്യമായ പുഞ്ചിരിയോടെ, ഹാളിൽ ചുറ്റിനടന്ന് എല്ലാവരോടും മുന്നോട്ട് കടന്നിരിക്കാൻ ആംഗ്യം കാണിച്ചു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ മുൻ സീറ്റുകളെല്ലാം നിറഞ്ഞു. എല്ലാം വേണ്ട ക്രമത്തിലായി. മാത്രമല്ല, അന്ന് ആ കുർബാനയിലെ പങ്കാളിത്തം ഏറെ സജീവവുമായിരുന്നു. കാരണം എല്ലാം നോക്കി നടത്താൻ ഒരാളുണ്ടെന്ന ഒരു തോന്നൽ എല്ലാവർക്കും ഉണ്ടായിരുന്നു.

അവിടെ ഇരുന്ന് ഞാൻ എന്റെ ചിന്ത തുടർന്നു. അനിത ചെയ്തതാണ് ക്രിസ്തീയ നേതൃത്വം. ‘കടന്നുവരൂ’ എന്ന് ശബ്ദമുയർത്തി മറ്റുള്ളവരോട് പറയാനുള്ള സന്നദ്ധതയല്ലേ അത്?

### ഇന്നത്തെ ദുരന്തം: കൈയനക്കാൻ മടിക്കുന്ന ‘നല്ല മനുഷ്യർ’

നല്ല സമരിയാക്കാരന്റെ ഉപമയിൽ നമ്മെ ഏറെ അസ്വസ്ഥമാക്കുന്ന ഒരു രംഗമുണ്ട്. കൊള്ളക്കാരുടെ ആക്രമണത്തിനിരയായ ഒരു സാധു മനുഷ്യൻ റോഡരികിൽ കിടക്കുന്നു., നല്ലവരുടെയും പ്രാർഥിക്കുന്നവരുടെയും പ്രതിനിധികളായ ഒരു പുരോഹിതനും ലേവ്യനും, എല്ലാം കണ്ടിട്ടും ഒന്നും ചെയ്യാതെ ‘മറുവശത്ത്കൂടെ’ കടന്നുപോകുന്നു. അവരുടെ ചിന്തകൾ എന്തായിരുന്നുവെന്ന് നമുക്കറിയില്ല. മിക്കവാറും അവർ ചിന്തിച്ചിരിക്കാം, ‘ഞാൻ ഇപ്പോൾ



ത്തന്നെ ഒരു നല്ല ജീവിതം നയിക്കുന്നു, സഭാ കാര്യങ്ങളിൽ നന്നായി ഇടപെടുന്നു, ഇതൊന്നും എന്റെ പ്രശ്നമല്ല.' എന്നാൽ കഥ അവസാനിക്കുമ്പോൾ അവർ നന്മയുടെ ഭാഗത്തില്ലായിരുന്നു.

സ്കൂളുകളിലെ പരിശീലനം ശ്രദ്ധിച്ചിട്ടുണ്ടോ? മിണ്ടാതെ ഇരിക്കുന്നവരാണ് പലപ്പോഴും നല്ല കുട്ടികൾ. അവർ വളർന്നുവരുമ്പോഴും, ആൾക്കൂട്ടത്തെ പിൻചെല്ലാനാണ് ഏറെ സാധ്യത. ഇടവകയിലെ നല്ല ക്രിസ്ത്യാനികളെ 'ആടുകൾ' എന്നാണ് വിളിക്കുക, നല്ല സൗമ്യതയുള്ള വർ. അവർ ചെയ്യേണ്ടതോ? 'പ്രേ, പേ, ഒബേ' (പ്രാർഥന, സംഭാവന, അനുസരണ). എന്നു വച്ചാൽ ഒരു വിയോജിപ്പിന്റെ സ്വരമോ, വ്യതസ്ത പ്രവർത്തനമോ ഇല്ലാതെ, പറയുന്നത് ചെയ്യുന്നവരാകുക. അങ്ങനെയാകണമത്രേ 'നല്ല വിശ്വാസികൾ'!

ഇതിന്റെയെല്ലാം ഫലമോ? നല്ലവർ നിഷ്ക്രിയരും, അഴിമതിക്കാർ സമൂഹ നേതൃത്വം പേറുന്ന വരും ആയിത്തീരുന്നു. നമ്മൾ യുവാക്കളോട്, 'നിങ്ങൾ പ്രാർഥിക്കുക, നല്ലവരാകുക അതു മതി' എന്ന് പറയുമ്പോൾ അത് നിഷ്ക്രിയരാകാനുള്ള ആഹ്വാനമാകുന്നില്ലേ? മറിച്ച് ലോകം യുവാക്കളോട് പറയുന്നത് എവിടെയായിരുന്നാലും നേതൃത്വം ഏറ്റെടുക്കാനും സാധിക്കുന്ന തെല്ലാം ചെയ്യാനുമാണ്. പ്രശസ്ത ബ്രിട്ടീഷ് ചിന്തകൻ എഡ്മണ്ട് ബർക്കിന്റെ വാക്കുകൾ ഏറെ പ്രസക്തമാണ്, 'തിന്മ വിജയിക്കുന്നതിന് ആകെ വേണ്ടത് നല്ല ആളുകൾ ഒന്നും ചെയ്യാ തിരിക്കുക എന്നതു മാത്രമാണ്.'

**'തിന്മ വിജയിക്കുന്നതിന് ആകെ വേണ്ടത് നല്ല ആളുകൾ ഒന്നും ചെയ്യാതിരിക്കുക എന്നതു മാത്രമാണ്.'**

## ഏവരും നേതൃത്വത്തിനായി കാത്തിരിക്കുന്നു

അവ്യക്തതയുടെ നാൽക്കവലയിൽ ആരെങ്കിലും ശബ്ദമുയർത്തേണ്ടതുണ്ട്. അപ്പോൾ എല്ലാ വരും ചെവിയോർക്കും. അങ്ങനെയാണ് നേതൃത്വം ഉരുത്തിരിയുന്നത്. ജീസസ് യൂത്തിൽ

ഇതു സംഭവിക്കുന്നത് ഞാൻ പലതവണ കണ്ടിട്ടുണ്ട്. ഉദാഹരണത്തിന് - 2018-ൽ കേരളത്തിൽ വലിയൊരു വെള്ളപ്പൊക്കമുണ്ടായി. ഭീതിജനകമായ ദുരന്തം ഏവരെയും ഞെട്ടിച്ചു. അതിനിടെ, റൈജു മുൻകൈയെടുത്ത് പലരുമായി ബന്ധപ്പെട്ടു. ഏതാനും മണിക്കൂറുകൾക്കുള്ളിൽ, 'നല്ല അയൽക്കാരൻ' എന്നൊരു സംരംഭം പിറവിയെടുത്തു. എല്ലാം തകർന്ന് നിസ്സഹായരായ ആയിരക്കണക്കിന് ആളുകൾക്ക് സഹായഹസ്തം നീട്ടാൻ അതിലൂടെ സാധിക്കുകയും ചെയ്തു. മറ്റൊരുദാഹരണം - നഗരത്തിലെ കൗമാരക്കാർക്കിടയിൽ അതിവേഗം വളരുന്ന മയക്കുമരുന്ന് ദുരുപയോഗം കണ്ടപ്പോൾ, സുരേഷും ശാലിനിയും മറ്റ് കുറച്ചു പേരും എന്തുവേണം എന്ന് ചിന്തിക്കാൻ ഒത്തുകൂടി. അങ്ങനെ മയക്കുമരുന്നിനോട് 'വേണ്ട' എന്ന് പറയാൻ യുവാക്കളെ സഹായിക്കുന്ന വലിയൊരു സംരംഭത്തിന്റെ തുടക്കമായി.

അവ്യക്തതയുടെ നടുവിലുള്ളവർക്ക് 'വരൂ' എന്ന ആ ഉറച്ച വിളി വ്യക്തമായ തീരുമാനമെടുത്ത് മുന്നേറാൻ ഏറെ സഹായകമാണ്. അത് ശരിയായ ദൈവാത്മ പ്രചോദനത്തിൽ നിന്നാണെങ്കിൽ വലിയൊരു മാറ്റത്തിൻെറ തുടക്കമാകുന്ന ഒരു പ്രവാചക ശബ്ദവുമായി തീരും. കലാലയങ്ങളിലും ഇടവകയിലും ഒക്കെ ഇന്ന് ജീസസ് യൂത്ത് സജീവമാണെങ്കിൽ, അത് ആരെക്കെയോ ഇപ്രകാരം മറ്റുള്ളവരെ വിളിച്ച് ഒന്നിച്ചു കൂട്ടിയതുകൊണ്ടല്ലേ? വിശുദ്ധ പൗലോസ് റോമാക്കാർക്ക് എഴുതുന്നത് ഏറെ സത്യമാണ്, "സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു" (8, 19).

**യുവാക്കൾക്ക് കണ്ടുമുട്ടാനും വളരാനും വേദിയാകുന്ന ഒരു കൂട്ടായ്മയിലേയ്ക്ക് മറ്റുള്ളവരെ ക്ഷണിക്കുന്നതാണ് ഏറ്റം നല്ല നൻമ പ്രവൃത്തി എന്ന് അവൾ മനസ്സിലാക്കി.**

### 'വരൂ' എന്ന് സ്വാഗതമോതുന്നവർ എങ്ങനെയുള്ളവരാകണം ?

ക്യാമ്പസ് മിനിസ്ട്രിയുടെ ഒരു ചെറിയ മീറ്റിംഗിന് ശേഷം, ലത ആകാംക്ഷയോടെ എന്നെ സമീപിച്ചു, "എന്റെ കോളേജിൽ എങ്ങനെ ഒരു ഗ്രൂപ്പ് തുടങ്ങാമെന്ന് ഒന്ന് പറഞ്ഞുതരുമോ?" തങ്ങളുടെ സാഹചര്യങ്ങളിൽ ഒരു കൂട്ടായ്മയ്ക്ക് തുടക്കമിടാൻ മിക്ക യുവജനങ്ങൾക്കും ഏറെ ഭയമാണ്. എന്നാൽ, അവർക്ക് ആദ്യമേ വേണ്ടത് പരിശുദ്ധാത്മാവിന്റെ ഒരു ആന്തരിക പ്രേരണയാണ്. അത് ശക്തമായാൽ വേണ്ട ഒരുക്കങ്ങളെല്ലാം നടത്തി അവർ കൂട്ടുകാരോട് 'വരൂ' എന്ന് പറയും. ജീസസ് യൂത്ത് സമ്മേളനത്തിലേക്ക് അനേകരെ ക്ഷണിച്ചുകൊണ്ട് ലത വിശ്വാസത്തിൽ ഒരു ചുവടുവച്ചു. അങ്ങനെ അവൾക്ക് കോളേജിൽ നല്ലൊരു ഗ്രൂപ്പ് തുടങ്ങാനുമായി.

ലതയെന്ന ആ ഹിന്ദുപെൺകുട്ടി ഒരു ജെ-വൈ കോൺഫറൻസിൽ വച്ചാണ് യേശുവിനെ അറിഞ്ഞത്. അവൾ അനുഭവിച്ച ദൈവസ്നേഹത്താൽ പ്രേരിതമായി യേശുവിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ അവൾ ഉത്സുകയായിരുന്നു. യുവാക്കൾക്ക് കണ്ടുമുട്ടാനും വളരാനും വേദിയാകുന്ന ഒരു കൂട്ടായ്മയിലേയ്ക്ക് മറ്റുള്ളവരെ ക്ഷണിക്കുന്നതാണ് ഏറ്റം നല്ല നൻമ പ്രവൃത്തിയെന്ന് അവൾ മനസ്സിലാക്കി. ലതയുടെ ലാളിത്യവും സന്തോഷപ്രകൃതിയും സുഹൃത്തുക്കളോട് 'വരൂ' എന്ന് പറയാൻ അവളെ ഏറ്റവും അനുയോജ്യയാക്കി.

ഇതിനകം നാം കണ്ടെത്തിയതുപോലെ, 'വരൂ' എന്ന സ്വാഗതവാക്യം നല്ല ക്രിസ്തീയ നേതൃത്വത്തിന്റെ അടയാളമാണ്. ഈ നേതൃത്വത്തിന് അടിത്തറയാകുന്ന മൂന്ന് പ്രധാന ഗുണങ്ങൾ ഇവയാണ്, കർത്താവിനോടുള്ള സ്നേഹം, അയൽക്കാരനോടുള്ള സ്നേഹം, ശുഷ്കാന്തി സ്ഫുരിക്കുന്ന പെരുമാറ്റം.

### ആളുകളെ സ്വീകരിക്കാൻ ഇടങ്ങളും അത്യാവശ്യമാണ്

ലിൻസി ഒരു സഹോദര സഭാംഗമായിരുന്നു. ജീസസ് യൂത്തിലൂടെ അവൾ കത്തോലിക്ക സഭയെ അറിഞ്ഞു. മാത്യുവാണ് അവളെ ഒരു ജെ-വൈ കൂട്ടായ്മയിലേയ്ക്ക് ക്ഷണിച്ചത്. അവിടെ അവൾ ചുറുചുറുക്കുള്ള ഒരു കൂട്ടം ചെറുപ്പക്കാരെ കണ്ടുമുട്ടി. ആ ഗ്രൂപ്പിൽ പങ്കെടുത്ത് ഏതാനും ആഴ്ചകൾക്കുള്ളിൽ, സഭയെക്കുറിച്ച് കൂടുതലറിയാൻ അവൾ തീരുമാനിച്ചു, അവളുടെ ജീവിതം പാടെ മാറ്റിയ ഒരനുഭവമായി അത്.

ക്ഷണിക്കാൻ ഉത്സാഹമുള്ള ക്രിസ്ത്യാനികൾ ഇന്ന് ആവശ്യമാണ്. എന്നാൽ, ഒരു പ്രധാന ചോദ്യം എവിടേയ്ക്ക് മറ്റുള്ളവരെ ക്ഷണിക്കണം എന്നതാണ്. ഒരു പരിധിവരെ നമുക്ക് യുവാക്കളെ ചില കോൺഫറൻസുകളിലേക്കോ പരിശീലനങ്ങളിലേക്കോ ഒക്കെ ക്ഷണിക്കാനാകും. എന്നാൽ, ശരിയായി പറഞ്ഞാൽ ഒരു സുഹൃദ് കൂട്ടായ്മയിൽ ചേരാൻ 'വരൂ' എന്നാണ് നാം പറയേണ്ടത്. വിവിധ വേദികൾ ലഭ്യമായ ഒരു ജെ-വൈ കൂട്ടായ്മയുടെ വിശേഷങ്ങൾ കേട്ടു. "ആളുകൾക്ക് കടന്നുവരാൻ ഞങ്ങളുടെ ഗ്രൂപ്പിൽ നിരവധി വേദികളുണ്ട്. ലഘുഭക്ഷണ കൂട്ടായ്മ, ദരിദ്ര സന്ദർശനം, പ്രെയിസ് & വർഷിപ്പ്, മധ്യസ്ഥപ്രാർഥന ഗ്രൂപ്പ്, ബൈബിൾ പഠനം, ഗെയിം സായാഹ്നം, മാധ്യമ കൂട്ടായ്മ എന്നിങ്ങനെ ആളുകളെ ഒത്തുകൂട്ടാൻ വിവിധ ഇടങ്ങൾ". വന്ന് കൂടെയിരിക്കാനും ഭാഗഭാക്കാകാനും പറ്റിയ ഒരു ക്രിസ്തീയ കൂട്ടായ്മയിൽ ചേരാൻ നമുക്ക് മറ്റുള്ളവരെ ക്ഷണിക്കാനാകണം. എല്ലാവരും ആഗ്രഹിക്കുന്നത് അതാണ് ദൈവത്തിന്റെ മനോഹരമായ പദ്ധതിയും അതുതന്നെ.

'വരൂ' എന്ന ആഹ്വാനത്തോടെയാണ് ബൈബിൾ അവസാനിക്കുന്നത് 'ആത്മാവും മണവാട്ടിയും പറയുന്നു, വരുക. കേൾക്കുന്നവൻ പറയട്ടെ, വരുക" (വെളിപാട് 22, 17). ജീവന്റെ സമൃദ്ധി ആഗ്രഹിക്കുന്ന ഏവർക്കും കർത്താവും സഭയും നൽകുന്ന ക്ഷണമാണിത്. നാമോരുത്തരും ആ ദൗത്യം തുടരേണ്ടിയിരിക്കുന്നു. ആ യൂത്ത് ക്യാമ്പിൽ അനിത തന്റെ ചെറിയ രീതിയിൽ ചെയ്തതുപോലെ, കർത്താവിന്റെ വക്താവാകുകയും ചുറ്റുമുള്ളവരോട് 'വരൂ' എന്ന് പറയുകയും ചെയ്യുക എന്നതാണ് ക്രിസ്തു ശിഷ്യരായ നാമോരോരുത്തരുടെയും ജീവിതദൗത്യം.



സുനോജ് ആന്റണി, എറണാകുളം

കേൾക്കൂ... കേൾക്കൂ...

# രക്ഷാവചനം
## ഓഡിയോ ബൈബിൾ പ്ലെയർ




**ദൈവവചനത്തിന്റെ ശക്തിയും അത്ഭുതകരമായ പ്രവർത്തനവും കോടാനുകോടി മനുഷ്യമക്കൾ ഇന്നീ ലോകത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നു. നമുക്കും പലവിധ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടാകും. നമ്മൾ എവിടെയായിരുന്നാലും നമുക്കിഷ്ടമുള്ളപ്പോൾ ദൈവവചനം കേൾക്കാനാവുക എന്നത് ഏറെ സൗഭാഗ്യകരമാണ്. ഫലമോ, അവർണനീയവും. പ്രാർഥനയിലൂടെ, കാത്തിരിപ്പിലൂടെ ഒരു ഓഡിയോ ബൈബിൾ പ്ലെയർ രൂപപ്പെട്ട വഴികളെക്കുറിച്ചാണ് ഞാനിവിടെ പങ്കുവയ്ക്കുന്നത്.**

## ഒരു വിത്ത് മുളക്കുന്ന പോലെ

2018-ൽ ഞങ്ങളുടെ ഐടി കമ്പനി ഒരുവിധം റൺ ചെയ്തു പോകുന്ന സമയത്ത് യുഎസിലുള്ള സുഹൃത്ത് റോബിയും ഭാര്യ സലോമിയും ഫോൺ വിളിച്ചിട്ട്, കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയമായ പി.ഒ.സി യിൽ നിന്ന് ബൈബിൾ പ്ലയർ വാങ്ങി വീട്ടിൽവച്ച് കേട്ടുനോക്കാൻ പറയുകയുണ്ടായി. അതിനു മുന്നേതന്നെ കാക്കനാടുള്ള ഒരു ഡോക്ടർ അദ്ദേഹത്തിന്റെ പറമ്പിൽ വചനം റെക്കോർഡ് ചെയ്തുവച്ച് കേൾപ്പിച്ചപ്പോൾ കൃഷിയിൽ അത്ഭുതകരമായി വിളവ് ലഭിച്ചതിനെപ്പറ്റി ഒരു ധ്യാനത്തിൽവച്ചു പറഞ്ഞു കേട്ടിരുന്നു. കുറച്ചു നാളുകഴിഞ്ഞ് അങ്കമാലിയിൽ ഒരു ഫാമിൽ വചനം കേൾപ്പിച്ചപ്പോൾ പശുക്കൾ പ്രതീക്ഷിച്ചതിലധികം പാൽ ചുരത്തിയതായും, ന്യൂസിലൻഡിൽ ഒരു അമ്മച്ചി വചനത്തെപ്പറ്റി പേരക്കുട്ടികൾക്ക് പറഞ്ഞു കൊടുത്തപ്പോൾ പരീക്ഷിക്കാനായി ആ കുഞ്ഞുങ്ങൾ മുറ്റത്തെ ഉണങ്ങി

പ്പോയ മരത്തിന്റെ അടുത്തു വന്ന് ഒരാഴ്ച വചനം വായിച്ചതും ഉണങ്ങിപ്പോയ ആ മരം തളിർത്തതായും കേട്ടു. ദൈവവ ചനത്തിന്റെ ഇതുപോലുള്ള പ്രവർത്തനങ്ങളെക്കുറിച്ചുകേട്ട ഞങ്ങൾ ശരിക്കും അത്ഭുതപ്പെടുകയായിരുന്നു. ദൈവവചനവുമായി തീക്ഷ്ണതയോടെ മുന്നോട്ടുപോകുവാൻ ഇതെല്ലാം ഞങ്ങളെ ഏറെ സഹായിച്ചു.

ദൈവത്തിന്റെ വചനം മൃഗങ്ങളിലും സസ്യലതാദികളിലും ഇത്രയും മാറ്റം വരുത്തുമെങ്കിൽ ദൈവത്തിന്റെ ഏറ്റവും മനോഹരവും ശ്രേഷ്ഠ സൃഷ്ടിയുമായ മനുഷ്യമക്കളിൽ എന്തു മാറ്റമായിരിക്കും ഉണ്ടാവുക! അങ്ങനെ ഞങ്ങൾ വീട്ടിൽ വചനം കേട്ടു തുടങ്ങിയ പ്പോൾ പലപ്പോഴും ശ്രദ്ധിക്കാനൊന്നും പറ്റുന്നില്ലെങ്കിൽ കൂടി വചനം മുഴങ്ങുമ്പോൾ പറഞ്ഞറിയിക്കാനാവാത്ത ഒരു സംരക്ഷ ണവും കുഞ്ഞുങ്ങളുടെ ജീവിതത്തിൽ ദൈവികമായ ഒരു മാറ്റവും കുടുംബ ബന്ധങ്ങളുടെ ശക്തിപ്പെടലും ശരിക്കും അനുഭവിച്ചറിയു കയായിരുന്നു. ഈയൊരു സംരംഭത്തിന്റെ ആലോചന മുതൽ ഇപ്പോഴും എല്ലാ കാര്യത്തിലും കൂടെ നിൽക്കുന്നവരാണ് റോബിയും സലോമിയും. രണ്ടു കുടുംബങ്ങളുടെ പ്രയത്നം കൂടി യാണിത്. ഇതിനെപ്പറ്റി ഇവരുമായി സംസാരിച്ചതിനുശേഷം മാർക്ക റ്റിൽ ലഭ്യമായ MP3 പ്ലെയർ അന്വേഷിച്ചെങ്കിലും നമ്മളാഗ്രഹിച്ച ഗുണനിലവാരമുള്ളതൊന്നും കണ്ടില്ല. ഇതു നമ്മൾ തന്നെ ചെയ്യാ നാണോ ദൈവം ആഗ്രഹിക്കുന്നത് എന്നൊരു ഉൾപ്രേരണ അന്നേരം തോന്നി. ലോകത്തിലേക്ക് വചനം എത്തിക്കാൻ കഴിയുന്ന ഒരു സുവിശേഷ പ്രഘോഷണമായി ഇതു മാറ്റാൻ കഴിയുമെന്നോർത്ത പ്പോൾ വലിയ സന്തോഷവും. എങ്കിലും ഇതിനായിട്ടൊരു ദൈവവിളി ഉണ്ടെങ്കിലേ ഇതുചെയ്യാൻ കഴിയൂ എന്ന് ഞങ്ങൾ തിരിച്ചറിഞ്ഞിരുന്നു.

ഒരു ആത്മീയ ഉപദേശത്തിന് സെഹിയോൻ ധ്യാനകേന്ദ്രത്തിൽ പോകുകയും വട്ടായിലച്ചനോട് കുറച്ചു നേരം സംസാരിക്കുവാൻ ദൈവം അവസരം ഒരുക്കിത്തരുകയും ചെയ്തു. പ്രാർഥിച്ചിട്ട് ധൈര്യ മായി മുന്നോട്ട് പൊയ്ക്കൊള്ളാൻ അച്ചൻ പറഞ്ഞ പ്രകാരം തിരി ച്ചുവന്ന് ജോൺസൻ പുതുശ്ശേരിയച്ചനെ കാണുകയും അച്ചൻ എല്ലാവിധ സഹായ സഹകരണവും വാഗ്ദാനം ചെയ്യുകയും ചെയ്തു. പല സമയത്തും ഒരുപാട് പ്രതിസന്ധികൾ ഉണ്ടായപ്പോഴും കൂടുതൽ വിശുദ്ധീകരണത്തിനുള്ള അവസരം തന്ന് ഇത് ഞങ്ങൾ ക്കുള്ള ദൈവവിളിയാണെന്ന് പലരിലൂടെയും ദൈവം വെളിപ്പെടുത്തി.

ഒരു ബൈബിൾ ഓഡിയോ പ്ലെയർ ആകുമ്പോൾ അതിന്റെ രൂപഭംഗി മനോഹരമാകണമെന്ന് നിർബന്ധമുണ്ടായിരുന്നതിനാൽ തേക്കിൽ കടഞ്ഞെടുത്ത് പിച്ചളയും ചേർന്ന ഒരു രൂപമാണ് മനസ്സിൽ വന്നത്. തടിയിൽ തീർത്ത ഈ ഉപകരണം കുറഞ്ഞ വിലയിൽ കൊടുക്ക ണമെന്ന ആഗ്രഹത്തിലാണ് വിലയും നിശ്ചയിച്ചിരിക്കുന്നത്.

ഈ സമയത്ത് രണ്ടാഴ്ചയ്ക്കുള്ളിൽ ലോകത്തിന്റെ നാനാഭാഗത്തു നിന്ന് ആളുകൾ വിളിച്ചിട്ട്, "ഞങ്ങൾ ആഗ്രഹിച്ച് കാത്തിരുന്ന ഒരു ഡിവൈസാണ്; എനിക്കു വേണ്ടി ദൈവം തന്നതാണ്; നിങ്ങളെ ദൈവം അനുഗ്രഹിക്കും" എന്നൊക്കെ പറഞ്ഞ് കേട്ടപ്പോൾ ദൈവം ഞങ്ങളെ ഏൽപിച്ച ദൗത്യത്തിന്റെ ആഴം ഞങ്ങൾ മനസ്സിലാക്കുക യായിരുന്നു. സെയിൽ തുടങ്ങി രണ്ടാഴ്ചയ്ക്കുള്ളിൽ വിവിധ സ്ഥല ങ്ങളിൽ നിന്ന് ധാരാളം ആളുകൾ വിളിച്ച് ഓർഡർ ചെയ്തപ്പോൾ ഞങ്ങൾ പ്രൊഡക്ഷൻ കൂട്ടുവാനുള്ള മാർഗത്തെപ്പറ്റി ആലോചിച്ചു തുടങ്ങി. നിത്യാരാധന ചാപ്പലിൽ ചെലവഴിക്കുന്ന സമയമാണ് ഞങ്ങളുടെ പ്രൊഡക്ഷൻ മാർക്കറ്റിങിന്റെ കാതൽ.

ഈ സുവിശേഷ പ്രഘോഷണത്തിൽ എല്ലാ സപ്പോർട്ടും ചെയ്തു കൊണ്ടിരിക്കുന്ന റോബിയെയും സലോമിയെയും ഒരുപാട് സഹാ

**ന്യൂസിലൻഡിൽ ഒരു അമ്മച്ചി വചനത്തെപ്പറ്റി പേരക്കുട്ടികൾക്ക് പറഞ്ഞു കൊടുത്തപ്പോൾ പരീക്ഷിക്കാനായി ആ കുഞ്ഞുങ്ങൾ മുറ്റത്തെ ഉണങ്ങിപ്പോയ മരത്തിന്റെ അടുത്തുവന്ന് ഒരാഴ്ച വചനം വായിച്ചതും ഉണങ്ങിപ്പോയ ആ മരം തളിർത്തതായും കേട്ടപ്പോൾ ഞങ്ങൾ ശരിക്കും അത്ഭുതപ്പെടുകയായിരുന്നു.**

യങ്ങൾ ചെയ്തുതന്ന യു.കെ.യിലുള്ള അനിൽ തോമസ്, കുവൈ റ്റിലുള്ള ആന്റോ കെ. വർക്കി, ആത്മീയ ഉപദേശവും മാർഗനിർദേ ശവും തന്ന ഞങ്ങളുടെ വികാരിയച്ചൻ ഫാ. സജി കണ്ണാപറമ്പ്, മാജ ടീച്ചർ (വാഴക്കാല ഇടവക) എല്ലാറ്റിനുമുപരി എല്ലാവിധ സഹാ യസഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയും എപ്പോഴും കൂടെ നിൽക്കുകയും ചെയ്യുന്ന ബിഷപ് ജെയിംസ് ആനാപറമ്പിൽ പിതാ വിനെയും മറ്റുള്ളവർക്ക് വചനം കേൾക്കാൻ തങ്ങളിൽ ആവുന്ന സഹായം ചെയ്ത് 'രക്ഷാവചനം' എന്ന ഈ ഡിവൈസ് സ്പോൺ സർ ചെയ്യുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഏവരു ടെയും പ്രാർഥന ഈ പ്രേക്ഷിത പ്രവർത്തനത്തിന് യാചിക്കുന്നു.

## ഉപയോഗം വളരെ എളുപ്പം

രക്ഷാവചനം എന്ന ഈ ബൈബിൾ പ്ലെയർ ഒരു കൊച്ചു കുഞ്ഞിനു പോലും വളരെ എളുപ്പത്തിൽ ഉപയോഗിക്കാവുന്നതുപോലെയാണ് രൂപകൽപന ചെയ്തിരിക്കുന്നത്. സമ്പൂർണ ബൈബിൾ, ഉത്പത്തി മുതൽ വെളിപാട് വരെ തുടർച്ചയായോ, ഇഷ്ട ഭാഗങ്ങൾ മാത്ര മായോ കേൾക്കാം. പുസ്തകമോ അധ്യായമോ എളുപ്പത്തിൽ തെര ഞ്ഞെടുക്കാം. ഇഷ്ടപ്പെട്ട ബൈബിൾ ഭാഗങ്ങൾ ഫേവറേറ്റ് ആയിട്ട് ആഡ് ചെയ്ത് കേൾക്കാനും സാധിക്കുന്നു. രാത്രി ഉറങ്ങുമ്പോൾ നിശ്ചിത സമയം കഴിഞ്ഞാൽ ഡിവൈസ് ഓട്ടോമാറ്റിക്കിലി ഓഫാ ക്കാനുള്ള സൗകര്യം സ്ലീപ് ടൈമർ ഫംഗ്ഷൻ വഴി ഒരുക്കിയിട്ടുണ്ട്.

മിനിമം എട്ടുമണിക്കൂർ ബായ്ക്കപ്പ് കിട്ടുന്ന റീചാർജബിൾ ബാറ്ററി യോടു കൂടിയ ഡിവൈസ് ചാർജിങ് കേബിളും ഒരുവർഷ വാറണ്ടി യോടുകൂടി കൊടുക്കുന്നു. മറ്റു ഭാഷകളിലും ഉടനെ പുറത്തിറങ്ങുന്ന 'രക്ഷാവചനം' ബുക്ക് ചെയ്ത് ഒന്നുമുതൽ മൂന്നാഴ്ചകൾക്കു ള്ളിൽ ഡെലിവറി ചെയ്യുന്നതാണ്.


**Scan and Visit for orders:**

www.cloudcatholic.com,
✆ **79076 19471** / **62382 79115**

For Product details and enquiries:
**95670 70515** / **85929 19515** / **80899 22669**

# ലോകമെങ്ങും വ്യാപിക്കട്ടെ

സുനോജുമായി വളരെ ചെറുപ്പം മുതലേയുള്ള പരിചയമാണെനിക്കുള്ളത്. ചെറുപുഷ്പം മിഷൻ ലീഗ്, കെ.സി.വൈ.എം., ബൈബിൾ കലോത്സവം, ക്രിസ്മസ് കാരൾ, അൾത്താര ബാലസംഘം അങ്ങനെ പള്ളിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങൾ ഒരുമിച്ചായിരുന്നു. ഈയൊരു ബൈബിൾ പ്രോജക്റ്റുമായിട്ട് മുന്നോട്ടു പോയപ്പോൾ ഞങ്ങൾ ഒരുമിച്ചാകാനും കാരണം അതുതന്നെയായിരിക്കാം. ഈയൊരു പ്രോജക്റ്റിന്റെ തുടക്കകാലത്ത് വളരെയേറെ പ്രതിസന്ധികളിലൂടെ ഞങ്ങൾ കടന്നു പോകുകയുണ്ടായി.



ആ സമയത്ത് തന്നെയാണ് സുനോജിന്റെ അമ്മയുടെ വേർപാടും. അത്തരം സാഹചര്യങ്ങൾക്കിടയിലൂടെയാണ് പരിശുദ്ധ മാതാവിന്റെ മധ്യസ്ഥവും യാചിച്ച് മുന്നോട്ടുപോകുന്നത്. ദൈവവചനം ആഗ്രഹിക്കുന്നവരിലേക്കും കൂടുതൽ യുവജനങ്ങളിലേക്കും എത്തിക്കുക എന്നതാണ് ലക്ഷ്യം. ഭവനങ്ങളിൽ ഈയൊരു ബൈബിൾ പ്ലെയർ ഉപയോഗിക്കുന്നതുവഴി ദൈവാനുഗ്രഹത്തിന്റെ ചാലകങ്ങളാകുന്നതിന്റെ നേരനുഭവങ്ങൾ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ഞങ്ങൾക്കെല്ലാവർക്കും ഉണ്ടായിട്ടുണ്ട്. ക്രിസ്തുവിന്റെ വചനം ലോകമെങ്ങും വ്യാപിക്കട്ടെ, അതിനു ഞങ്ങൾ വെറും ഉപകരണങ്ങൾ മാത്രം.

*അനിൽ തോമസ്, യു.കെ.*



സുനോജും കുടുംബവും

# നൂറുമേനി ഫലം

വളരെ ദൈവവിശ്വാസമുള്ള ഒരു വ്യക്തിയാണ് സുനോജ്. പരിചയപ്പെട്ട നാൾ മുതൽ ഇന്നുവരെയുള്ള കാര്യങ്ങൾ നോക്കിയാൽ എടുത്തുപറയേണ്ട കാര്യം സുനോജിന്റെ ദൈവാശ്രയവും വിശ്വാസവും തന്നെയാണ്. കോവിഡിന്റെ കാലഘട്ടത്തിൽ വളരെയേറെ പ്രതിസന്ധികൾ തരണം ചെയ്താണ് മുന്നോട്ട് പോയത്. രണ്ടുതവണ ഞാൻ നാട്ടിൽ വന്നപ്പോൾ നേരിട്ട് കാണുകയും ഈ കാര്യങ്ങൾ ഞങ്ങൾ സംസാരിക്കുകയുമുണ്ടായി. അന്നേരത്തെല്ലാം ഏറെ കഷ്ടപ്പെട്ടുതന്നെയാണ് സുനോജ് ഇതുമായി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നത്. നാട്ടിലുള്ള പള്ളികളിൽ പോകുകയും അച്ചന്മാരെ കണ്ട് ഇതിനെപറ്റി സംസാരിക്കുകയും ചെയ്തിരുന്നു. ഈയൊരു ഉപകരണത്തിന്റെ ഓരോ പാർട്സിനു വേണ്ടിയും അതിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനു വേണ്ടിയും എന്തു



മാത്രം സമയമാണ് സുനോജ് ചെലവഴിച്ചിരുന്നത്. എന്തായാലും, ദൈവവചനത്തിന്റെ പ്രചാരണമായതിനാലും ദൈവാശ്രയത്തോടെ ചെയ്യുന്നതിനാലും നൂറുമേനി ഫലം ഉണ്ടാകുമെന്നുറപ്പുണ്ട്.

*ആന്റോ കെ. വർക്കി, കുവൈറ്റ്*




# അൽമായ മിഷണറി സംരംഭം

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോസ് 16, 15) എന്നുള്ള കർത്താവിന്റെ കല്പന നിറവേറ്റാൻ ആഗ്രഹിക്കുന്ന ഒരു കത്തോലിക്ക അൽമായ മിഷണറി സംരംഭമാണ് 'രക്ഷാ വചനം'. കെ.സി.ബി.സി. ബൈബിൾ കമ്മീഷനോട് ചേർന്ന് പുറത്തിറക്കിയിരിക്കുന്ന മലയാളം ഓഡിയോ ബൈബിൾ പ്ലെയർ കൂടാതെ, കർത്താവിന്റെ ഹിതമെങ്കിൽ ഇംഗ്ലീഷിലും മറ്റനേകം ഭാഷകളിലും ഓഡിയോ ബൈബിൾ പ്ലെയർ പുറത്തിറക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

*റോബി & സലോമി, യു.എസ്.എ.*



റോബിയും കുടുംബവും

കവർ സ്റ്റോറി



ഡോ. ജോഷി മയ്യാറ്റിൽ



# നവീകരണത്തിന്റെ ആത്മക്കൊടുങ്കാറ്റ്

**അടുത്ത മൂന്ന് വർഷക്കാലം നീണ്ടുനിൽക്കുന്ന കേരളസഭാ നവീകരണത്തിന്റെ പ്രായോഗിക നടപടികൾ ഉടലെടുത്തതും അതിനു പ്രേരണയായതും എന്താണ്? ഈ നവീകരണംകൊണ്ട് യഥാർഥത്തിൽ എന്താണ് സംഭവിക്കാൻ പോകുന്നത്? പിന്നിട്ട പാഠങ്ങളിൽ നിന്ന് ഒരാത്മവിശകലനം.**

2022 ജൂൺ 5 പെന്തക്കുസ്താദിനം മുതൽ 2025 ജൂൺ 8 പെന്തക്കുസ്താദിനം വരെ കേരളസഭയുടെ നവീകരണകാലമായി നമ്മൾ ആചരിക്കുകയാണ്. 2021 ഡിസംബറിൽ സമ്മേളിച്ച കേരള കത്തോലിക്കാ മെത്രാൻ സമിതി പരിശുദ്ധാത്മപ്രേരിതമായ സ്വയം തിരിച്ചറിവിലൂടെ എടുത്തതാണ് അത്തരമൊരു തീരുമാനം. സഭയുടെയും സമൂഹത്തിന്റെയും സമകാലീനാവസ്ഥകൾ വിശകലനം ചെയ്ത മെത്രാൻ സമിതി ആത്മവിമർശനപരമായ ഇടപെടലാണ് നടത്തിയിരിക്കുന്നത്. സഭയുടെ നവീകരണം സമൂഹത്തിന്റെ നവീകരണത്തിനു കാരണമാകണം എന്ന താത്പര്യവും ഈ ഇടപെടലിനു പിന്നിലുണ്ട്. കർദിനാൾമാരും മെത്രാന്മാരും മുതൽ അച്ചന്മാരും സന്യാസീ-സന്യാസിനികളും അല്മായരും വരെ കടന്നുപോകേണ്ട മാനസാന്തരകാലഘട്ടമാണ് ഈ മൂന്നു വർഷങ്ങൾ.

## അസ്ഥിപ്രശ്നങ്ങളും അസ്തിത്വ പ്രതിസന്ധിയും

ഏഴ് അനുതാപകീർത്തനങ്ങളിൽ അഞ്ചിലും അസ്ഥിസംബന്ധിയായ പ്രശ്നങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ ഉണ്ടെന്നുള്ളത് കൗതുകകരമാണ്: “കർത്താവേ, എന്റെ അസ്ഥികൾ ഇളകിയിരിക്കുന്നു” (6,2); “ഞാൻ മൗനമായിരുന്നതുകൊണ്ട്, ദിവസം മുഴുവനുമുള്ള എന്റെ രോദനംമൂലം, എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി” (32,3); “എന്റെ

അസ്ഥികളിൽ ആരോഗ്യമില്ല" (38,3); "അവിടന്ന് തകർത്ത എന്റെ അസ്ഥികൾ ആനന്ദിക്കട്ടെ!" (51,8); "എന്റെ അസ്ഥികൾ തീക്കൊള്ളിപോലെ എരിയുന്നു" (102,3). സങ്കീ 22,13; 31,10; 42,10; 141,7 എന്നീ വിലാപ ഗീതങ്ങളിലും സമാനരീതിയിലുള്ള 'അസ്ഥി'പ്രയോഗം കാണാം.

ക്രമത്തിന്റെയും കരുത്തിന്റെയും സ്ഥായിത്വത്തിന്റെയും ചലനത്തിന്റെയും നിമിത്തങ്ങളും പ്രതീകങ്ങളുമാണ് അസ്ഥികൾ. ശരീരശാസ്ത്രപരമായ അവയുടെ ധർമവും അതുതന്നെയാണല്ലോ. അസ്ഥികൾക്കു പ്രശ്നം സംഭവിക്കുകയെന്നാൽ, അസ്തിത്വത്തിനു കോട്ടംതട്ടുക എന്നാണ് അർഥം. ജീവിതം ദുർബലവും ക്രമരഹിതവും അസന്തുഷ്ടകരവുമാകുന്ന അവസ്ഥയാണത്. കൂനിപ്പോകുന്ന അവസ്ഥയാണത് - ആത്മവിശ്വാസവും ആത്മാഭിമാനവും നഷ്ടപ്പെടുന്ന അവസ്ഥ; തന്റേടത്തോടെ നിൽക്കാനാകാത്ത അവസ്ഥ; ജീവിതം വഴിമുട്ടിനിൽക്കുന്ന അവസ്ഥ. ഇത്തരം അവസ്ഥകൾ ദൈവജനത്തിന് അപരിചിതമല്ലെന്നും വ്യക്തിഗതവും സാമൂഹികവുമായ മാനങ്ങൾ അവയ്ക്കുണ്ടെന്നും സമകാലീന യാഥാർഥ്യങ്ങൾ വ്യക്തമാക്കുന്നു.

## അസ്ഥികൾ ഒടിഞ്ഞുതൂങ്ങിയ, കാതുകൾക്ക് കനംതൂങ്ങിയ കേരളസഭ

ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ ശ്രേഷ്ഠത കേരളസഭയ്ക്ക് അന്യമായിക്കൊണ്ടിരിക്കുകയാണ് എന്ന തിരിച്ചറിവാണ് മൂന്നു വർഷം നീളുന്ന നവീകരണകാലം പ്രഖ്യാപിക്കാൻ മെത്രാൻസമിതിയെ പ്രേരിപ്പിച്ചിട്ടുള്ളത്. വിശ്വാസികൾ ഒന്നായിരിക്കേണ്ടതിനായി പ്രാർഥിച്ച ഗുരുവിനെ (cf.യോഹ 17) തീർത്തും പരിചയമില്ലാത്തവരെപ്പോലെ വെറും ലത്തീനും സുറിയാനിയും മലങ്കരയും ആയിക്കഴിഞ്ഞിരിക്കുന്ന നമുക്ക് യഥാർഥമായ സഭാബോധത്തിലേക്കും സഭാജീവിതത്തിലേക്കും തിരിച്ചെത്തേണ്ടതുണ്ട്. പാരമ്പര്യങ്ങളുടെ പേരുപറഞ്ഞ് കഥയില്ലാത്ത പുറംമോടികളും വ്യതിരിക്തതകളും പെരുപ്പിക്കുന്നതും പൊലിപ്പിക്കുന്നതും കേരളസഭയുടെ ഏകതയ്ക്കു തുരങ്കം വയ്ക്കാനേ ഉതകൂ. വിഭാഗീയതയും പ്രതിഷേധപ്രകടനങ്ങളും ഭീഷണികളും കേസുകളും വ്യാജപ്രചാരണങ്ങളും പരിഹാസങ്ങളുംകൊണ്ട് പൊതുസമൂഹത്തിൽ സഭ കോമാളിയായിത്തീരുകയാണ്. നമ്മുടെ ആരാധനക്രമമേഖലപോലും ക്രമസമാധാന പാലകരുടെ ഇടപെടൽ ആവശ്യമുള്ള

**ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ ശ്രേഷ്ഠത കേരള സഭയ്ക്ക് അന്യമായിക്കൊണ്ടിരിക്കുകയാണ് എന്ന തിരിച്ചറിവാണ് മൂന്നു വർഷം നീളുന്ന നവീകരണകാലം പ്രഖ്യാപിക്കാൻ മെത്രാൻസമിതിയെ പ്രേരിപ്പിച്ചിട്ടുള്ളത്.**

ഇടമായിത്തീർന്നിരിക്കുന്നു എന്നത് അങ്ങേയറ്റം ഖേദകരമാണ്. നമ്മുടെ ആത്മീയതയ്ക്ക് ക്രിസ്തുവിന്റെ കൈയൊപ്പില്ല, ആത്മാവിന്റെ സ്നിഗ്ധതയില്ല!

കുടുംബങ്ങൾ ചുരുങ്ങുമ്പോഴും, ചേരികൾ പടരുമ്പോഴും, 'മൂലമ്പിള്ളി'കൾ മുമ്പിൽ നിൽക്കുമ്പോഴും, ചെറുപ്പക്കാർ ഗതിയില്ലാതെ നാടുവിടുമ്പോഴും വമ്പൻ കെട്ടിടങ്ങളുടെയും പ്രോജക്റ്റുകളുടെയും മെഗാലോമേനിയ ബാധിച്ച ഒരു സമുദായമായി നാം അധഃപതിച്ചുകൊണ്ടിരിക്കുന്നു. 'സുവിശേഷത്തിന്റെ ആനന്ദം' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പ പറയുന്നത് ഇവിടെ പ്രസക്തമാണ്: "സംവിധാനങ്ങൾ മിഥ്യയായ സുരക്ഷിതത്വബോധം നൽകുന്നു. നമ്മെ കാർക്കശ്യമുള്ള ന്യായാധിപന്മാരാക്കുന്ന നിയമങ്ങൾക്കുള്ളിൽ, സുരക്ഷിതരെന്നു തോന്നിപ്പിക്കുന്ന ശീലങ്ങൾക്കുള്ളിൽ നാം അടച്ചുപൂട്ടപ്പെടുന്നു. അതേസമയം നമ്മുടെ വാതിൽക്കൽ ജനങ്ങൾ പട്ടിണിയനുഭവിക്കുന്നു" (സുവിശേഷത്തിന്റെ ആനന്ദം, 47). ജനത്തിന്റെ വിഷയമെന്നും മെത്രാന്റെയും അച്ചന്റെയും സന്ന്യസ്തരുടെയും വിഷയമെന്നുമുള്ള തരംതിരിവ് ജനത്തിന് നന്നായി അനുഭവപ്പെടുന്നുണ്ട്. ആശുപത്രികളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും കാര്യത്തിൽ ഔദ്യോഗികസഭ കാണിക്കുന്ന ശുഷ്കാന്തിയുടെ പത്തിലൊന്ന് ജനത്തിന്റെ വിഷയങ്ങളിലില്ല എന്ന പൊതുവായ വിലയിരുത്തൽ അടിസ്ഥാനമില്ലാത്തതല്ല എന്നതിന് കാലികമായ തെളിവുകൾ പലതുമുണ്ടല്ലോ. സ്ഥാപനങ്ങളും പള്ളികളും മേടകളും മണിമാളികകളും കൊടിമരങ്ങളും ഉയർന്നുപൊങ്ങുന്നതാണ് മതാത്മകത എന്നു നാം ധരിച്ചുവശാകുകയാണോ?

ദൈവം തന്ന വടിയുടെ കരുത്തറിയാതെ, അതും പിടിച്ച് ചെങ്കടലിന്റെ തീരത്തുനിന്ന് വിലപിക്കുന്ന മോശയെപ്പോലെയാണ് ഇന്നു പല മെത്രാന്മാരും! ഒരുതരം ശുഷ്കതയും മന്ദതയും പലരെയും ബാധിച്ചുകഴിഞ്ഞിരിക്കുന്നു. നമ്മുടെ അജപാലകർ പള്ളി മാനേജർമാരും ഉദ്യോഗസ്ഥരുമായി മാറിക്കൊണ്ടിരിക്കുകയാണെന്ന് ആരും ന്യായമായി സംശയിച്ചുപോകാം. സന്ന്യാസസമൂഹങ്ങളാകട്ടെ, തങ്ങളുടെ വരദാനങ്ങളെല്ലാം മാർക്കറ്റിന് അടിയറവുവച്ച മട്ടാണ്! നമ്മുടെ കുടുംബങ്ങൾക്ക് സ്നേഹത്തിന്റെയും

**കേരള കത്തോലിക്കാ മെത്രാൻ സമിതി**

**കേരള സഭാനവീകരണം 2022 – 2025**

"സഭ : ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം"

**2022 ജൂൺ 5 പന്തക്കുസ്താ മുതൽ**
**2025 ജൂൺ 8 പന്തക്കുസ്താ വരെ**

**പിഒസി, പാലാരിവട്ടം**

സമാധാനത്തിന്റെയും ശീതളിമ കൈമോശം വരുന്നില്ലേ? നമ്മുടെ ദമ്പതികൾക്കിടയിൽ ശിശുവിരുദ്ധമനസ്സ് പ്രബലപ്പെട്ടിരിക്കുന്നു. നമ്മുടെ ചെറുപ്പക്കാർക്ക് സ്വപ്നങ്ങളില്ലാതായിരിക്കുന്നു. വിദേശങ്ങളിലേക്ക് അവർ ചേക്കേറുന്നതുപോലും ട്രെന്റിനൊത്തുള്ള നീക്കം മാത്രമാണെന്നാണ് എന്റെ നിരീക്ഷണം. അവർ ഭാവിയോട് ഭാവാത്മകമായി പ്രതികരിക്കാൻ കഴിവില്ലാത്തവരും ഉണർവില്ലാത്തവരും ആയിരിക്കുന്നു. സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിൽ പൊതുനന്മയും സാമുദായികനന്മയും ഉയർത്തിപ്പിടിക്കാൻ കെല്പുള്ള, ക്രിസ്തുസ്നേഹവും സഭാസ്നേഹവും പ്രകടമാക്കുന്ന, ഏതെങ്കിലും ഒരു നേതാവ് നമ്മുടെയിടയിൽനിന്ന് ഈ കാലഘട്ടത്തിൽ ഉയർന്നുവന്നിട്ടുണ്ടോ?

മേല്പറഞ്ഞ കാര്യങ്ങളെല്ലാം ചൂണ്ടിക്കാണിക്കുന്നത് സമകാലീന കേരളസഭയുടെ അസ്തിത്വപ്രതിസന്ധിയാണ്, പാപംമൂലം അസ്ഥികളിൽ ആരോഗ്യമില്ലാതാവുകയോ അസ്ഥി തകരുകയോ ചെയ്ത ഒരു സഭയുടെ വിവിധ അവസ്ഥകളാണ്. ക്രിസ്തുവിന്റെ നിലവാരത്തിലേക്ക് ഉയരാൻ സഭ ഇനിയും അടിമുടി എത്രയധികം മാറാനുണ്ട് എന്നതിന്റെ സൂചനകളാണ് ഇവ. ഇത് കഥയില്ലായ്മയുടെ അനുഭവമാണ്; പക്ഷേ, ദുരന്തസൂചകമല്ല. ദുരന്താത്മകവും നിഷേധാത്മകവുമായ അവസ്ഥകൾ സമ്മാനിക്കുന്ന വേദനകൾക്കും കഥയില്ലായ്മയ്ക്കും നിശ്ശൂന്യാനുഭവങ്ങൾക്കും, ദൈവിക പദ്ധതിയിൽ, മനുഷ്യരെയും സമൂഹങ്ങളെയും സംവിധാനങ്ങളെയും അഗാധമായ പശ്ചാത്താപത്തിലേക്കും അടിമുടിയുള്ള ശൈലീനവീകരണത്തിലേക്കും നയിക്കാൻ കരുത്തുണ്ട്.

## നവീകരണം വാഞ്ഛിക്കുന്ന സഭ

ദൈവത്തിന്റെ കരുണയിലാണ് മനുഷ്യന്റെ ആശ്രയം. സഭയോട് കരുണ കാണിക്കുന്ന കർത്താവുതന്നെയാണ് നവീകരണത്തിന്റെ നാഥൻ. അവിടത്തോട് അന്തരംഗത്തിൽ ജ്ഞാനം പകരാനായി സങ്കീർത്തകനോടൊപ്പം (സങ്കീ 51,6) പ്രാർഥിക്കുന്നത് സമുചിതമാണ്. മനുഷ്യന്റെ ആഗ്രഹത്തിനും തീരുമാനത്തിനും ശ്രമത്തിനുമപ്പുറം ദൈവത്തിന്റെ കൃപയാണ് ജീവിതനവീകരണത്തിനും സഭാനവീകരണത്തിനും നിമിത്തമാകുന്നത്. “സംശുദ്ധമായ ഹൃദയം എനിക്കായി സൃഷ്ടിക്കണമേ” (സങ്കീ 51,10) എന്ന പ്രാർഥന പുതുസൃഷ്ടിയായിത്തീരാനുള്ള സഭയുടെ ആഗ്രഹം സുന്ദരമായി പ്രതിഫലിപ്പിക്കാൻ പര്യാപ്തമാണ്. ഭീകരമായ ഗർത്തവും കുഴഞ്ഞ ചേറും (സങ്കീ 40,2) ഇന്നിന്റെ സഭാനുഭവങ്ങൾതന്നെയാണ്.

**സഭാനവീകരണം അനിവാര്യമാണെന്ന സഭയുടെ തിരിച്ചറിവിന് സത്യാരാധനയുടെ ആത്മാവിന്റെ കൈയൊപ്പുണ്ട്.**

പക്ഷേ, സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ-മതപര സാഹചര്യങ്ങൾ സഭയെ വല്ലാതെ ശ്വാസംമുട്ടിക്കുന്ന ഇക്കാലഘട്ടത്തിലും കർത്താവ് സഭയെ കൈവിട്ടിട്ടില്ല. സഭാനവീകരണം അനിവാര്യമാണെന്ന സഭയുടെ തിരിച്ചറിവിന് സത്യാരാധനയുടെ ആത്മാവിന്റെ കൈയൊപ്പുണ്ട്. തകർന്ന ചൈതന്യവും തകർന്നുനുറുങ്ങിയ ഹൃദയവും ആണ് യഥാർഥത്തിൽ സഭയുടെ കരുത്ത്. കർത്താവിന്റെ ദാസനാകാനുള്ള പരിശീലനക്കളരിയിൽനിന്ന് ‘ഹിന്നേനീ’ (‘ഇതാ, ഞാൻ’) പ്രഖ്യാപനവുമായി സമ്പൂർണസമർപ്പണം പുതുക്കുന്ന സഭ എത്ര സുന്ദരമായ കാഴ്ചയാണ്!

## പ്രേഷിതയാകേണ്ട സഭ

പാപിനിയായ സഭയിൽനിന്ന് പ്രവാചികയും പ്രേഷിതയുമായ സഭയിലേക്ക് ഒരു മാനസാന്തരദൂരം മാത്രമേയുള്ളൂ. യഥാർഥമായ ഏതു മാനസാന്തരവും പ്രേഷിതശിഷ്യത്വത്തിലേക്കുള്ളതായിരിക്കും. “സുവിശേഷം പ്രഘോഷിക്കാനുള്ള പ്രസരിപ്പും കരുത്തും ശക്തിയും നിലനിറുത്താൻ സഭ ആഗ്രഹിക്കുന്നെങ്കിൽ അവൾ നിരന്തരം സുവിശേഷവത്കരിക്കപ്പെടണം” എന്ന വി. ജോൺ പോൾ രണ്ടാമൻ പാപ്പയുടെ പ്രബോധനം (സുവിശേഷ പ്രഘോഷണം, 15) ഇവിടെ സ്മർത്തവ്യമാണ്. സഭയുടെ പ്രേഷിതപരമായ മാനസാന്തരത്തെക്കുറിച്ച് ഫ്രാൻസിസ് പാപ്പയും ഏറെ വാചാലനാകുന്നുണ്ട്. “സഭയുടെ ആചാരങ്ങളും പ്രവർത്തനശൈലിയും സമയങ്ങളും സമയവിവരപ്പട്ടികയും ഭാഷയും സംവിധാനങ്ങളും സ്വന്തം സംരക്ഷണത്തിന് എന്നതിനെക്കാൾ ഇന്നത്തെ ലോകത്തിന്റെ സുവിശേഷവത്കരണത്തിനായി തിരിച്ചുവിടുന്നതിനുവേണ്ടി ഒരു പ്രേഷിതത്വതെരഞ്ഞെടുപ്പ് - എല്ലാം പരിവർത്തനം ചെയ്യിക്കാൻ കഴിവുള്ള ഒരു പ്രേഷിതത്വപ്രചോദനം - ഞാൻ സ്വപ്നം കാണുന്നു” എന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം (സുവിശേഷത്തിന്റെ ആനന്ദം, 27) എത്ര ശക്തമാണ്!

കേരളസഭയുടെ നവീകരണം അടിസ്ഥാനപരമായും പ്രായോഗികമായും പ്രേഷിതപരമായ മാനസാന്തരത്തിലാണ് അടങ്ങിയിരിക്കുന്നത്. ദൈവഹിതം കേരളസഭയുടെ നിരന്തരധ്യാനവും മനനവുമായിത്തീർന്ന്, സ്വാത്മാവബോധത്തിൽ സഭ വളരുമ്പോൾ നമ്മുടെ മൂല്യശ്രേണി മിഷൻപ്രാമുഖ്യമുള്ളതാകും. വിലപ്പെട്ടതെന്ന് ഇപ്പോൾ നാം കരുതുന്ന പലതും വിലകെട്ടതെന്നു തിരിച്ചറിയാനും വലിച്ചെറിയാനും നമുക്കു കഴിയും. മറിച്ച്, ക്രിസ്തു നമുക്ക് സ്വർണവും വില പിടിച്ച വെള്ളിയും ആയിത്തീരും; നാം ഏകശ്രദ്ധ നൽകുന്ന വൻ ആനന്ദം ക്രിസ്തുപ്രഘോഷണമായി മാറും! അത് എല്ലാ സൃഷ്ടികൾക്കും ലോകത്തിലെ സകലജനതകൾക്കും അനുഗ്രഹവും രക്ഷയും ആയി ഭവിക്കും!

തെളിഞ്ഞൊഴുകുന്ന പുഴപോലെ, വേനലിലെത്തുന്ന കുളിർകാറ്റുപോലെ മനുഷ്യമനസ്സുകളിൽ ചിരാതു തെളിയിച്ച ഒരു നല്ല സിനിമ.
വിശ്വമാനവികതയെ ലോകമനസ്സുകളിലേക്ക് പ്രസരിപ്പിക്കുവാൻ ആമസോൺ പ്രൈമിലൂടെ OTT റിലീസിലേക്ക്





ജോബി ബേബി, നഴ്സ്, കുവൈറ്റ്

# സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം

**കേരള കത്തോലിക്കാ സഭയുടെ നവീകരണ കാലഘട്ടമായ വരുന്ന മൂന്ന് വർഷങ്ങളിൽ സഭയിൽ നടക്കേണ്ട കാതലായ മാറ്റങ്ങളെക്കുറിച്ചും നടക്കേണ്ട നവീകരണത്തെക്കുറിച്ചും കെ.സി.ബി.സി. പുറപ്പെടുവിച്ച മാർഗരേഖ അടിസ്ഥാനമാക്കിയുള്ള സംക്ഷിപ്ത രൂപം.**

"അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ പരിശുദ്ധാലയമായി അത് വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു."

കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയാറാവുകയാണ്. 2022 ജൂൺ 5-ാം തീയതി പെന്തക്കുസ്താ തിരുനാൾദിനം മുതൽ 2025 ജൂൺ 8-ന് പെന്തക്കുസ്താ തിരുനാൾവരെയാണ് നവീകരണകാലഘട്ടം. '**സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം**' എന്നതാണ് നവീകരണയജ്ഞത്തിന്റെ ആപ്തവാക്യം. ആഗോള കത്തോലിക്കാസഭയിൽ സംഘടിപ്പിക്കപ്പെടുന്ന സിനഡാത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ പശ്ചാത്തലത്തിൽ കൂടിയാണ് കേരള സഭാനവീകരണം നടക്കുന്നത്. 2025-മാണ്ട് കത്തോലിക്കാസഭയിൽ ആചരിക്കപ്പെടുന്ന ജൂബിലിവർഷത്തിലേക്ക് 'പ്രത്യാശയുടെ തീർഥാടകർ' എന്ന ആപ്തവാക്യത്തോടെ ഫ്രാൻസിസ് പാപ്പാ എല്ലാവരെയും സ്വാഗതം ചെയ്തു കഴിഞ്ഞു. അതോടൊപ്പം, 2033-മാണ്ട് ആഗോളസഭ മുഴുവൻ രക്ഷയുടെ മഹാജൂബിലിയാഘോഷത്തിനായും ഒരുങ്ങുന്നു. നവീകൃതമായ ഒരു സഭയിലാണ് ജൂബിലിയാഘോഷ

ങ്ങൾ അർഥപൂർണമാകുന്നത്. കേരള സഭയെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലും ദൗത്യനിർവഹണത്തിലും കടന്നുവന്നിട്ടുള്ള അപചയങ്ങളും വീഴ്ചകളും കണ്ടെത്തി പരിഹരിക്കുന്നതിലൂടെയാണ് നവീകരണം സാധ്യമാകുന്നത്.

കേരളസഭാ നവീകരണം പ്രധാനമായും മൂന്ന് ഘട്ടങ്ങളായി സംഘടിപ്പിക്കേണ്ടതാണ്. ഒന്നാം ഘട്ടം (2022-2023) ശ്രവണവും ആസൂത്രണവും, രണ്ടാം ഘട്ടം (2023-2024) നവീകരണം നടപ്പിൽ വരുത്തൽ, മൂന്നാം ഘട്ടം (2024-2025) നവീകരണത്തിന്റെ വിലയിരുത്തലുകളും തുടർനടപടികളും. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ മേൽനോട്ടത്തിൽ കേരളസഭാ നവീകരണം ആസൂത്രണം ചെയ്തിരിക്കുന്നത് പ്രധാനമായും 12 മേഖലകളെ അടിസ്ഥാനമാക്കിയാണ്.

## കൂട്ടായ്മയിലേക്കുള്ള മാനസാന്തരം

കൂട്ടായ്മയാണ് സഭയുടെ ശക്തി. സഭാകൂട്ടായ്മയിൽ ഇന്നു കടന്നുവന്നിട്ടുള്ള മുറിവുകളും ഭിന്നതകളും ഇല്ലാതാകണം. ഇത് പരിഹരിക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സഭാമക്കളുടെ കടമയാണ്. അതിനായി സഭയിലും സഭാംഗങ്ങൾക്കിടയിലും പരസ്പരം ആദരവും വിശ്വാസവും നഷ്ടപ്പെടാതെ നോക്കണം. കൂടാതെ സഭയിൽ നിന്നും ഇടവകക്കൂട്ടായ്മകളിൽ നിന്നും അകന്ന് നിൽക്കുന്നവരെ അതിലേക്ക് കൂട്ടിക്കൊണ്ട് വന്ന് നഷ്ടപ്പെട്ടുപോകാതെ ചേർത്ത് നിറുത്താൻ സാധിക്കണം.


Photo by Josue Isai Ramos Figueroa on Unsplash

## പ്രാർഥനാജീവിതം

ക്രൈസ്തവ ആത്മീയ മേഖലകൾ ഭൗതികവത്കരിക്കപ്പെടാൻ ഇടയാകരുത്. ദൈവവിശ്വാസത്തിൽ ആഴപ്പെടുത്തുന്ന തരത്തിലുള്ള ആത്മീയ പരിശീലനം കുട്ടികൾക്കും കുടുംബങ്ങൾക്കും ലഭിക്കണം. വിശ്വാസം, ദൈവവചനം, വിശുദ്ധകുർബാന എന്നീ അടിസ്ഥാനവിഷയങ്ങളിൽ സഭാ പ്രേഷിതത്വം ഊന്നൽ നൽകണം. ദിവ്യകാരുണ്യ ഭക്തി എല്ലാ സഭാമക്കളിലും ഉണ്ടാകണം. അതുമൂലം സഭ ശക്തിപ്പെടുന്നതിനിടയാകും. അത് കൂടാതെ സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും സഭാമക്കളുടെ പങ്കാളിത്തം (ഉദാ: വചനപ്രഘോഷണം, ധ്യാനങ്ങൾ, പ്രാർഥനകൾ) ഉറപ്പാക്കണം.

## വിശ്വാസ പരിശീലനം

കാലോചിതവും ക്രിസ്തുസാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസ പരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ലഭിക്കത്തക്കവിധം നിലവിലുള്ള മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കണം. കുടുംബങ്ങളുടെ രൂപീകരണത്തിനും സാമുദായിക കെട്ടുറപ്പിനും വിശ്വാസപരിശീലനം സഹായിക്കണം. അടിസ്ഥാനപരമായ വിശ്വാസപരിശീലനശേഷം മുതിർന്നവർക്കും യുവജനങ്ങൾക്കും ഒരു തുടർപരിശീലനം നൽകണം. ഇത് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിന് അവർക്ക് ഉതകും.

## അനുരഞ്ജന മേഖലകൾ

മുറിവേറ്റവരുമായുള്ള അനുരഞ്ജനം കൂടാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ല. സഭകൾക്കിടയിലും ഇടവകതലങ്ങളിലും കുടുംബങ്ങളിലുമൊക്കെയുള്ള മുറിവുകൾ ഉണങ്ങണം. പരസ്പരം ക്ഷമിക്കാനും പൊറുക്കാനും സഹായകരമായ അവസരങ്ങൾ ഒരുക്കപ്പെടണം. സഭാ പ്രവർത്തനങ്ങളുമായി നിരവധിയായ കാരണങ്ങളാൽ വിട്ടുനിൽക്കുന്ന അനേകംപേരെ നമുക്കിടയിൽ കാണാൻ സാധിക്കും. ഇത്തരത്തിൽ വിട്ടുനിൽക്കുന്നവരെ കണ്ടെത്തി അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് അനുരഞ്ജനത്തിലൂടെ തിരിച്ചുകൊണ്ടുവരാൻ സാധിക്കണം.

## പ്രേഷിത മാനസാന്തരം

സ്വഭാവത്താലെ പ്രേഷിതയായ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം. സഭയുടെ സ്ഥാപനങ്ങളും സംവിധാനങ്ങളുമെല്ലാം പ്രേഷിതാഭിമുഖ്യത്തോടെ പരിഷ്കരിക്കപ്പെടണം. കാലഘട്ടത്തിനനുസൃതമായ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സഭ ഇടപെടുന്നതിനൊപ്പം സഭാമക്കളുടെ വിവിധങ്ങളായ തൊഴിൽ വിദ്യാഭ്യാസ മേഖലകൾക്കും അർഹിക്കുന്ന പ്രാധാന്യം നൽകുകയും വേണം.

## വൈദിക–സന്ന്യസ്ത പ്രേഷിതത്വം

സഭയിൽ അജപാലന ശുശ്രൂഷയും പ്രേഷിതശുശ്രൂഷയും രണ്ടുതട്ടുകളിലല്ല. വൈദികർക്കും സന്ന്യസ്തർക്കും പ്രേഷിതരൂപീകരണം നൽകാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. വൈദിക-സന്ന്യസ്ത-അൽമായ പരിശീലനമേഖലകൾ പ്രേഷിതാഭിമുഖ്യത്തോടെ കാലോചിതമായി നവീകരിക്കപ്പെടണം. ഇടവകയിലുള്ള അംഗങ്ങളെ ക്രിസ്തീയ പാതയിലേക്ക് നയിക്കാൻ, അവരെ പ്രാപ്തരാക്കാൻ വൈദിക-സന്ന്യസ്തർ ശ്രദ്ധിക്കണം. വൈദിക-സന്ന്യസ്ത പ്രേഷിത പ്രവർത്തനങ്ങൾക്ക് താത്പര്യമുള്ളവരെ കണ്ടെത്തേണ്ടത് അത്യാവശ്യവുമാണ്.

## കുടുംബ പ്രേഷിത ശുശ്രൂഷ

കോവിഡ് കാലം സമൂഹത്തിലും കുടുംബത്തിലും ഏൽപിച്ചിട്ടുള്ള ക്ഷതങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബ പ്രേഷിതശൈലിയിലും മാറ്റം അനിവാര്യമായിരിക്കുന്നു. 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷകൾ സജീവമാകണം. കുട്ടികളെ സുകൃതങ്ങളിൽ വളർത്താനും ഉത്തരവാദിത്വത്തോടെ ജീവിക്കാനും സഹായിക്കുംവിധം അവരുടെ ആത്മീയ മാനസിക ശാരീരിക ബൗദ്ധിക വളർച്ചയ്ക്ക് തുല്യപ്രാധാന്യം കൊടുത്തുകൊണ്ടുള്ള കർമപദ്ധതികൾ ആവിഷ്കരിക്കണം. ഇക്കാര്യത്തിൽ കുടുംബങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇച്ഛാശക്തി തിരിച്ചുപിടിക്കണം. സഭയിൽ എല്ലാ കുടുംബാംഗങ്ങളും ഒരുമിച്ചു ആരാധനകളിലും സഭാപ്രവർത്തനങ്ങളിലും പങ്കെടുക്കുന്നുണ്ടെന്നു ഉറപ്പ് വരുത്തണം. കുടുംബാംഗങ്ങൾ നേരിടുന്ന വിവിധങ്ങളായ വെല്ലുവിളികൾ പരിഹരിക്കാൻ ഉതകുന്ന മാർഗങ്ങൾ നിർദേശിക്കാൻ സഭയ്ക്ക് സാധിക്കണം.

## അൽമായ പ്രേഷിതത്വവും പങ്കാളിത്തവും

സഭയുടെ അൽമായ പ്രേഷിതത്വത്തിനും പങ്കാളിത്വത്തിനും യോജിച്ചവണ്ണം സഭാസംവിധാനങ്ങൾ പരിഷ്കരിക്കപ്പെടണം. ക്രിസ്തുവിന്റെ പുരോഹിത-പ്രവാചക-രാജകീയ ധർമങ്ങളിൽ പങ്കാളികളും ദൈവം ഭരമേല്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം ലോകത്തിൽ പൂർത്തീകരിക്കാൻ വിളിക്കപ്പെട്ടവരുമായ അൽമായ വിശ്വാസികളെ തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം ആ ദൗത്യം നിർവഹിക്കുന്നതിന് സഹായിക്കണം. സഭയുടെയും സമൂഹത്തിന്റെയും ശുശ്രൂഷകളിലും ഭരണ നിർവഹണ സംവിധാനങ്ങളിലും സജീവ പങ്കാളികളാകാൻ സഹായിക്കുന്ന ക്രമീകരണങ്ങൾ ഒരുക്കണം. സഭാപ്രവർത്തനങ്ങളിൽ മുഴുവനും ക്രിസ്തുവിന്റെ സാക്ഷ്യം പേറുന്ന സഭാമക്കളായിരിക്കണം ഇത് ക്രമീകൃതമായ സഭാപ്രവർത്തനങ്ങൾക്ക് സഹായിക്കും.

## ദരിദ്രരുടെ സഭ

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏൽക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. ജീവകാരുണ്യപ്രവർത്തനങ്ങളും ദാരിദ്ര്യസേവനവും സഭയുടെ മുഖമുദ്രയാണ്. ഈ സത്യം വിസ്മരിച്ച് ചെയ്യുന്ന കാര്യങ്ങളെല്ലാം സുവിശേഷവിരുദ്ധമാകും. ആയതിനാൽ സഭയിലും സമൂഹത്തിലും ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അനുഭവിക്കുന്നവരെ കണ്ടെത്തുന്നതിനും സഹായഹസ്തങ്ങൾ അവർക്ക് നീട്ടുന്നതിനും സാധിക്കണം.

## പരിസ്ഥിതിപരമായ മാനസാന്തരം

പരിസ്ഥിതി വിഷയം പൊതുസമൂഹത്തിൽ ഒരു ധാർമിക വിഷയമായി അവതരിപ്പിക്കാൻ സഭയ്ക്കു കഴിയണം. പരിസ്ഥിതി നാശത്താൽ അപഹരിക്കപ്പെടുന്ന ജീവനും പരിസ്ഥിതിയുടെപേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രവിഭാഗവും സഭയുടെ നൊമ്പരം മാത്രമാകരുത്, ഈ മേഖലകളിൽ സഭയുടെ പ്രവാചകസ്വരം ശക്തമാകണം. പരിസ്ഥിതി അവബോധം ഓരോ സഭാ വിശ്വാസിക്കും ഉണ്ടാകേണ്ടതും പരിസ്ഥിതി സൗഹാർദജീവിതം നയിക്കാൻ നിർദേശിക്കുകയും വേണം. പരിസ്ഥിതി സംരക്ഷണം എല്ലാവരുടേയും ഉത്തരവാദിത്വം കൂടിയാണ് എന്നുള്ള ചിന്ത ഏവരിലും ഉണ്ടാകണം.

**ജീവകാരുണ്യപ്രവർത്തനങ്ങളും ദാരിദ്ര്യ സേവനവും സഭയുടെ മുഖമുദ്രയാണ്. ഈ സത്യം വിസ്മരിച്ച് ചെയ്യുന്ന കാര്യങ്ങളെല്ലാം സുവിശേഷ വിരുദ്ധമാകും.**

## സംവാദത്തിന്റെ മേഖലകൾ

കേരള കത്തോലിക്കാസഭ ഇതര മതങ്ങളോടും സമുദായങ്ങളോടും എക്കാലവും ബഹുമാനവും ആദരവും പുലർത്തിയിട്ടുണ്ട്. ഇപ്പോഴും അപ്രകാരം തന്നെയാണ് നിലകൊള്ളുന്നത്. സാമൂഹിക ജീവിതത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളെക്കുറിച്ചു പഠിക്കാനും സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരുമിച്ചു പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും ഇതരസഭകളുമായുള്ള ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം. മറ്റുള്ള മതങ്ങളെ ബഹുമാനിക്കാനും സമൂഹത്തിന്റെ ശരിയായ പ്രവർത്തനങ്ങൾക്ക് സഹായം നൽകുവാനും ശ്രദ്ധിക്കണം.

## യുവജന ശുശ്രൂഷ

യുവജനങ്ങളാണ് സഭയുടെ സമ്പത്ത് എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സഭയോടും സമൂഹത്തോടും പ്രതിബദ്ധതയുള്ള യുവതലമുറയെ രൂപപ്പെടുത്താനും 'സഭ എന്റെ ഭവനം' എന്ന വികാരം യുവജനങ്ങളിൽ വളർത്താനും ആവശ്യമായ കർമപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സഭയിലെ യുവജന ശുശ്രൂഷാ മേഖലകൾ നവീകരിക്കപ്പെടണം. സഭയിലെ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന ആനുകാലിക പ്രശ്നങ്ങൾ കണ്ടെത്തുകയും അവയ്ക്ക് പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ അവരെ പ്രാപ്തരാക്കുകയും വേണം

## കേരളസഭാ നവീകരണ നടപടികൾ

കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളോടെ സർവതലസ്പർശിയായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. സംസ്ഥാന-രൂപത-ഇടവക-കുടുംബതലങ്ങളിൽ നവീകരണം സാധ്യമാകണം. സംസ്ഥാന തലത്തിൽ ഒരു കോർ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽ നിന്നും വികാരി ജനറാൾമാരുടെ നേതൃത്വത്തിലുള്ള പ്രതിനിധികൾ, സന്ന്യാസസഭകളുടെ മേജർ സുപ്പീരിയേഴ്സ്, അൽമായ സംഘടനാപ്രതിനിധികൾ, യുവജനപ്രതിനിധികൾ, കെ.സി.ബി.സി. കമ്മീഷൻ സെക്രട്ടറിമാർ, ഡയറക്ടർമാർ, പൗരപ്രമുഖപ്രതിനിധികൾ, മാധ്യമ പ്രവർത്തക പ്രതിനിധികൾ, കേരള കാത്തലിക് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി വ്യത്യസ്ത സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുകയുമുണ്ടായി. ഈ സമ്മേളനങ്ങളിലെ ചർച്ചകളുടെയും പഠനങ്ങളുടെയുമൊക്കെ വെളിച്ചത്തിൽ കേരളസഭാ നവീകരണത്തിനായുള്ള മാർഗരേഖ തയാറാക്കിയിട്ടുണ്ട്.

സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ് ടീമും ഒരു മോണിറ്ററിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഈ മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് രൂപതാ-ഇടവകതല നവീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. രൂപതാതല പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന റിസോഴ്സ് ടീം അംഗങ്ങൾക്കായി സംസ്ഥാനതലത്തിൽ പരിശീലനം ലഭ്യമാക്കും. സംസ്ഥാനതലത്തിലെന്നതുപോലെ, രൂപതാ-ഇടവകതലങ്ങളിലും നവീകരണത്തിനാവശ്യമായ നേതൃത്വം നൽകാൻ സമിതികൾ രൂപീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. അതതു രൂപതകളുടെ വികാരി ജനറാൾമാരുടെ നേതൃത്വത്തിലാണ് സമിതികൾക്ക് രൂപം കൊടുക്കേണ്ടത്. ഇടവകതലങ്ങളിലുള്ള സമിതികളുടെ രൂപീകരണം, ബോധവത്കരണം, ആസൂത്രണം, വിലയിരുത്തലുകൾ എന്നിവ പ്രസ്തുത സമിതിയുടെ നേതൃത്വത്തിലാണ് സംഘടിപ്പിക്കേണ്ടത്. ഇതര മതവിശ്വാസികളായ സഹോദരരുമായുള്ള ക്രൈസ്തവരുടെ ഹൃദ്യമായ സൗഹൃദം കൂടുതൽ ബലപ്പെടുന്നതിനും ഈ നവീകരണകാലം സഹായകരമാകും.



അഭിലാഷ് എം.കെ, കൗൺസിലർ, സൈക്കോളജിക്കൽ ട്രെയിനർ, ആലുവ



# ഏറെ

**കേരള കത്തോലിക്കാ സഭാനവീകരണ പദ്ധതികളെയും പ്രവർത്തനങ്ങളെയും പ്രതീക്ഷയോടെയാണ് സർവരും ഉറ്റുനോക്കുന്നത്. യുവസഹജമായ ധീരതയോടെയും ക്രിയാത്മകമായും പ്രവർത്തനനിരതയാകുവാൻ സഭ തന്റെ യുവശക്തിയെ കേൾക്കേണ്ടതുണ്ട്; ചേർത്തുനിർത്തേണ്ടതുണ്ട്.**

# പ്രതീക്ഷയുണ്ട്

കേരള കത്തോലിക്കാ സഭയുടെ നവീകരണ കാലഘട്ടമായാണ് 2022-2025 കാലഘട്ടത്തെ കെ.സി.ബി.സി. ആഹ്വാനം ചെയ്തിരിക്കുന്നത്. സമ്പൂർണ മേഖലകളിലും സമഗ്രമായ നവീകരണം സംഭവിക്കുന്നതിനുവേണ്ടി പ്രാർഥിക്കാം. കേരള സഭാനവീകരണവുമായി ബന്ധപ്പെട്ട് കെ.സി.ബി.സി. ഇറക്കിയിരിക്കുന്ന മാർഗരേഖയിലെ ഉള്ളടക്കം കണ്ടു. ഏറെ പ്രതീക്ഷ നൽകുന്നതാണിത്. മർമപ്രധാനമായ പന്ത്രണ്ടോളം മേഖലകളിൽ നടക്കേണ്ട കാതലായ നവീകരണത്തെ മുന്നിൽ കണ്ടുകൊണ്ടാണ് ഈ നവീകരണ കാലഘട്ടം പ്രവർത്തനസജ്ജമാകുന്നത്. ധീരമായ ഈ ചുവടുവയ്പ്പ് പരിശുദ്ധാത്മാവിന്റെ വ്യക്തമായ ഇടപെടലാണ് എന്നുള്ളതിൽ സംശയമില്ല.

'പൂർണമായും പ്രേഷിതയായ ഒരു സഭയെ ഞാൻ സ്വപ്നം കാണുന്നു' (ഫ്രാൻസിസ് പാപ്പ). കേരള കത്തോലിക്കാ സഭയിലെ വിശ്വാസ പരിശീലന മേഖലയും കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും മുറിഞ്ഞുകിടക്കുന്ന ബന്ധങ്ങളും ഈ നവീകരണ കാലഘട്ടത്തിൽ പുതുജന്മം പ്രാപിക്കണം. പാവങ്ങളോട് സഹാനുഭൂതിയോടെയുള്ള സമീപനവും ഭരണനിർവഹണ കാര്യങ്ങളിലുള്ള ലാളിത്യവും മനുഷ്യത്വപരമായ ഇടപെടലുകളും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നുണ്ട്. ഒരുപക്ഷേ, ഇത്തരം കാര്യങ്ങളുടെ അഭാവമായിരിക്കാം സഭാതനയരെ, പ്രത്യേകിച്ച് യുവജനങ്ങളെ സഭാമാതാവിന്റെ മടിത്തട്ടിൽ നിന്ന് ഓടിയകലാൻ പ്രേരിപ്പിക്കുന്നത്. ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം പോലെ എല്ലാവരെയും 'ശ്രവിക്കുന്നതിനുള്ള' സമയം കൂടിയാകട്ടെ ഈ കാലഘട്ടം.

മുൻകാലങ്ങളിൽ കേരള കത്തോലിക്ക സഭയ്ക്ക്, അതായത് നമുക്ക് സംഭവിച്ചിട്ടുള്ള ഇടർച്ചകൾക്കും വീഴ്ചകൾക്കും പരിഹാരം കാണുവാനും അലസമാർന്ന് തണുത്തുറഞ്ഞ സകലതിനെയും ചൂടുപിടിപ്പിക്കാനും ഈ കാലഘട്ടം സഹായകമാകട്ടെ. സഭയുടെ വിശുദ്ധിക്കും ആഴത്തിലും പരപ്പിലും ധീരതയോടെയുള്ള വളർച്ചയ്ക്കും ഈ നവീകരണ നടപടികൾ ഉപകാരപ്രദമാകും. പ്രത്യേകിച്ച് യുവജനങ്ങളെയും അവരുടെ പങ്കാളിത്തത്തെയും ഉറപ്പുവരുത്തി സഭയുടെ സമഗ്രമായ വളർച്ചയ്ക്കായി പദ്ധതികൾ പ്രാവർത്തികമാക്കുകയാണെങ്കിൽ ഉറപ്പായും നാളത്തെ കത്തോലിക്കാ സഭ കൂടുതൽ ധീരതയോടെ ലോകത്തിനു മുന്നിൽ ഉയർന്നു നിൽക്കും.

ആധുനിക വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ പ്രേഷിത ആഭിമുഖ്യമുള്ള പുതുതലമുറ രൂപപ്പെടുത്തുവാൻ നമുക്ക് ഈ നവീകരണ പ്രവർത്തനങ്ങളിൽ സജീവമാകാം. സഭയിലെ തന്റെ പങ്കാളിത്വത്തെക്കുറിച്ച് പലരും അജ്ഞരാണ്. വി. പോൾ ആറാമൻ മാർപാപ്പ 'നമ്മുടെ സഭ'യെന്ന ചാക്രിക ലേഖനത്തിൽ പറയുന്നത് ഇതാണ്: "നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം തിരുസഭ എന്താണെന്ന് അറിയുകയാണ് അഥവാ തിരുസഭയിൽ നാം ആരാണെന്ന് ബോധമുണ്ടാവുകയാണ്. ഈ ആത്മാവബോധത്തിൽ നിന്നുവേണം യഥാർഥമായ നവീകരണം ഉരുത്തിരിയുവാൻ."

യുവജനങ്ങൾ എന്നനിലയിൽ ഈ സഭാനവീകരണത്തെ കാണുമ്പോൾ, നിരവധി കാര്യങ്ങൾ ഞങ്ങൾക്ക് പങ്കുവയ്ക്കാനുണ്ട്.

വ്യക്തികളുടെയും കൂട്ടായ്മകളുടെയും സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും സമഗ്രമായ നവീകരണമാണ് നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. സഭയിലെ യുവജനങ്ങൾ ഉൾപ്പെടെയുള്ള ബഹുഭൂരിപക്ഷം വിശ്വാസികളും ആഗ്രഹിക്കുന്നതും സ്വപ്നം കാണുന്നതും സഭയുടെ എല്ലാ പ്രവർത്തന മേഖലകളും ഏറെ സുതാര്യവും സത്യസന്ധവും ആകണമെന്നും സർവോപരി, ക്രിസ്തു കേന്ദ്രീകൃതമാകണം എന്നതുമാണ്. ചുരുക്കത്തിൽ കത്തോലിക്കാ സഭ കൂടുതൽ യുവത്വമാർന്ന് ഉണർന്ന് പ്രശോഭിക്കട്ടെയെന്ന് ആഗ്രഹിക്കുന്നു; പ്രാർഥിക്കുന്നു.

കത്തോലിക്ക സഭയ്ക്ക് ഈ ലോകത്തിൽ ചെയ്യാൻ സാധിക്കാത്തതായി എന്തെങ്കിലുമുണ്ടോ? ഇത്രയും ശക്തമായ അടിത്തറയുള്ളതും പ്രവർത്തനങ്ങൾക്കും ഭരണനിർവഹണത്തിനും ഇത്രയും ബൃഹത്തായ സംവിധാനവുമുള്ള മറ്റേത് മേഖലയാണ് ഇന്നീ ലോകത്തിലുള്ളത്. എല്ലാറ്റിലുമുപരി സർവവും സാധ്യമാക്കുന്ന ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്ന കത്തോലിക്കാ സഭ ഈ മൂന്നുവർഷ നവീകരണ കാലഘട്ടം ദൈവം നൽകിയ അസുലഭ അവസരമായി കാണുകയും ഈ വലിയ സ്വപ്നസാക്ഷാത്കാരത്തിനായി സകലരും ഒരേ മനസ്സോടെ കൈകോർക്കുകയും ചെയ്യട്ടെ.







നിഖിൽ തച്ചുപറമ്പിൽ cminikhil@gmail.com

# ധനേഷ് നീയെത്ര ധന്യൻ

ദുഃഖങ്ങൾ ദുരീകരിച്ച് സാന്ത്വനം നൽകുന്നതും ഇടറുന്ന മനസ്സുകളുടെ ചോദ്യങ്ങൾക്കുള്ള ഉത്തരമായും മനുഷ്യ മനസ്സിനെ തൊട്ടുതലോടി ധൈര്യപ്പെടുത്തുന്നതുമായ സക്രാരിയിലേക്ക്, മുഖമുയർത്തി മനമുയർത്തി പ്രാർഥിക്കുവാൻ ഒരു ക്ഷണം.

ചാലക്കുടി ഫൊറോന പള്ളിയുടെ നിത്യാരാധന ചാപ്പലിനകത്തും പുറത്തുമായിട്ടാണ് ഞാൻ ധനേഷിനെ ആദ്യമായി കാണുന്നത്. ഏകദേശം 23 വയസ്സ് പ്രായം. വളരെ സൗമ്യൻ. എല്ലാവരോടും സ്നേഹപൂർവം ഇടപഴകുന്ന വ്യക്തിത്വമായി ആദ്യകാഴ്ചയിൽതന്നെ എനിക്ക് വ്യക്തമായി. ജോലി ചെയ്തനാളുകളിൽ രാവിലെയും വൈകിട്ടുമുള്ള നിത്യാരാധനകേന്ദ്ര സന്ദർശനത്തിൽ പലപ്പോഴായി ധനേഷിനെ ഞാൻ കാണുന്നുണ്ടായിരുന്നു. മണിക്കൂറുകളോളം ചാപ്പലിനകത്തിരിക്കുന്ന ധനേഷിന്റെ ആധ്യാത്മികത എന്നെ ആകർഷിച്ചു. ചാപ്പലിൽ നിന്നിറങ്ങിയാൽ ഈശോയുടെ മലയിലെ പ്രസംഗം പോലെ 10,15 യുവതീ യുവാക്കൾ ധനേഷിന്റെ ചുറ്റും നിന്ന് ഇദ്ദേഹം പറയുന്നത് ശ്രവിക്കുന്നതുകൂടി കണ്ടതോടെ ഇദ്ദേഹത്തെ ഒന്നു പരിചയപ്പെടണമെന്ന ആഗ്രഹം എന്റെയുള്ളിൽ വർധിച്ചു. ഈശോയെ കൂടുതൽ സ്നേഹിക്കുവാൻ ഒരു യുവാവ് നടത്തുന്ന പരിശ്രമമായിട്ടാണ് അതെനിക്ക് തോന്നിയത്. പിന്നീട് ഒരു ദിവസം ധനേഷിന്റെ അടുത്തുചെന്ന് ഞാൻ പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ വളരെ പ്രത്യേകത നിറഞ്ഞ ആത്മീയതയെ കുറിച്ചാണ് എന്റെ ഉള്ളിലെ ജിജ്ഞാസ. എങ്ങനെ മണിക്കൂറുകൾ ഈശോയുടെ മുന്നിലിരിക്കുന്നു. പുറത്തിറങ്ങിയാൽ ചുറ്റും കൂടുന്ന യുവജനകൂട്ടം ആരാണ് ?! പതുക്കെ പതുക്കെ ചോദ്യങ്ങൾ ഒരോന്നായി ഞാൻ ചോദിച്ചു.. എന്റെ മനസ്സറിഞ്ഞിട്ടാകണം ഞാൻ ആഗ്രഹിച്ചതെല്ലാം ധനേഷ് പറഞ്ഞു.

മറ്റൊരു മതത്തിലാണ് ധനേഷ് ജനിച്ചത്. കൂലിപ്പണിക്കാരായ അച്ഛനും അമ്മയ്ക്കും ഒറ്റമകൻ. 5-ാംക്ലാസ്സിൽ പഠിക്കുമ്പോൾ ക്യാൻസർ രോഗം ബാധിച്ച് അച്ഛൻ മരിച്ചു. 9-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഒരു ആക്സിഡന്റിൽ അമ്മയും. ബന്ധുക്കളും മറ്റും ഈ ഘട്ടത്തിൽ കൈയൊഴിഞ്ഞു. പതിനാലാം വയസ്സിൽ അനാഥനായ ധനേഷ് എന്ന പയ്യൻ വൈകുന്നേരങ്ങളിൽ റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിൽ ചായ വിറ്റും പകൽ സമയങ്ങളിൽ സ്കൂളിൽ പോയും ദിവസങ്ങൾ ചെലവഴിച്ചു. ഒരൊറ്റ നിമിഷത്തിൽ അനാഥനായ ധനേഷിന്റെ ജീവിതത്തിന്റെ സങ്കടം ആ മുഖത്ത് നിന്ന് വായിച്ചെടുക്കാമായിരുന്നു. ഏതോ ഒരു ബസ്സ് യാത്രയിൽ ഒരു അപരിചിതനുമായുള്ള വർത്തമാനം ധനേഷിന്റെ ജീവിതത്തിന്റെ സങ്കടങ്ങളെ മാറ്റിമറിക്കു




ന്നതായിരുന്നു. ജീവിതത്തിന്റെ അനാഥത്വവും സങ്കടങ്ങളും ഒറ്റപ്പെടലുകളും ധനേഷ് വെളിപ്പെടുത്തിയപ്പോൾ ആ അപരിചിതൻ ധനേഷിനോട് പറഞ്ഞതാണ് അവൻ ഇന്നും ശീലിക്കുന്നത്. സങ്കടം വരുമ്പോൾ ഏതെങ്കിലും ഇടവക പള്ളിയിൽ കയറി സക്രാരിയിൽ നോക്കിയിരിക്കണം!

സക്രാരി എന്ന വാക്കൊന്നും ധനേഷിനറിയുമായിരുന്നില്ല. പക്ഷേ, അടുത്തൊരു ഇടവക പള്ളിയുണ്ടെന്നറിയാം. പതുക്കെ പതുക്കെ ഈശോയുടെ മുന്നിലുള്ള ഇരിപ്പ് അവന് ഹൃദയത്തിനും മനസ്സിനും ആശ്വാസമായി മാറിതുടങ്ങി. അത് ആത്മീയ അനുഭവത്തിന്റെ തലത്തിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. ജീവിതത്തെ ഈശോയുടെ കൂടെ അവൻ ആഘോഷിച്ചു. സ്വന്തമായി അധ്വാനിച്ച് PG പഠനം പൂർത്തിയാക്കി, ആലുവായിൽ ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന സമയത്താണ് ഞാൻ സംസാരിക്കുന്നതും പരിചയപ്പെടുന്നതും.

അപ്പോൾ ആരാധന കേന്ദ്രത്തിന്റെമുന്നിൽ കാണുന്ന യുവജനങ്ങളോ? ഞാൻ ചോദിച്ചു. എന്നോട് പറഞ്ഞ ഉത്തരം കേട്ട് ഞാനതിശയിച്ചു. ജീവിതത്തിന്റെ വഴിയാത്രയിൽ മദ്യപാനത്തിനും ലഹരിക്കും ആത്മഹത്യപ്രവണതക്കും അടിപ്പെട്ടവരെ കണ്ടുപിടിച്ച് ഈശോയുമായി ബന്ധിപ്പിക്കുകയാണ് ധനേഷ് ചെയ്യുന്നത്! പല സമയങ്ങളിലായി 100-ൽ കൂടുതൽ യുവജനങ്ങളെ ധനേഷിന്റെ കൂടെ ഞാൻ കണ്ടിട്ടുണ്ട്.

ഈശോയുടെ മുന്നിലിരുന്ന് ആത്മീയത രൂപപ്പെടുത്താൻ എന്നെ പ്രചോദിപ്പിച്ച ധനേഷ് എന്ന സുഹൃത്ത് ഇപ്പോൾ എവിടെയാണെന്ന് എനിക്കറിയില്ല, പക്ഷേ ഒരു കാര്യം ഉറപ്പാണ് ഈശോയുടെ മുന്നിലിരുത്തി ജീവിതത്തിന്റെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുന്ന 'ഒരു കിടിലൻ ആശ്വസിപ്പിക്കൽ' പ്രക്രിയ ധനേഷ് തുടരുന്നുണ്ടായിരിക്കും.

സങ്കടങ്ങളുടെ കടൽ ഹൃദയത്തിൽ കൊണ്ടു നടക്കുന്നവരല്ലേ നമ്മളെല്ലാം. ഈശോയുടെ മുന്നിൽ കുറച്ചധികനേരം ചെലവഴിച്ച് പ്രക്ഷുബ്ധമായ കടൽ ശാന്തമാക്കാൻ ഈശോയോട് പറയാനുള്ള ഒരു ചിന്ത നമുക്ക് രൂപപ്പെടുത്തിയാൽ എന്തു വർണഭംഗിയായിരിക്കും നമ്മുടെ ജീവിതത്തിന്!



യുവ / മൈസ്റ്റോറി



അബി കാഞ്ഞിരപ്പാറ, തൊടുപുഴ

# എന്തുകൊണ്ട്

വാട്ട്സ്ആപ്പിൽ വന്ന ഒരു മെസ്സേജ് കണ്ടു ചെന്നതാണ്. അകത്തു കയറിയപ്പോൾ കുറച്ച് സ്കൂൾ കുട്ടികൾ നിൽപ്പുണ്ട്. ഒരു 20-22 വയസ്സ് തോന്നിക്കുന്ന ഒരു പെൺകുട്ടി വിഷയം വിശദീകരിക്കുകയാണ്. എന്നെ കണ്ടപ്പോൾ ഒരു ചോദ്യം. ചേട്ടാ, ഒരു കുഞ്ഞ് എപ്പോഴാണുണ്ടാകുന്നത്..?

പിന്നെ അങ്ങോട്ട് ഏതാണ്ട് ഒരു മണിക്കൂർ. ജനഗണനമന സിനിമയിലെ സെക്കൻഡ് ഹാഫിൽ പൃഥ്വിരാജിന്റെ അരവിന്ദ് സ്വാമിനാഥൻ നൽകിയ പഞ്ചിനെ കടത്തിവെട്ടിയ, 'അതിഗംഭീരം' എന്ന് ഒറ്റവാക്കിൽ വിശേഷിപ്പിക്കാവുന്ന ഉഗ്രൻ വിശദീകരണങ്ങളായിരുന്നു ആ ഒരു മണിക്കൂർ. വെറും 22 വയസ്സുള്ള പെൺകുട്ടി സ്കൂൾ കോളേജ് കുട്ടികൾ ഉൾപ്പടെ നിൽക്കുന്ന സമൂഹത്തിനോട് ഒരു മടിയും കൂടാതെ വിളിച്ചുപറഞ്ഞ കാര്യങ്ങൾ കേട്ടപ്പോൾ ആദ്യം ലജ്ജയും പിന്നെ അഭിമാനവും തോന്നി. ഏഴു വർഷം വേദപാഠ അധ്യാപകനായിരുന്ന എന്നെ എടുത്ത് കിണറ്റിലിടണമെന്നുവരെ തോന്നിപ്പോയി.

മൈനറായിട്ടുള്ള പെൺകുട്ടികളിൽ ഗർഭധാരണം കൂടുന്നുവെന്ന ആശങ്കയിൽ ലൈംഗിക വിദ്യാഭ്യാസം സിലബസിന്റെ ഭാഗമാക്കണമെന്ന് ഹൈക്കോടതി നിർദേശിച്ചത് ഈയടുത്താണ്. കോവിഡ് സമയത്ത് ഓൺലൈൻ ക്ലാസ്സിനായി കുട്ടികൾക്ക് സ്മാർട്ട്ഫോൺ ലഭ്യമായതും, നീലചിത്രങ്ങൾ കാണുന്നവരുടെ എണ്ണം കൂടിയതും അതിന്റെ ഗൗരവമായ പ്രശ്നങ്ങളും കോടതി ചൂണ്ടിക്കാട്ടി. പക്ഷേ, ഈ വിഷയം അഡ്രസ്സ് ചെയ്യാൻ ഇന്നും നമ്മുടെ മാതാപിതാക്കളോ വിദ്യാഭ്യാസ സ്ഥാപനങ്ങളോ ധൈര്യപ്പെട്ടിട്ടില്ല.

പെൺകുട്ടിയുടെ വിശദീകരണങ്ങൾ തുടരുകയാണ്; ഒരുവേള തല മരവിക്കുന്നതുപോലെ തോന്നിപ്പോയി. അബോർഷൻ ചെയ്യുന്നതിലെ ക്രൂരത വ്യക്തമാക്കി എക്സിബിഷനെപ്പറ്റി പറഞ്ഞുതുടങ്ങി; പോർണോഗ്രാഫി, സ്വയംഭോഗം എന്നിവയിലെ പ്രശ്നങ്ങൾ കടന്നു പ്രീമാരിറ്റൽ സെക്സ് എന്ന വിഷയത്തിലെത്തി. അതിലെ ഞെട്ടിപ്പിക്കുന്ന പ്രശ്നങ്ങൾ വിശദമായി അവതരിപ്പിച്ചു. പിന്നെ, ജനന നിയന്ത്രണം എന്ന് നമ്മളെ പറഞ്ഞ് പഠിപ്പിച്ച (പറ്റിച്ച) കാര്യങ്ങളിലെ പൊള്ളത്തരങ്ങൾ വിശദീകരിച്ചു. Pride Month എന്നുപറഞ്ഞു നടത്തിയ പ്രഹസനങ്ങളുടെ അടിസ്ഥാന കാരണമായ LGBTQ+, Homosexuality തുടങ്ങിയ വിഷയങ്ങളെ കുറിച്ചൊക്കെ എത്ര തന്മയത്തത്തോടു കൂടിയാണ് പെൺകുട്ടി വിശദീകരിച്ചത്.

മദ്യം മുതൽ സിന്തറ്റിക് ഡ്രഗ്സ് വരെ നശിപ്പിക്കുന്ന നമ്മുടെ തലമുറയുടെ നേർചിത്രം അവതരിപ്പിച്ചു. ഹെറോയിൻ എന്ന ലഹരി മരുന്ന് ഉപയോഗിക്കുന്നത് തലച്ചോറിനെ സാരമായി ബാധിക്കുമെന്ന് എല്ലാവർക്കുമറിയാം. പോൺ വീഡിയോ കാണുന്ന ഒരാളിൽ ഹെറോയിൻ ഉപയോഗിക്കുന്നതിനേക്കാൾ ഏറെ മാരകമായ അഡിക്ഷനിലേക്ക് നയിക്കുന്ന പ്രശ്നങ്ങളാണ് സംഭവിക്കുക. കടുത്ത അഡിക്ഷൻ പിന്നെ ലൈംഗിക അരാജകത്വത്തിലേക്ക് നയിക്കും. വ്യക്തിയുടെ നാശം കുടുംബത്തിന്റെ നാശമായും കുടുംബങ്ങളുടെ നാശം സമൂഹത്തിന്റെ നാശമായും സമൂഹങ്ങളുടെ നാശം ലോകത്തിന്റെ ഘടനയെത്തന്നെ നശിപ്പിക്കുന്ന ഒന്നായി മാറുമെന്നും വ്യക്തമാക്കി. ആരുമറിയാതെ ഒറ്റയ്ക്ക് കാണുന്ന ഈ വീഡിയോകൾ നമ്മെ നശിപ്പിക്കുന്നുണ്ടെന്നുള്ള സത്യം വിളിച്ചു പറയാൻ കാണിച്ച ധീരത എത്ര പ്രശംസിച്ചാലും മതിയാവില്ല.

നമ്മൾ പറയാൻ മടിക്കുന്ന കാര്യങ്ങൾ ഒരു ലജ്ജയും കൂടാതെ അവതരിപ്പിച്ച ഒരു ധീരയായ ഇരുപത്തിരണ്ടുകാരി. അവളും അവളുടെ കൂടെയുള്ള യുവജനങ്ങളും അക്കാര്യങ്ങൾക്കായി ഇൻഫർമേഷൻസ് കളക്ട് ചെയ്യുകയും അതൊക്കെ വച്ചുകൊണ്ട് വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഭരണങ്ങാനം സെ. മേരീസ് ഫെറോന പള്ളിയിൽ 'ഏദൻ' എന്ന പേരിൽ ഒരു എക്സിബിഷൻ സംഘടിപ്പിക്കുകയുമായിരുന്നു. ജീവനെ സംരക്ഷിക്കണമെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് നമ്മുടെ മുന്നിൽവന്ന് എക്സിബിഷൻ കാണുവാൻ പ്രചോദിപ്പിക്കുന്ന ഈ ചുണക്കുട്ടികൾ ശരിക്കും ഒരത്ഭുതം തന്നെ. ആ കുട്ടികളുടെ വിശദീകരണങ്ങൾ ജനങ്ങൾക്ക് പുത്തൻ അറിവുകളും ബോധ്യങ്ങളും പകർന്നു നൽകുന്നതാണ്. അവരുടെ അർപ്പണ മനോഭാവവും പാടവവും നമ്മുടെ എല്ലാ ധാരണകളെയും കീഴ്മേൽ മറിക്കുന്നതായിരുന്നു. ഒന്നുമില്ലെങ്കിലും ഇവരുടെ ആത്മാർഥതയ്ക്ക് മുൻപിൽ നമ്മൾ അറിയാതെ ശിരസ്സു നമിക്കും.

ജീവനെക്കുറിച്ചും ജീവിതത്തിന്റെ മഹത്വത്തെക്കുറിച്ചും നമ്മൾ അഭിമാനപൂരിതരാകും. എന്തായിരിക്കും ഈ ചെറുപ്പക്കാരുടെ ധീരമായ ഇത്തരം പ്രവൃത്തികൾക്ക് പിന്നിലെ പ്രേരക ശക്തി?! ജീവന്റെ മൂല്യത്തെക്കുറിച്ചും തിന്മയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഇവർ വാചാലരാകുന്നത് എന്തുകൊണ്ടാണ്?! ബുദ്ധിയുള്ളവർ ചിന്തിക്കേണ്ട കാര്യം തന്നെയാണ് ഇത്.

# ഈ ചെറുപ്പക്കാർ ?!



Photo by Rendy Novantino on Unsplash



ദീപ തോമസ്, കാനഡ

# ഒന്നാം സ്ഥാനം

**ജീവിതത്തിന്റെ പ്രതിസന്ധികളിലും രോഗത്തിലുമാണ് ക്രിസ്തുവിനെ അനുഭവിക്കാൻ സാധിക്കൂ എന്നൊരു ധാരണ പലരും വച്ചുപുലർത്തുന്നത് കണ്ടിട്ടുണ്ട്.**

ജീവിതത്തിലെ ക്രിസ്തു അനുഭവം! സംഗതി കേൾക്കുമ്പോൾ നമുക്ക് അതിശയകരമായി തോന്നാം. ഇതെല്ലാം അസാധാരണമാണെന്നും ഒരു സാധാരണ വിശ്വാസിക്ക് ഇത്തരം അനുഭവങ്ങൾ വിദൂരത്താണെന്നുമുള്ള ചിന്തകൾ പലരുടെയും മനസ്സിൽ ഉണ്ടാകാം. ഈ ചിന്ത മാറുന്നത് നമ്മുടെ തിരിച്ചറിവുകളിലൂടെയാണ്. നമുക്കുമുമ്പിൽ വരുന്ന ഓരോ നിമിഷവും ക്രിസ്തു നൽകുന്ന അനുഭവങ്ങളാണെന്നുള്ളതാണ് സത്യം. ഇത്തരം അനുഭവം പങ്കുവയ്ക്കണമെന്ന് ആഗ്രഹിച്ചപ്പോൾ അനുഭവങ്ങളുടെ കുത്തൊഴുക്കായിരുന്നു മനസ്സു നിറയെ. ഇതിനിടയിലെല്ലാം ഞാൻ തിരഞ്ഞ മുഖം ക്രിസ്തുവിന്റേതായിരുന്നു. അവനില്ലാതെ ഒന്നും പൂർണമാകില്ലല്ലോ.



ഒരുപാട് അനുഭവങ്ങളിലൂടെ ജീവിതം മെനയുന്നവരാണ് ഓരോ മനുഷ്യരും. ഇതിനിടയിൽ വ്യത്യസ്ത അനുഭവങ്ങളുമായി പലയാളുകളും നമ്മുടെ ജീവിതത്തിലേക്ക് കടന്നുവന്നിട്ടുണ്ടാകും. ഒന്നോർത്താൽ അതെല്ലാം ദൈവകരങ്ങളായിരുന്നു എന്നുവേണം പറയാൻ. കുഞ്ഞുനാൾ മുതൽതന്നെ മനസ്സിനെ ആശ്ചര്യപ്പെടുത്തിയതുമായ ഒരു ചോദ്യമായിരുന്നു, ക്രിസ്തുവിനെ ആർക്കെങ്കിലും അനുഭവിക്കാൻ കഴിയുമോ എന്നുള്ളത്. മാതൃത്വത്തിന്റെ അമിതമായ സ്നേഹവും കാർക്കശ്യത്തിന്റെ രൂപത്തിൽ കരുതലും വാൽസല്യവുമായി പിതാവും അനുഭവമായപ്പോഴും അതെല്ലാം ദൈവാനുഭവമാണെന്ന് എനിക്ക് മനസ്സിലായിട്ടുണ്ടായിരുന്നില്ല. സഹോദരങ്ങളും കൂട്ടുകാരും നാവിൽ അവനെ സ്വീകരിക്കുമ്പോൾ കൊതിയോടെ അനുഭവത്തിനായി കാത്തിരുന്നിട്ടുണ്ട്.

ജീവിതത്തിലെ ഉയർച്ച താഴ്ചകളിലും സന്തോഷത്തിലും സങ്കടത്തിലുമെല്ലാം എനിക്കുചുറ്റും താങ്ങായി ഒരുപാട് പേരുണ്ടായിരുന്നു. മതബോധന വിദ്യാർഥിയിൽ നിന്ന് മതാധ്യാപികയായി കുഞ്ഞുങ്ങൾക്ക് ക്രിസ്തുവിനെ പകർന്നു കൊടുക്കുകയും, യുവജന കൂട്ടായ്മയിലൂടെ ക്രിസ്തുവിനെ പ്രഘോഷിക്കുകയും ചെയ്യുമ്പോഴെല്ലാം ഞാനറിയാതെതന്നെ അവനെ അനുഭവിക്കുകയായിരുന്നു. ജീവിതത്തിന്റെ പ്രതിസന്ധികളിലും രോഗത്തിലുമാണ് ക്രിസ്തുവിനെ അനുഭവിക്കാൻ സാധിക്കൂ എന്നൊരു വലിയ തെറ്റിദ്ധാരണ പലരും വച്ചുപുലർത്തുന്നത് കണ്ടിട്ടുണ്ട്. തികച്ചും



ഭോഷത്തരമായിട്ടാണ് തോന്നിയിട്ടുള്ളത്. പക്ഷേ, എന്റെ ജീവിതത്തിൽ ഞാനനുഭവിച്ച, അല്ല തിരിച്ചറിഞ്ഞ ഒരു ക്രിസ്തുവുണ്ട്. ഞാൻ ഇതെഴുതുമ്പോൾ 'അവൻ' എന്ന് വിളിച്ചുകൊണ്ട് സംബോധന ചെയ്യാൻ മാത്രം സ്വാതന്ത്ര്യം നൽകിയ ദൈവം. അപ്പനായും അമ്മയായും നമ്മെ സ്നേഹിച്ചതും ലാളിച്ചതും ശകാരിച്ചതുമെല്ലാം അവനായിരുന്നു. ഈശോയെ പകർന്നുകൊടുക്കാൻ ഞാൻ കുഞ്ഞുങ്ങൾക്കു മുമ്പിൽ നിന്നപ്പോഴും എന്റെ നല്ല ശ്രോതാവ് അവനായിരുന്നു, കൂട്ടുകാർക്കൊപ്പം ആടിയപ്പോഴും പാടിയപ്പോഴും എന്റെ കരം കോർത്തുപിടിച്ചത് അവന്റെ കരങ്ങൾ തന്നെയായിരുന്നു. ജീവിതത്തിൽ പിൻതിരിഞ്ഞു നോക്കിയാൽ ക്രിസ്തു കൂടെ ഉണ്ടായിരുന്നില്ല എന്നു ഞാൻ പരാതി പറഞ്ഞ ഇടങ്ങളിലെല്ലാം അവന്റെ തോളിലേറിയായിരുന്നു യാത്ര. അനുഗ്രഹങ്ങൾക്കിടയിൽ ജീവിക്കുമ്പോഴും പരാതികളുടെ മാറാപ്പും തൂക്കിയാണ് ഞാൻ നടന്നിരുന്നത്. അപ്പോഴും അവനെന്നോട് കാതിൽ മന്ത്രിക്കുന്നുണ്ടായിരുന്നു, ഞാൻ നിന്റെ കൂടെയുണ്ടെന്നും നീയെന്റെ സ്വന്തമെന്നും.

ഒരു കൊച്ചു ജീവിതാനുഭവം ഇവിടെ സാക്ഷ്യപ്പെടുത്താം എന്നു കരുതുന്നു. വായനക്കാർക്ക് ഇതൊരുപക്ഷേ വായിച്ചു മറന്ന അനേകം സാക്ഷ്യങ്ങളിൽ ഒന്നു മാത്രമായിരിക്കും. എന്നാൽ, എനിക്കിത് അവനെന്റെ കൂടെയുണ്ട് എന്നതിന്റെ വലിയ അനുഭവമായിരുന്നു. വിദേശത്ത് പോകുവാനുള്ള പരീക്ഷ എഴുതിയതിൽ ഒരു വിഭാഗം എന്നെ വല്ലാതെ പ്രയാസപ്പെടുത്തിയിരുന്നു. ഒരു തരത്തിലും അത് പാസാകുമെന്നു കരുതിയതല്ല. പിന്നെ എല്ലാവരെയും പോലെ അവന്റെ സന്നിധിയിൽ പ്രാർഥനയ്ക്കായെത്തി. ആദ്യമൊക്കെ അലസമായ പ്രാർഥനയായിരുന്നു. മനസ്സിലുള്ള യുക്തിബോധം നിഷ്കളങ്കമായ പ്രാർഥനയെ ചോദ്യം ചെയ്യും. പരാജയപ്പെടുമെന്നുറപ്പുള്ള കാര്യങ്ങളിൽ ദൈവത്തെ ആശ്രയിക്കുന്നതിനെ. പോയ വർഷത്തിലെ ദുഃഖവെള്ളി ദിനത്തിൽ ആയിരുന്നു ഫലം വന്നത്. ഇന്നേവരെയുള്ള ജീവിതത്തിൽ അവനോടു ഞാൻ ഇത്ര മനോഹരമായും ആഴത്തിലും പ്രാർഥിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ സംശയമാണ്. ഇക്കഴിഞ്ഞ പെസഹാ വ്യാഴാഴ്ചയിലെ ദിവ്യകാരുണ്യ ആരാധനയിൽ ഞാൻ അവനുമായി ഒരു സ്നേഹസംഭാഷണം തന്നെ നടത്തി. എന്റെ ആഗ്രഹങ്ങളുടെയും സന്തോഷത്തിന്റെയും സങ്കടങ്ങളുടെയും എല്ലാമിടയിൽ അവന്റെ ഹിതം എന്താണോ അത് നിറവേറട്ടെയെന്ന്, ദുഃഖവെള്ളി എനിക്കൊരു ആനന്ദത്തിന്റെ വെള്ളിയാക്കി തീർക്കണമേയെന്ന്.

IELTS നല്ലരീതിയിൽ ചെയ്യണമെന്ന ആഗ്രഹത്തോടെയാണ് തുടങ്ങിയത്. ആദ്യ പരിശ്രമത്തിൽ തന്നെ നല്ല വിജയമുണ്ടെങ്കിൽ മാത്രം തുടർനടപടികൾക്കും വിദേശ യാത്രയ്ക്കും തുനിഞ്ഞാൽ മതിയല്ലോ, ഇല്ലെങ്കിൽ ദൈവഹിതമല്ലായെന്ന് മനസ്സിലാക്കുകയുമാവാം എന്നാണ് എന്റെയുള്ളിൽ തോന്നിയത്. ഞാനിവിടെയെത്തിയിട്ട് ആറുമാസത്തോളമായി. ജോലിയൊക്കെയുണ്ട്, നാട്ടിലുണ്ടായിരുന്നത് പോലെത്തന്നെ ആത്മീയ കാര്യങ്ങളുമൊക്കെയായി സന്തോഷത്തോടെ പോകുന്നു. ദൈവവുമായിട്ടുള്ള ബന്ധം വിട്ടുപോകാതെ തുടർന്ന് പോകാനും ആവുന്നുണ്ട്.

ഇന്ന് ദൂരെയുള്ള നാട്ടിൽ നിന്നും ചിട്ടയില്ലാത്ത ഈ വരികൾ എഴുതുമ്പോൾ ഇതിന്റെ പിന്നിലെനിക്കുള്ള പ്രേരണയും പ്രോത്സാഹനവും അവൻ തന്നെയായിരുന്നു. അവൻ അന്ന് സമ്മാനിച്ച വിജയമായിരുന്നു, എന്റെ ജീവിതത്തിൽ ഞാൻ ഏറെ സന്തോഷിച്ച ആ ദുഃഖവെള്ളി.

ജീവിതത്തിൽ ക്രിസ്തുവിന് സ്ഥാനം നൽകിയാൽ അവനെ നമുക്ക് തീർച്ചയായും അനുഭവിക്കാൻ കഴിയും. അപരന്റെ കണ്ണിലൂടെ നോക്കിയാൽ നിസ്സാരമാണെന്ന് തോന്നുന്ന നമ്മുടെ പല കാര്യങ്ങളുടെ നിലയും വിലയും എത്ര മഹത്തരമാണെന്ന് ക്രിസ്തുതന്നെ നമുക്ക് പറഞ്ഞു തരും. അതിലൂടെ ക്രിസ്തുവിനെ അടുത്തറിയാനും അനുഭവിക്കാനും നമുക്കിടയാകട്ടെ.

Photo: Mebin Antony \ Models: Cilu & Sebin



സി. ജെസ്സി വട്ടക്കാട്ട് FSSH

# കേരളം മാരാരിക്കുളത്തേക്ക്

കേരളത്തിലെ ഇടവക പള്ളികളിൽ യുവജനങ്ങൾ കൂടുതൽ തീക്ഷ്ണതയോടെ ഒരുമിച്ചു കൂടാനും പ്രാർഥിക്കാനും ഇടവക മുഴുവൻ പുളിമാവായി പടരാനുമായി ഒരു ആവേശക്കുതിപ്പിനൊരുങ്ങുകയാണ് ജീസസ് യൂത്ത് പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ.

ഇക്കഴിഞ്ഞ ജൂൺ 26 ഞായറാഴ്ച, 'കേരളം മാരാരിക്കുളത്തേക്ക്' എന്ന ഉഗ്രൻ തലക്കെട്ടിൽ ചൂടേറിയ കാൽവയ്പ്പോടുകൂടിയാണ് കോട്ടയംസോൺ ജീസസ് യൂത്തിന്റെ കൂടെ മാരാരിക്കുളത്തേക്ക് ഞാനെത്തുന്നത്. ജീസസ് യൂത്തിന്റെ കൂടെയുള്ള യാത്രയിലെ എന്റെ ആദ്യത്തെ ഔട്ട്റീച്ച് കൂടിയായിരുന്നു. സുവിശേഷ പ്രഘോഷണത്തിനായി ഇങ്ങനെയുള്ള യുവജനങ്ങളുടെ കൂടെ കൂടുമ്പോൾ കിട്ടുന്ന പുത്തൻ തീക്ഷ്ണതയും ആവേശകരമായ അനുഭവങ്ങളും അവർണനീയമാണ്. വളരെ അത്ഭുതത്തോടും ആകാംക്ഷയോടും കൂടിയാണ് ഞാൻ കടന്നു വരുന്നത്. ഔട്ട്റീച്ചിനു വേണ്ടി ശനിയാഴ്ച രാത്രി 9:00 മണിയോടെതന്നെ എത്തിച്ചേർന്നു. വട്ടം കൂടിയിരുന്ന് മീൻചാറു കൂട്ടി കപ്പയും കഴിച്ചു. അങ്ങനെ അത്താഴം കഴിഞ്ഞു എവിടെ കിടക്കും എന്നതിനെക്കുറിച്ച് ചിന്തിച്ചിരിക്കുമ്പോഴാണ് ഒരു സഹോദരൻ 'ഹോംസ്റ്റേ' ആയി താമസിക്കുന്നതിന് അവസരം ഒരുക്കിയത്. വളരെ നല്ല ഒരു കുടുംബാന്തരീക്ഷമായിരുന്നു. സുഖമായി ഉറങ്ങി. എന്റെ കൂടെ നവ്യ സിസ്റ്ററും ഉണ്ടായിരുന്നു. പിറ്റേദിവസം വെടിക്കെട്ടിന്റെയും ചെണ്ടമേളത്തിന്റെയും സ്വരം കേട്ടാണ് ഞങ്ങൾ ഉണരുന്നത്. പെട്ടെന്നുതന്നെ ഞങ്ങൾ രണ്ടുപേരും ഫ്രഷായി ആറരയ്ക്കുള്ള വി. കുർബാനക്ക് ഒരുങ്ങിവന്നു. വി. കുർബാനയും പ്രസംഗവും വളരെ മനോഹരവും ഹൃദയസ്പർശിയുമായിരുന്നു.




വി. കുർബാനയ്ക്കുശേഷം രജിസ്ട്രേഷനും ബ്രേക്ക്ഫാസ്റ്റും കഴിഞ്ഞ് ഹാളിൽ കയറി. പ്രാർഥന കഴിഞ്ഞ് നിർദേശങ്ങൾ ലഭിച്ചു. പിന്നീട് 3 പേരുള്ള ഗ്രൂപ്പുകളായി ഭവന സന്ദർശനം തുടങ്ങി. ഓരോ വീട്ടുകാരും സ്വന്തക്കാർ എന്ന മനോഭാവത്തോടെയാണ് ഞങ്ങളെ കണ്ടത്. എല്ലാ വീട്ടിലും കുറച്ചു സമയമേ ഇരിക്കാൻ സാധിച്ചുള്ളൂ. എല്ലാവർക്കും ഒരുപാട് പറയുവാനും പങ്കുവയ്ക്കാനും ഉണ്ടായിരുന്നു. ഇടവകയോടുള്ള ആളുകളുടെ സ്നേഹവും കരുതലും ഒന്നു കാണേണ്ടതു തന്നെയായിരുന്നു. ഒക്ടോബറിൽ മാരാരിക്കുളത്ത് നടക്കാനിരുന്ന പാരിഷ് കോൺഫറൻസിനുവേണ്ടി എന്തു ചെയ്യാനും അവർ തയ്യാറായിരുന്നു. എന്നെ കൂടുതൽ ചിന്തിപ്പിച്ചത്, നമ്മുടെ ജീസസ് യൂത്തിന്റെ സ്നേഹവും ഐക്യദാർഢ്യവുമായിരുന്നു. വചനം പറയുന്നുണ്ടല്ലോ, "നിങ്ങളുടെ പരസ്പരമുള്ള സ്നേഹം കണ്ട് നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് ലോകം അറിയും." എന്ന്.

തുടങ്ങാൻ ഒരുമിച്ചുകൂടിയ അതേസ്ഥലത്തുതന്നെ അതിനുശേഷം എല്ലാവരും തിരിച്ചെത്തി. പിന്നീട് ഭക്ഷണം, പങ്കുവയ്ക്കൽ, ഫോട്ടോ, ഉല്ലാസം എല്ലാം അടിപൊളിയായിരുന്നു. 3:30-ന് മാരാരിക്കുളം ബീച്ചിലേക്ക് ഒരേ മനമായ്, ഒരേ സ്വരമായ്! ഇതൊക്കെ കടലാസിൽ പകർത്തുമ്പോഴും മാരാരിക്കുളം ഔട്ട്റീച്ച് ഒരു അനുഭവമായിത്തന്നെ മനസ്സിലും ഹൃദയത്തിലും മായാതെ തങ്ങിനിൽപ്പുണ്ട്. ക്രിസ്തുസ്നേഹവാഹകരായ് ഇറങ്ങാം, കേരളം മുഴുവനിലും.



# ആ യാത്രകൾ

നേരത്തെ, ഒത്തിരി വീടുകളിലൊക്കെ കൂപ്പൺ വിൽക്കാനും കൂട്ടുകാരുടെ കൂടെ അവരുടെ വീടുകളിലൊക്കെ കയറിയിറങ്ങുന്ന വ്യക്തിയായിരുന്നു ഞാൻ. ജീസസ് യൂത്ത് മാരാരിക്കുളത്ത് സംഘടിപ്പിച്ച ഭവന സന്ദർശനം എനിക്ക് നൽകിയത് വേറിട്ട ഒരനുഭവവും വലിയൊരുൾക്കാഴ്ചയുമായിരുന്നു. ഭവനസന്ദർശനത്തിലൂടെ അവരെ പരിചയപ്പെടലും പിന്നെ പാരിഷ് കോൺഫറൻസുമാണ് ലക്ഷ്യമെങ്കിൽകൂടി, വീടുകളിൽ ചെല്ലുമ്പോൾ പലരും ദൈവത്തിന്റെ ആൾക്കാരായിക്കണ്ട് അവരുടെ പല കാര്യങ്ങളും കഥകളുമൊക്കെ ഞങ്ങളോട് പറയുമ്പോൾ, ശരിക്കും നമ്മൾക്കെല്ലാം ഈ സമൂഹത്തിന്റെ ഇടയിൽ എന്തെല്ലാമോ ചെയ്യാനുണ്ട് എന്നു തോന്നി. ഈശോയുടെ യുവജനം ആണെന്നിരിക്കേ, പള്ളിയിൽ പോകുന്നവരെ മാത്രം ശ്രദ്ധിക്കാതെ പള്ളിയിൽ പോകാതിരിക്കുന്ന യൂത്തിന്റെയിടയിലും, ആരും കേൾക്കാനില്ലാത്ത അമ്മച്ചിമാരുടെ അടുത്തുമെല്ലാം നമുക്കും എന്തെല്ലാമോ ചെയ്യാനുണ്ടെന്നു തോന്നിപ്പോയി. പിന്നെ, അവരുടെയോരോ കഥകളെല്ലാം പറയുമ്പോൾ ശരിക്കും ഒരു ജീസസ് യൂത്തായിട്ട് അവർ എന്നെ കാണുമ്പോൾ സ്വയം ഒന്ന് തിരിഞ്ഞു നോക്കാനും കുറെയേറെ മാറ്റങ്ങൾ ദൈവം എന്നിൽ നിന്നാഗ്രഹിക്കുന്നുണ്ട് എന്നുള്ള ബോധ്യം ലഭിക്കാനും ഈ ഭവന സന്ദർശനങ്ങൾ ഇടയാക്കി. ശരിക്കും ഒരു മിഷണറിയാകാനായിട്ടുള്ള വിളിയും എല്ലാം ഒന്നുകൂടെ ഓർമപ്പെടുത്താനായും ആ യാത്രകൾ എന്നെ ഒട്ടേറെ സഹായിച്ചു.

*ഫ്രാൻസിസ്, കോട്ടയം*

ഒരു നുറുങ്ങുചിന്ത

# ഒരാഗ്രഹം

വിവാഹിതനായ ഒരു ചെറുപ്പക്കാരൻ. ഒരു കുഞ്ഞുകുട്ടിയുമുണ്ട്. പഠിപ്പൊക്കെ കഴിഞ്ഞു തനിക്കിഷ്ടമുള്ള മേഖലയിൽ ജോലിചെയ്തുവരവേ, അത് രാജിവച്ച് ഉപരിപഠനത്തിനു പോകുകയും ചെയ്തു. അതു കഴിഞ്ഞ് ഇപ്പോൾ നാട്ടിലുണ്ട്. ഭാര്യയ്ക്കു നല്ലൊരു ജോലിയുമുണ്ട്. പല വിഷയങ്ങളും ഞങ്ങൾ ഫോണിൽ സംസാരിക്കാറുണ്ട്, ഒരു രസത്തിനാണോയെന്നറിയില്ല, ഈ അടുത്തിടെ അവന്റെയൊരാഗ്രഹം അവൻ പറഞ്ഞു.

ഏതെങ്കിലും ഒരു വർക്ക്ഷോപ്പിൽ പണിയെടുത്ത് കൈയിലും കാലിലും മുഖത്തുമൊക്കെ കരിയൊക്കെയായി വൈകിട്ടാകുമ്പോൾ ക്ഷീണിച്ച് ഒരു സൈക്കിളൊക്കെ ചവിട്ടി വീട്ടിലെത്തണം. പിന്നെ വീടും കുടുംബവും കുട്ടികളും. നാളയെക്കുറിച്ചു ഒരു ടെൻഷനുമില്ലാതെ ഓരോ ദിവസവും അധ്വാനിച്ച് ജീവിക്കണം. ഓരോ ദിവസവും അന്നത്തെ കാര്യങ്ങൾ മാത്രം മതി. ഇപ്പോഴുള്ള മീറ്റിങ്ങുകളും ചർച്ചകളും പിന്നെ സോഷ്യൽ മീഡിയ എന്ന ബ്രഹ്മാണ്ഡ ലോകത്തെ വിചിത്ര ജീവിതവും ഒക്കെ മാറ്റിവയ്ക്കണം. വെറുമൊരു സാധാരണ മനുഷ്യനെപ്പോലെ ജീവിക്കണം.

നമ്മുടെ സമൂഹവും കുടുംബവുമൊക്കെ കൽപിച്ചു നൽകുന്ന ജീവിത രീതികളോടും അവരുടെ സ്വപ്നങ്ങൾക്കൊപ്പവും നമ്മളെന്തിന് പോകണമെന്ന ചിന്തയായിരിക്കാം അവനെ ഇങ്ങനെ ചിന്തിക്കാൻ പ്രേരിപ്പിച്ചതെന്ന് എനിക്കു തോന്നി. അല്ലെങ്കിൽ, ചെറിയ ജോലിയൊക്കെ ചെയ്തു ജീവിക്കുന്ന സാധാരണ മനുഷ്യരുടെ കൊച്ചുകൊച്ചു സന്തോഷങ്ങളിൽ ആയിരിക്കാനുള്ള ആഗ്രഹമായിരിക്കാം. അവനങ്ങനെ ആഗ്രഹിച്ചാലും അത് നടക്കാത്ത കാര്യമാണെന്ന് അവനുമറിയാം. എന്തായാലും അവന്റെയാഗ്രഹം കേട്ടപ്പോൾ എന്റെയുള്ളിലും എന്തൊക്കെയോ ചില നല്ല ഫീൽ തോന്നി.

*കൂട്ടുകാരൻ*



## വിശേഷ വാർത്ത

# രഹസ്യം

1945 ആഗസ്റ്റ് 6, രാവിലെ 9:15-ന് ജപ്പാനിലെ ഹിരോഷിമ നഗരത്തിനുമേൽ ഭീമാകാരമായ ഒരു കൂറ്റൻ മേഘം ഉയർന്നു. രണ്ടു മിനിറ്റിനുള്ളിൽ അത് 10,000 മീറ്റർ ഉയർന്നു. അതു വരുത്തിയ വിനാശത്തെ തടയാൻ യാതൊന്നിനും കഴിയുമായിരുന്നില്ല. വിസ്ഫോടനത്തിന്റെ ഫലമായി രണ്ടു മൈൽ ചുറ്റളവിനുള്ളിൽ 10,000-വും അഗ്നിബാധ മൂലം 50,000-വും കെട്ടിടങ്ങൾ തകർന്നു തരിപ്പണമായി. 1200 മീറ്റർ ചുറ്റളവിനുള്ളിൽ പതിനായിരങ്ങൾ മരിച്ചുവീണു. അതിനു പുറത്ത് മൃതശരീരങ്ങൾ ശേഖരിക്കുന്ന ദൗത്യത്തിലേർപ്പെട്ടിരുന്ന ജപ്പാൻ പട്ടാളക്കാർ അണുവികരണം മൂലം ഒന്നിനു പിറകെ ഒന്നായി ഏതാനും ആഴ്ചകൾക്കുള്ളിൽ മൃതിയടഞ്ഞു. എങ്കിലും, വിസ്ഫോടനത്തിന്റെ കേന്ദ്രസ്ഥാനത്തുനിന്ന് കുറച്ചേറെ മീറ്ററുകൾക്കുള്ളിൽ ബോംബ് സ്പർശിച്ചിട്ടില്ലാത്തതുപോലെ ഒരു വീട് അവശേഷിച്ചു. പരമ്പരാഗത ജപ്പാൻ ശൈലിയിൽ ലഘുവായ വസ്തുക്കൾ കൊണ്ടു നിർമിച്ച ആ വീട് കണ്ണടച്ചു തുറക്കും മുമ്പ് നിലം പൊത്തേണ്ടതായിരുന്നു. എന്തു സംഭവിച്ചു?



ഈ വീട് ജർമൻകാരായ എട്ട് ഈശോസഭാ വൈദികർ പാർത്തിരുന്ന ഭവനമായിരുന്നു. അതിലൊരാളായ ഫാ. ഹുബർട്ട് ഷിഫർ, 1976 ജൂലൈയിൽ ഫിലാഡെൽഫിയയിൽ നടന്ന മഹാദിവ്യകാരുണ്യ കോൺഗ്രസിൽ വിസ്മയാവഹമായ ഒരു സാക്ഷ്യം നൽകി. അദ്ദേഹത്തോടൊപ്പം താമസിച്ചിരുന്ന ഏഴ് ഈശോസഭാംഗങ്ങൾക്കും ബോംബുമൂലം യാതൊരു ദ്രോഹവുമുണ്ടായില്ല. ആരും അണുവികിരണം മൂലമുള്ള ദൂഷ്യഫലങ്ങളും നേരിട്ടില്ല. ദുരന്ത നാടകത്തിൽ നിന്നു രക്ഷപ്പെട്ടുവെന്നു മാത്രമല്ല അവർ ആരോഗ്യവാന്മാരും ആയിരുന്നു. വർഷങ്ങൾക്കു ശേഷം വാർധക്യം മൂലമാണവർ മരിച്ചത്. ബോംബ് പൊട്ടിയപ്പോൾ ഷിഫറിനു 30 വയസ്സ്. 33 വർഷം കൂടി ആരോഗ്യവാനായി ജീവിച്ച് 1982-ൽ ഫ്രാങ്ക്ഫർട്ടിൽവച്ചു മരണമടഞ്ഞു.


ഈ പ്രഹേളിക വിദഗ്ദ്ധരെ ദീർഘനാൾ കുഴക്കി. ഏറ്റവും മികച്ച ഉപകരണങ്ങളുടെ സഹായത്തോടെ അവർ ഏറെ അന്വേഷണം നടത്തി; വീടിന്റെ നിർമാണത്തിൽ ഏതെങ്കിലും രീതിയിൽ മറഞ്ഞുകിടക്കുന്ന ശക്തിയുണ്ടോയെന്ന് അവർ തീവ്രമായി ഗവേഷണം നടത്തി. ഇത്ര വലിയ ക്ഷോഭത്തെ പ്രതിരോധിക്കാൻ ഈ ചെറിയ ഭവനത്തിനു സാധ്യമായതെങ്ങനെയെന്ന് അവർക്കു കണ്ടെത്താനായില്ല. അതിലുപരി 200-ലധികം ശാസ്ത്രജ്ഞരും വിദഗ്ദ്ധരും നടത്തിയ ശാരീരിക പരിശോധനകൾ ഈ വൈദികർ സഹിക്കേണ്ടിവന്നു. റേഡിയോ ആക്ടിവിറ്റിയുടെ പരിണിതഫലമൊന്നും ഈ വൈദികരിൽ കണ്ടെത്താനാവാത്തത് അവരെ ആശ്ചര്യപ്പെടുത്തി. മനുഷ്യരും മൃഗങ്ങളുമടക്കം ജീവനുള്ള അനേകായിരങ്ങൾ നശിച്ച ഈ വൻദുരന്തത്തിൽ ഇവർക്ക് എങ്ങനെ പിടിച്ചു നിൽക്കാൻ കഴിഞ്ഞുവെന്നത് അവർക്കു മനസ്സിലായില്ല.

ശാസ്ത്രത്തിന് ഉത്തരം മുട്ടിയപ്പോൾ, ഒടുവിൽ ഈ രഹസ്യത്തിന്റെ കവാടം തുറന്നത് ഈശോസഭാംഗങ്ങളായിരുന്നു. അനുദിനം തങ്ങൾ ഒരുമിച്ച് അർപ്പിച്ചിരുന്ന ജപമാലയാണ് തങ്ങളെ അദ്ഭുതകരമായി രക്ഷിച്ചത്. ഫാ. ഷിഫർ പിന്നീട് പറഞ്ഞു: "ശാസ്ത്രജ്ഞന്മാർക്ക് ഒന്നും മനസ്സിലായില്ല. ആശ്രമത്തിൽ ഞങ്ങൾ ഒന്നുചേർന്ന് എല്ലാ ദിവസവും ജപമാല ചൊല്ലിയിരുന്നുവെന്നും അങ്ങനെ ഫാത്തിമയിലെ സന്ദേശം പ്രാവർത്തികമാക്കുകയായിരുന്നുവെന്നും അവരോടു പറഞ്ഞപ്പോൾ അവർ അതു വിശ്വസിച്ചില്ല." ജപമാല രാജ്ഞി തന്റെ വാഗ്ദാനം പാലിച്ചു. ഒന്നാം ലോകമഹായുദ്ധ വേളയിൽ, 1917 മേയ് 13-ന് ഫാത്തിമയിലെ മൂന്ന് ഇടയക്കുട്ടികളോട് അവൾ പറഞ്ഞു: "ലോകസമാധാനത്തിനും യുദ്ധം അവസാനിക്കുന്നതിനും വേണ്ടി എല്ലാ ദിവസവും ജപമാല ചൊല്ലുക."

*(സി. ഇമ്മാനുവേൽ മെയ്യാർദിന്റെ 'വിസ്മയിപ്പിക്കുന്ന കരുണ'-യിൽ നിന്ന്)*



*യുദ്ധത്തിൽ അണുബോംബ് വർഷിച്ച ആദ്യ വിമാനമായ 'എനോള ഗേ' സഹ പൈലറ്റും എയർക്രാഫ്റ്റ് കമാൻഡറുമായ റോബർട്ട് എ. ലൂയിസിനൊപ്പം ഈശോസഭാ വൈദികർ ഫാ. ഹുബർട്ട് ഷിഫർ (ഇടത്) 1951-ലെ ഒരു കൂടിക്കാഴ്ചയിൽ.*


ലോക സമാധാനത്തിനു
വേണ്ടി എല്ലാ ദിവസവും
ജപമാല ചൊല്ലുക.
- ഫാത്തിമാ മാതാവ്, മേയ് 13, 1917



# ന്യൂസ് ഹൈലൈറ്റ്സ്

കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായത് ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.



## ദൈവഭക്തിയുള്ള കുഞ്ഞുങ്ങളുണ്ടാകാൻ എന്തു ചെയ്യണം

ഒരു ഗർഭിണിയുടെ വിചാരവികാരങ്ങൾ കുഞ്ഞുങ്ങളെ സ്വാധീനിക്കുന്നുവെന്നു നമുക്കറിയാം. ഗർഭാവസ്ഥയിൽ വയറിനു മുകളിൽ ബൈബിൾ വച്ചു പ്രാർഥിച്ചുണ്ടായ കുട്ടി ചെറിയ പ്രായത്തിൽത്തന്നെ ധാരാളം ദൈവവചനങ്ങൾ മനഃപാഠമാക്കുകയും ആത്മീയ ജീവിതത്തിൽ മുന്നേറുകയും ചെയ്ത അനുഭവം ഗുഡ്നെസ് ടി.വി. പ്രക്ഷേപണം ചെയ്യുകയുണ്ടായി. നൂറു കണക്കിനു ബൈബിൾ വചനങ്ങൾ കാണാതെ പറയുന്ന ഈ കുട്ടിയുടെ ജീവിതം നമുക്കേവർക്കും പ്രചോദനാത്മകമാണ്: https://www.youtube.com/watch?v=GT8lmyuhYOQ




Dr Ricardo Castanon Gomez

## യേശുവിന്റെ DNA ടെസ്റ്റ്

അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽ 1996-ൽ വി. കുർബാനയുടെ അത്ഭുതം ശാസ്ത്രീയ ഗവേഷണങ്ങൾക്കു വിധേയമാക്കി. യേശുവിന്റെ മാംസരക്തങ്ങളായി മാറിയ തിരുവോസ്തിയും വീഞ്ഞും അന്ന് അവിടെ മെത്രാപ്പോലീത്തയായിരുന്ന കാർഡിനൽ ജോർജ് ബെർഗോളിയയുടെ നേതൃത്വത്തിലായിരുന്നു ഗവേഷണത്തിനു വിട്ടു നൽകിയത്. കാലിഫോർണിയയിലെ ഫോറൻസിക് അനലറ്റിക്കൽ ലാബിലടക്കം മൂന്നു പ്രശസ്തമായ ഡി.എൻ.എ. ലാബുകളിലായിരുന്നു പരസ്പരം അറിയാതെ പരീക്ഷണങ്ങൾ നടത്തിയിരുന്നത്. പരീക്ഷണത്തിന്റെ ഓരോ ഘട്ടത്തിലും വിദഗ്ധരായ വ്യക്തികൾ മേൽനോട്ടം വഹിച്ചിരുന്നു. മൂന്നു റിസൾട്ടുകളും ഒന്നു തന്നെയായിരുന്നു. കൃത്യമായ ഒരു ജനറ്റിക് പ്രൊഫൈൽ ഈ പരീക്ഷണങ്ങളിൽ കണ്ടെത്താൻ കഴിഞ്ഞില്ല. അതായത് പുരുഷ പങ്കാളിത്തമില്ലാത്ത ഒരു ഗർഭധാരണമായി യേശുവിന്റെ ജനനത്തെ ശാസ്ത്രീയമായി നിർവചിക്കാൻ ഈ ഗവേഷണത്തിനു കഴിഞ്ഞു. ശാസ്ത്രലോകത്തെ അമ്പരിപ്പിച്ച ഈ പരീക്ഷണത്തെപ്പറ്റി ഓഗസ്റ്റ് ആദ്യദിനങ്ങൾ ഷെക്കെയ്ന ചാനലിൽ വന്ന റിപ്പോർട്ട് കാണുക: https://youtu.be/Z8Y0YaXICEw

## ജീസസ് യൂത്ത് പാക്കിസ്ഥാനിലും

അൽമായ പ്രേക്ഷിതരംഗത്ത് കേരള സഭയുടെ സംഭാവനയായ ജീസസ് യൂത്ത് പാക്കിസ്ഥാനിലും ശക്തമാകുന്നു. പാക്കിസ്ഥാനിലെ അബോട്ടാബാദ് ജില്ലയിൽ നടത്തിയ ട്രെയിനിങ്ങ് പ്രോഗ്രാമിൽ നിരവധി യുവതീയുവാക്കൾ പങ്കെടുക്കുകയുണ്ടായി. 2016 മുതലാണ് പാക്കിസ്ഥാനിൽ ജീസസ് യൂത്ത് ശക്തമായത്. ജീസസ് യൂത്തിന് പൊന്തിഫിക്കൽ പദവി കിട്ടിയ വർഷമായിരുന്നു അത്. ഇന്ന് 40-ലേറെ രാജ്യങ്ങളിൽ സാന്നിധ്യമറിയിച്ചിട്ടുള്ള ജീസസ് യൂത്ത് സഭയുടെ വലിയ പ്രതീക്ഷ തന്നെയാണ്.











# ദിവ്യകാരുണ്യ പ്രദക്ഷിണം വരുത്തുന്ന മാറ്റങ്ങൾ

അമേരിക്കയിലെ നോർത്ത് കരോളിന സംസ്ഥാനത്തെ ഷാർലോട്ട് രൂപതയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ മനോഹര ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ വൈറലാണ്. അമേരിക്കയിൽ കുടിയേറിപ്പാർത്ത മലയാളികളും ഇതിൽ പങ്കുചേർന്നു. റോഡിലൂടെ ദിവ്യകാരുണ്യ പ്രദക്ഷിണം നീങ്ങിയപ്പോൾ ട്രാഫിക് നിയന്ത്രിച്ചിരുന്ന ഒരു പോലീസുകാരൻ പോലും മുട്ടുകുത്തി ദിവ്യകാരുണ്യത്തെ ആരാധിച്ച കാഴ്ച അനേകരെ ആകർഷിക്കുകയുണ്ടായി. ലോകം എത്ര പുരോഗമിച്ചാലും ആത്മീയതയ്ക്ക് ഒരു കുറവും വന്നിട്ടില്ലെന്നാണ് ഇതു സൂചിപ്പിക്കുന്നത്. പ്രവാചകശബ്ദം യുട്യൂബ് ചാനലിൽ ഇതു നമുക്കു ദർശിക്കാവുന്നതാണ്.

















# ജീസസ് യൂത്ത് വിചിന്തനം



## നിങ്ങളെത്തന്നെ പരീക്ഷിച്ചറിയുവിൻ...

(2 കൊറി 13, 5)

പലതരത്തിലുള്ള പരിശോധനകൾ നമുക്ക് സുപരിചിതമാണ്. രക്തപരിശോധനകൾ, ബുദ്ധിയോ പൊതുവിജ്ഞാനമോ അളക്കുന്ന പരീക്ഷകൾ, സ്കൂൾ പരീക്ഷകൾ തുടങ്ങിയവ. നാം ക്രിസ്ത്യാനികളായി വളരുന്നുണ്ടോ എന്നറിയാൻ വിശുദ്ധ പൗലോസ് ഇവിടെ ഒരു പരിശോധന നിർദേശിക്കുന്നു. നാം നമ്മുടെ വിശ്വാസത്തിൽ ഉറച്ചവരാണോ എന്ന് അറിയാൻ ഇടയ്ക്കിടെ നമ്മെത്തന്നെ പരിശോധിക്കണം. നമ്മുടെ ആത്മീയ പുരോഗതിയുടെ തെളിവാണ് നമ്മിൽ വസിക്കുന്ന യേശുവിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള തിരിച്ചറിവ്. ആ തിരിച്ചറിവിലാണ് നാം മുന്നേറുന്നതെങ്കിൽ, പരീക്ഷണത്തിൽ നാം വിജയിച്ചു.

ഹിപ്പോയിലെ വിശുദ്ധ അഗസ്റ്റിന്റെ ജീവിതം (ക്രിസ്തുവർഷം 354 മുതൽ 430 വരെ) കർത്താവിനെ തേടിയുള്ള തീവ്രമായ യാത്രയുടെ തെളിമയാർന്ന നേർക്കാഴ്ചയാണ്. അവൻ എല്ലായിടത്തും തെരഞ്ഞു, ഒടുവിൽ അവന്റെ യാത്ര അവനെ സ്വന്തം ഹൃദയത്തിലേക്കു നയിച്ചു. ജീസസ് യൂത്ത് പ്രാർഥന നമ്പർ മൂന്നിൽ വിശുദ്ധന്റെ സ്വന്തം വാക്കുകളിൽ ഈ തെരച്ചിലിന്റെ ഒരു കാഴ്ച നമുക്ക് നൽകുന്നു: "നീ എന്റെ ഉള്ളിലായിരുന്നു, പക്ഷേ ഞാൻ പുറത്തായിരുന്നു, അവിടെയാണ് ഞാൻ നിന്നെ തെരഞ്ഞത്. എന്റെ സ്നേഹമില്ലായ്മയിൽ, അങ്ങ് സൃഷ്ടിച്ച മനോഹരമായ വസ്തുക്കളിൽ ഞാൻ മുഴുകി."

നമ്മിൽ ഓരോരുത്തരിലും ഒളിഞ്ഞിരിക്കുന്ന വിലയേറിയ നിധിയെക്കുറിച്ച് വിശുദ്ധ ബൈബിൾ ആവർത്തിച്ചു പറയുന്നു. വിശുദ്ധ പൗലോസ് ഇതിനെ മഹത്തായ ഒരു രഹസ്യം എന്നത്രേ വിളിക്കുന്നത്: നമ്മിൽ ഓരോരുത്തരിലുമുള്ള ദൈവത്തിന്റെ സാന്നിധ്യം (കൊളോ 1, 27). നാം ദൈവത്തെ സ്നേഹിക്കുകയും നമുക്കുവേണ്ടിയുള്ള അവന്റെ പദ്ധതിയുമായി നമ്മെത്തന്നെ ഇണക്കുകയും ചെയ്താൽ, പിതാവും പുത്രനും പരിശുദ്ധാത്മാവും വന്ന് നമ്മുടെയുള്ളിൽ സ്ഥിരമായി വാസമുറപ്പിക്കുമെന്ന് യേശു നമ്മോട് ആവർത്തിച്ച് പറയുന്നു (യോഹ 14, 16-23). എന്റെ മാമോദീസയും പരിശുദ്ധാത്മാവിന്റെ സ്വീകരണവുംകൊണ്ട് ഞാൻ ദൈവം വസിക്കുന്ന ഒരു വിശുദ്ധ ആലയമായി മാറി (1 കോറി 3, 16). 'ഇത് നിങ്ങൾക്കറിയില്ലേ," അപ്പസ്തോലൻ ചോദിക്കുന്നു.

നമ്മുടെയുള്ളിലെ കർത്താവിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള ഈ അവബോധം വളരെ ലളിതമാണ്, എന്നാൽ നമ്മിൽ മിക്കവർക്കും അപ്രാപ്യവുമാണ്. എന്താണ് നമ്മെ തടയുന്നത്? വിശുദ്ധ അഗസ്റ്റിൻ വ്യക്തമായി പറയുന്നു, "ഞാൻ പുറത്തായിരുന്നു, അവിടെയാണ് ഞാൻ നിന്നെ അന്വേഷിച്ചത്." നാം തിരക്കിലാണ്, എല്ലാത്തരം ജീവിത വ്യഗ്രതകളുടെയും തിരക്കിൽ. അതിൽ ഭൂരിഭാഗവും ലൗകിക കാര്യങ്ങളായിരിക്കാം, ചിലത് ആത്മീയതയുടെ സൃഷ്ടികളായിരിക്കാം. മർത്താ കർത്താവിനെ സേവിക്കുകയായിരുന്നു, എന്നിട്ടും യേശുവിൽനിന്ന് വളരെ അകലെയായിരുന്നു. നേരെമറിച്ച്, നാം ലൗകിക വസ്തുക്കളുടെ ഇടയിലായിരിക്കാം, എന്നിട്ടും യേശുവിന്റെ ആന്തരിക സാന്നിധ്യവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കാനാകുന്നുണ്ടോ?

മിക്ക ആളുകൾക്കും സജീവമായ ആന്തരിക ജീവിതത്തിലേക്കുള്ള തുറവി ആരംഭിക്കുന്നത് ഒരു 'കണ്ടുമുട്ടൽ അനുഭവം' അല്ലെങ്കിൽ പരിശുദ്ധാത്മാവിലുള്ള സ്നാനത്തിൽ നിന്നാണ്. ആഴമേറിയ ഈ ദൈവിക സ്പർശം അനുഭവവേദ്യമാകുമ്പോൾ, കർത്താവ് നമ്മോടൊപ്പം നടക്കുന്നതിനെക്കുറിച്ചും നമ്മിൽ വസിക്കുന്നതിനെക്കുറിച്ചും നാം ആഴത്തിൽ മനസ്സിലാക്കിയിട്ടുണ്ടോ? പലർക്കും അത് പൂർണമായി മനസ്സിലാകണമെന്നില്ല, എന്നിട്ടും അവർ

# എന്റെയുള്ളിലെ ദൈവസാന്നിധ്യം

ഇന്നത്തെ ആധുനിക ലോകത്തിൽ ഒരുപാട് പരീക്ഷണങ്ങൾക്കിടയിലൂടെ മാത്രമേ ജീവിക്കാൻ സാധിക്കുകയുള്ളൂ. പഠനത്തിന്റെ കാലയളവിൽ പരീക്ഷയ്ക്ക് കോപ്പിയടിക്കാനും ജോലിക്ക് പോകുന്ന നാളുകളിൽ മദ്യപിക്കാനും മോശം സിനിമ കാണാനുമൊക്കെ പ്രലോഭനങ്ങളുണ്ടായിട്ടുണ്ട്. എങ്കിലും ദൈവത്തെ അറിഞ്ഞ ഏതൊരു വ്യക്തിക്കും, ജീവിതത്തിലുണ്ടാകുന്ന എല്ലാത്തരം പരീക്ഷണങ്ങളെയും അതിജീവിക്കാൻ സാധിക്കുമെന്നത് ഞാനെന്റെ ജീവിതത്തിലൂടെ മനസ്സിലാക്കിയ സത്യമാണ്.

ഇന്നും ഇത്തരം പ്രലോഭനങ്ങളിലൂടെ കടന്നു പോകുമ്പോൾ, ജീസസ് യൂത്ത് ജീവിത ശൈലിയിലൂടെയുള്ള ഒരു യാത്രയാണ് ഇതിനിടയിലെല്ലാം എനിക്ക് സഹായകരമാകുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. കഴിഞ്ഞ 40 വർഷത്തിനിടയിൽ എന്റെ ജീവിതത്തിൽ ഞാനെടുത്ത ഏറ്റവും വിലയുള്ള തീരുമാനം ഏതാണെന്ന് ചോദിച്ചാൽ, ജീസസ് യൂത്ത് ജീവിതശൈലിയിൽ ഞാൻ ജീവിക്കുമെന്ന് 19 വർഷം മുൻപ് ഞാനെടുത്ത എന്റെ തീരുമാനമാണെന്ന് ഞാൻ പറയും. വളരെ നിരാശപ്പെട്ട് ജീവിച്ച ഒരു വ്യക്തിയായിരുന്നു ഞാൻ. മാത്രമല്ല, ഒന്ന് പുഞ്ചിരിക്കാൻ പോലും കഴിയുമായിരുന്നില്ല. എന്നാലിന്ന് ഈ ലോകത്തിലെ ഏറ്റവും സന്തോഷമുള്ള വ്യക്തി ഞാനാണെന്ന് പലരോടും ഞാൻ പറയാറുണ്ട്. അതിന്റെ കാരണം, ദൈവത്തിന്റെ സ്നേഹം അനുഭവിക്കാനും അത് എന്റെയുള്ളിൽ തന്നെയാണെന്ന് തിരിച്ചറിയാനും എനിക്ക് കഴിഞ്ഞു എന്നതാണ്.

അതുപോലെതന്നെ കൂദാശകളും കൂട്ടായ്മകളും ജീസസ് യൂത്തിലുള്ള പല കൂട്ടുകെട്ടുകളും അത്തരം ഒരു ജീവിതശൈലി സ്വായത്തമാക്കാൻ എന്നെ പ്രചോദിപ്പിച്ചുകൊണ്ടുമിരിക്കുന്നു.

*ജോയിഷ് ജോർജ്, പഴങ്ങനാട്*


തികഞ്ഞ സന്തോഷവും സമാധാനവും അനുഭവിക്കുന്നു. ഇതോടെ പ്രാർഥന സുഗമമാകുന്നു.

അങ്ങനെ, ജ്ഞാനസ്നാനകൃപകളുടെ ബോധപൂർവമായ സ്വീകരണവും പരിശുദ്ധാത്മാവിനോടുള്ള തുറവിയും നമ്മെ കർത്താവിന്റെ നമ്മിലെ മഹനീയ സാന്നിധ്യവുമായി ബന്ധപ്പെടുത്തുന്നു.

നിരന്തരമായ ജാഗ്രത പുലർത്തുന്നില്ലെങ്കിൽ ജ്വലിക്കുന്ന തീക്കനൽ പോലും അണഞ്ഞുപോകും. അതുപോലെതന്നെ സമ്പന്നമായ ആന്തരിക സാന്നിധ്യത്തിന്റെ കൃപയും നാം ശ്രദ്ധിച്ചില്ലെങ്കിൽ മങ്ങിപ്പോകാനിടയുണ്ട്. ഇതിനായി നമ്മിൽ മിക്കവർക്കും സഹായം ആവശ്യമാണ്. അതിനാൽ, സമ്പന്നമായ ഒരു ആന്തരീക ജീവിതവും കരുതലുള്ള ഒരു സമൂഹവും ഫലങ്ങളാൽ നിറഞ്ഞ പ്രേഷിത പ്രതിബദ്ധതയും ഉള്ളവരായിരിക്കാൻ ജീസസ് യൂത്ത് മുന്നേറ്റം നമ്മെ വെല്ലുവിളിക്കുന്നു. അങ്ങനെ നമുക്ക് ആന്തരിക അഗ്നി ജ്വലിച്ചുനിൽക്കുന്നവരാകാം.


"നിങ്ങൾക്കു ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും വേണ്ടിയാണ് ഞാൻ വന്നിരിക്കുന്നത്" എന്ന് യേശു പ്രഖ്യാപിച്ചു. യേശുതന്നെയാണ് ജീവനും നമ്മിലുള്ള അവന്റെ നിരന്തരമായ സാന്നിധ്യത്തിന്റെ സാക്ഷാത്കാരവും. സമൃദ്ധമായ ഈ ജീവിതമാണ്, നമ്മുടെ എല്ലാ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ഉറവിടം. എന്തിനധികം, ഈ രീതിയിൽ നാം സ്വർഗത്തിന്റെ നിഴലിൽ നടക്കുമ്പോൾ, എന്റെ അയൽക്കാരനിൽ കർത്താവിന്റെ സാന്നിധ്യം നമുക്ക് വളരെ എളുപ്പത്തിൽ കാണാൻ കഴിയും. ക്രിസ്തുവിലൂടെയുള്ള ഈ പുതിയ ദർശനം 'അയൽക്കാരനെ സ്നേഹിക്കുന്നത്' കൂടുതൽ എളുപ്പമാക്കുന്നു, അതോടൊപ്പം സ്വർഗത്തിന്റെ സന്തോഷത്തിനായി എന്നെ ഒരുക്കുകയും ചെയ്യുന്നു.

*"നിങ്ങളിൽത്തന്നെ നോക്കൂ, നിങ്ങളിൽ ക്രിസ്തു ഉണ്ടെന്ന് നിങ്ങൾ കണ്ടെത്തും. എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിൽ, അവിടന്ന് എത്രമാത്രം നിങ്ങളുടെ ഗുരുവാണ്!"*
*- വിശുദ്ധ ജോൺ ക്രിസോസ്റ്റം.*


ജൂഹി എൽസ് ജോർജ്

സിന്റോ വി. വർഗീസ്



# ഫാ. ഗബ്രിയേൽ ഫാലോപ്പിയോ
## Fr. Gabriele Falloppio




*ഗ്രന്ഥസൂചിക വിവരങ്ങൾ:*

| | |
|---|---|
| *ശീർഷകം:* | *ശരീരഘടനാ നിരീക്ഷണങ്ങൾ (Observationes anatomicae)* |
| *രചയിതാവ്:* | *ഗബ്രിയേൽ ഫാലോപ്പിയോ* |
| *പ്രസിദ്ധീകരിച്ചത്:* | *1562* |
| *ഡിജിറ്റൈസ്ഡ്:* | *15 ജൂൺ 2009* |
| *പേജുകൾ:* | *351* |

ഒരു ഇറ്റാലിയൻ കത്തോലിക്കാ പുരോഹിതനും അനാട്ടമിസ്റ്റുമായിരുന്നു ഫാ. ഗബ്രിയേൽ ഫാലോപ്പിയോ (1523 ഒക്ടോബർ 9, 1562). അദ്ദേഹത്തിന്റെ ലാറ്റിൻ നാമമായ ഫാലോപ്പിയസ് ആണ് പലർക്കും കുറച്ചുകൂടെ സുപരിചിതം. പതിനാറാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട അനാട്ടമിസ്റ്റുകളിലും ഫിസിഷ്യൻമാരിലും ഒരാളായിരുന്നു അദ്ദേഹം. ഫാലോപ്യൻ ട്യൂബിന് ആ പേര് വന്നത് ഈ വൈദികന്റെ പേരിൽ നിന്നാണ്. ഫാ. ഫാലോപ്പിയോയുടെ പ്രധാന പഠനമേഖല തലയുടെ ഘടനയുമായി ബന്ധപ്പെട്ടായിരുന്നു. ചെവിയെക്കുറിച്ച് മുമ്പ് കണ്ടുപിടിക്കപ്പെട്ട കാര്യങ്ങളിൽ അദ്ദേഹം പലതും കൂട്ടിച്ചേർക്കുകയും ടിമ്പാനവും അത് സ്ഥിതി ചെയ്യുന്ന ഓസിയസ് റിംഗുമായുള്ള ബന്ധം വിശദമായി വിവരിക്കുകയും ചെയ്തു.


ഫെനെസ്ട്രെ (fenestræ), വെസ്റ്റിബ്യൂൾ, കോക്ലിയ എന്നിവ തമ്മിലുള്ള ആശയവിനിമയം അദ്ദേഹം സൂക്ഷ്മമായി വിവരിച്ചു. മാസ്റ്റോയിഡ് കോശങ്ങളും മധ്യകർണവും തമ്മിലുള്ള ബന്ധം ആദ്യമായി ചൂണ്ടിക്കാണിച്ചത് അദ്ദേഹമാണ്. കണ്ണിലെ ലാക്രിമൽ നാളികളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിവരണം അദ്ദേഹത്തിന്റെ മുൻഗാമികളുടെ പഠനങ്ങളിൽ പ്രകടമായ മുന്നേറ്റമായിരുന്നു ചെലുത്തിയത്. ഇതു കൂടാതെ അദ്ദേഹം എത്മോയിഡ് അസ്ഥിയെയും മൂക്കിലെ കോശങ്ങളെയും കുറിച്ച് വിശദമായ വിവരണവും നൽകി. എല്ലുകളുടെയും പേശികളുടെയും ഘടനയിലെ പഠനങ്ങളിൽ അദ്ദേഹം നൽകിയ സംഭാവനകൾ വളരെ വിലപ്പെട്ടതാണ്. മയോളജിയിലാണ് അദ്ദേഹം സുപ്രസിദ്ധ അനാട്ടമിസ്റ്റായ വെസാലിയസിനെ തിരുത്തിയത്. രണ്ട് ലിംഗങ്ങളിലുമുള്ള ജനനേന്ദ്രിയങ്ങളെക്കുറിച്ച് പഠിച്ച്, അണ്ഡാശയത്തിൽ നിന്ന് ഗർഭാശയത്തിലേക്ക് നയിക്കുന്ന ഫാലോപ്യൻ ട്യൂബിനെക്കുറിച്ച് അദ്ദേഹം വിവരിച്ചു. ഓഡിറ്ററി ഞരമ്പിൽ നിന്ന് പുറത്തുകടന്ന ശേഷം ഫേഷ്യൽ നേർവ് കടന്നുപോകുന്ന അക്വഡക്റ്റസ് ഫാലോപ്പി എന്ന കനാലിനും അദ്ദേഹത്തിന്റെ പേരുണ്ട്. എന്നിരുന്നാലും ന്യൂറോ അനാട്ടമിയിലെ ഫാ. ഫാലോപ്പിയോയുടെ സംഭാവനകൾ, അദ്ദേഹം ആദ്യം കണ്ടെത്തിയ ഘടനകളെ നന്നായി മനസ്സിലാക്കാനുള്ള ശ്രമങ്ങൾ കാരണം ഇന്നും താത്പര്യമുള്ളവയാണ്. മുഖത്തെ സെൻസറി സിസ്റ്റങ്ങളിലും അദ്ദേഹത്തിന് താത്പര്യമുണ്ടായിരുന്നു.

മുഖത്തെ ഞരമ്പുകളുടെ പാതയും അവയുടെ ട്രാക്കുകളിൽ കിടക്കുന്ന ഘടനകളും മനസ്സിലാക്കുന്നതിലാണ് അദ്ദേഹം തന്റെ ഗവേഷണം കേന്ദ്രീകരിച്ചത്. മുഖത്തെക്കുറിച്ചുള്ള പഠനങ്ങളിൽ അദ്ദേഹം തന്റെ പേര് എഴുതിച്ചേർത്തത് രണ്ട് കാര്യങ്ങളിൽ മാത്രമാണ്. മനുഷ്യ ശിരസ്സിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് അദ്ദേഹം അങ്ങനെ ചെയ്തത്. ഫേഷ്യൽ കനാൽ ആദ്യമായി വിവരിച്ചത് ഫാലോപ്പിയോ ആണ്; അതിന്റെ പാത, ഘടന, ഉള്ളടക്കം എന്നിവ അദ്ദേഹം പഠിച്ചു വിവരിച്ചു. പെട്രോസൽ അസ്ഥിയുടെ മുൻഭാഗത്തുള്ള ഒരു ദ്വാരമായ ഫാലോപ്യൻ ഹയേറ്റസിനെക്കുറിച്ചും അദ്ദേഹം വിവരിച്ചു.



*ഫെറാറായിലെ കർദിനാളിന് ഫാ. ഗബ്രിയേൽ ഫാലോപ്പിയോ തന്റെ കണ്ടെത്തലുകളിൽ ഒന്ന് വിശദീകരിക്കുന്നു.*

പ്രായോഗിക വൈദ്യശാസ്ത്രത്തിലും അദ്ദേഹം നൽകിയ സംഭാവനകൾ പ്രധാനമാണ്. ചെവിയിലെ രോഗങ്ങളുടെ രോഗനിർണയത്തിനും ചികിത്സയ്ക്കുമായി ആദ്യമായി ഓറൽ സ്പെക്കുലം ഉപയോഗിച്ചത് അദ്ദേഹമാണ്, ശസ്ത്രക്രിയാ വിഷയങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾ ഇപ്പോഴും പ്രസക്തമായി തുടരുന്നു.



## വാർത്താവിചാരം



സണ്ണി കോക്കാപ്പിള്ളിൽ

# യുക്രെയ്ൻ യുദ്ധം
## ലോകമനഃസാക്ഷി മരവിക്കുന്നുവോ?

“ജീവനുള്ള മനുഷ്യനെ ബന്ധനസ്ഥനാക്കി ലൈംഗികാവയവം കട്ടർ ഉപയോഗിച്ച് മുറിച്ചുമാറ്റുക, കാലുകൾ ഓരോന്നും ഓരോ വാഹനത്തിൽ കെട്ടിയിട്ട് എതിർദിശയിലേക്ക് ഓടിച്ച് ദാരുണമായി കൊല്ലുക.. എന്നു തുടങ്ങി അതിക്രൂരമായ പ്രവൃത്തികളാണ് യുക്രെയ്നിൽ നടക്കുന്നത്.” കഴിഞ്ഞ 20 വർഷമായി യുക്രെയ്നിൽ സേവനം ചെയ്യുന്ന മലയാളി കന്യാസ്ത്രീ റഷ്യയുടെ ക്രൂരമായ വേട്ടയാടലിനെപ്പറ്റി വിവരിക്കുന്നത് അത്യന്തം ഹൃദയവേദനയോടെ മാത്രമേ നമുക്കു കേൾക്കാൻ കഴിയുകയുള്ളൂ. ലോകത്തിന് ഏറ്റവും കൂടുതൽ ഗോതമ്പു നൽകുന്ന രാജ്യമാണ് യുക്രെയ്ൻ. ലോകത്ത് അഞ്ചാം സ്ഥാനമുണ്ട്. യുദ്ധം മൂലം കൃഷിയിറക്കാൻ പറ്റാതെ വന്നാൽ ഗുരുതരമായ ഗോതമ്പുക്ഷാമം ലോകമൊട്ടാകെ അനുഭവപ്പെടും. ക്രമേണ ലോകം പട്ടിണിയിലേക്കു നീങ്ങും.




മരിച്ചു വീണാലും അധിനിവേശത്തെ ഇനിയും സ്വീകരിക്കാൻ ഒട്ടും ഒരുക്കമല്ലെന്ന നിലപാടിലുറച്ച് യുക്രെയ്ൻ ജനത പോരാടുന്നുണ്ടെങ്കിൽ വർഷങ്ങൾക്കു മുൻപുള്ള സോവിയറ്റ് അധിനിവേശത്തിന്റെ ദുരന്തഫലങ്ങൾ അവരിലേൽപിച്ച ആഘാതം എത്ര കഠിനമാണെന്ന് ഊഹിച്ചാൽ മതി. ആൺകുട്ടികൾ പോലും റഷ്യക്കെതിരെ യുദ്ധമുന്നണിയിലേക്കു പോകുന്നുവെങ്കിൽ രാജ്യത്തോടുള്ള സ്നേഹം നാം മനസ്സിലാക്കണം. ആവശ്യപ്പെടുന്ന സ്ഥലം വിട്ടു കൊടുത്ത് സമാധാനത്തിലേക്ക് എത്തിച്ചേരാമെന്നു നിർദേശിക്കുന്നവരുണ്ടാകും. എന്നാൽ, ഓരോ ജനതയുടെയും സത്വത്തെ ഇല്ലായ്മ ചെയ്യാനുള്ള പ്രവണതകളെ ഒരു ജനതയും അംഗീകരിക്കുകയില്ല. ഇനിയും ബ്രിട്ടീഷുകാരുടെ അടിമത്തത്തിലേക്കു പോകാൻ നമുക്ക് പറ്റില്ലല്ലോ എന്നോർത്തു നോക്കിയാൽ മതി.

യുക്രെയ്ൻ യുദ്ധത്തിൽ അരങ്ങേറുന്ന നീച പ്രവൃത്തികൾ അവസാനിക്കണം. യുദ്ധങ്ങൾ കൊണ്ടുവരുന്ന കെടുതികൾ അതിഭീകരമാണ്. യുദ്ധം നീണ്ടുപോയാൽ യുക്രെയ്നിലെ നല്ലൊരു ഭാഗം ജനങ്ങളും മരിച്ചു പോവുകയോ അംഗഭംഗം സംഭവിച്ചവരോ ആയി മാറും. പ്രത്യേകിച്ചും പുരുഷന്മാർ. യുദ്ധം അവസാനിപ്പിക്കാനുള്ള സംഘടിത പ്രവർത്തനങ്ങളൊന്നും ലോകരാഷ്ട്രങ്ങളുടെ ഭാഗത്തു നിന്നുണ്ടാകുന്നില്ലെന്നത് ഒരു യാഥാർഥ്യമാണ്. ഏതൊരു യുദ്ധത്തിനും പിന്നിൽ ആയുധവിൽപനയുടെ വാണിജ്യ താത്പര്യങ്ങളുണ്ടെന്നതും കൂട്ടി വായിക്കണം. സിസ്റ്റർ ലിജി പയ്യപ്പിള്ളിയുടെ ഹൃദയം നുറുങ്ങുന്ന വാക്കുകൾ നൊമ്പരവും അസ്വസ്ഥതയും നമ്മിലുണർത്തുന്നു. യുക്രെയ്ൻ സഭ സാർവത്രിക സഭയിലെ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയാണ്; സീറോ മലബാർ സഭ പോലെ. നമുക്ക് അവിടത്തെ സഹോദരങ്ങളോടു ചെയ്യാവുന്ന ചില കാര്യങ്ങളുണ്ട്. ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയിലെ ഒരവയവം വേദനിക്കുന്നു. ആ വേദന നമ്മുടെയും വേദനയായി മാറണം. ഒന്നാമതായി, സംഘടിച്ച് ശക്തമായ പ്രാർഥനകൾ ഉയർത്തണം. മറ്റൊന്ന് സമൂഹ മാധ്യമങ്ങളിലൂടെ യുദ്ധവിരുദ്ധ ഒപ്പുകൾ ശേഖരിച്ചും മറ്റും ക്യാംപയിൻ ആരംഭിക്കാവുന്നതാണ്. ഇതൊക്കെ ചെയ്യാവുന്ന കാര്യങ്ങളല്ലേ.. നമ്മുടെ പ്രശ്നങ്ങൾ തീർത്ത് ഇതിനൊക്കെ സമയം ചെലവഴിക്കാൻ നമുക്കൊക്കെ നേരമുണ്ടാകുമോ...?

# കുഞ്ഞുങ്ങളുടെ ജനനം നീട്ടിവയ്ക്കരുത്

വർഷങ്ങൾക്കു മുൻപ് കുഞ്ഞുങ്ങൾക്ക് ജനിക്കാൻ പ്രത്യേക കാലമില്ലായിരുന്നു. വിവാഹം കഴിഞ്ഞാൽ കുഞ്ഞുങ്ങളുണ്ടാകും; വിവാഹമാണെങ്കിൽ പ്രായപൂർത്തിയാകുമ്പോൾ നടത്തും. അതായത് വിവാഹപ്രായമാകുമ്പോൾ വിവാഹം നടത്തുന്നു. താമസിയാതെ അവർക്കു കുഞ്ഞുങ്ങളും ജനിക്കുന്നു. അപ്പോഴത്തെ സാഹചര്യം പോലെ ജീവിതം മുന്നോട്ടു നീങ്ങുമായിരുന്നു.

ഇന്ന് വിവാഹം നടക്കണമെങ്കിൽ സാമാന്യം നല്ല ജോലിയുണ്ടാകണം. വീടുണ്ടാകണം. അതിനനുസരിച്ചുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാകണം. സാധാരണ ഗതിയിൽ ഈ നിലയിലേക്ക് ഒരാൾ എത്തിച്ചേരുമ്പോഴേയ്ക്കും 28-30 വയസ്സെങ്കിലുമാകും. അതിനുശേഷം ജോലിയുടെയും സാമ്പത്തിക നിലയുടെയും രീതിയനുസരിച്ച് വേണ്ടതൊക്കെ ക്രമപ്പെടുമ്പോഴാണ് കുട്ടികൾ ഉണ്ടാകുന്നതിനെപ്പറ്റി ചിലരെങ്കിലും ചിന്തിക്കുന്നത്. അതും ഒരു കുട്ടിയിൽ നിറുത്താനുള്ള സാധ്യതകളാണ് പലരും ആഗ്രഹിക്കുന്നത്. താമസിയാതെ

# നെഞ്ചിൽ തുളച്ചു കയറുന്ന ഒരു പ്രസ്താവന

“ഗിഫ്റ്റുകളല്ല, സഹോദരങ്ങളെയാണ് കുഞ്ഞുങ്ങൾക്കു നൽകേണ്ടത്.” പ്രസ്താവന മാതാപിതാക്കളോടാണ്. പറഞ്ഞ ആൾ തൃശൂർ അതിരൂപത ആർച്ചു ബിഷപ് എമരിത്തൂസ് മാർ ജേക്കബ് തൂങ്കുഴി. മെത്രാഭിഷേകത്തിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ച് സൺഡേ ശാലോമുമായുള്ള അഭിമുഖത്തിലാണ് ആർച്ചു ബിഷപ് ഈ അഭിപ്രായം പറഞ്ഞത്. ഇന്നത്തെ അണുകുടുംബങ്ങൾ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾക്കു കാരണം സഹോദരങ്ങളില്ലാതെ വളരുന്ന കുട്ടികളാണ്. പല യുവ മാതാപിതാക്കൾക്കും ഒന്നോ രണ്ടോ



കുഞ്ഞുങ്ങൾ മാത്രമാണുള്ളത്. ഒരു കുഞ്ഞ് ആഗ്രഹിക്കുന്ന ഒരുപാട് സ്നേഹബന്ധങ്ങളുണ്ട്. ഒരു സഹോദരന്റെ, ഒരു സഹോദരിയുടെ, ഒരു ചേട്ടന്റെ, അനിയന്റെ, ചേച്ചിയുടെ, അനിയത്തിയുടെ എന്നുതുടങ്ങി നിരവധി തലത്തിലുള്ള സ്നേഹം കിട്ടിയാണ് ഒരു കുഞ്ഞ് വളരേണ്ടത്. ഇതിനിടയിൽ കരുതലും വാത്സല്യവുമുണ്ട്. അതുവഴി മാനസിക പക്വതയിലേക്ക് ഒരു കുഞ്ഞ് വളരുന്നു.

പരസ്പരം പങ്കുവയ്ക്കുകയും ചിലപ്പോൾ കലഹമുണ്ടാക്കുകയും തൊട്ടടുത്ത നിമിഷം ചേർത്തു നിറുത്തുകയും ചെയ്യുന്ന സഹോദര സ്നേഹത്തിന്റെ മനോഹരമായ അനുഭവങ്ങളിലൂടെ കടന്നു പോകുന്ന ഒരു കുട്ടി വളർന്നു വരുമ്പോൾ സമൂഹത്തിൽ ശ്രദ്ധിക്കപ്പെടുന്നവനായി മാറും. അതിജീവനക്ഷമത അവർക്കു കൂടുതലായിരിക്കും. കളിപ്പാട്ടങ്ങളിലൂടെ സന്തോഷം കൊടുക്കാമെന്ന് പല മാതാപിതാക്കളും വിചാരിക്കുന്നു. കളിപ്പാട്ടങ്ങൾക്കു തിരിച്ചു സ്നേഹിക്കാൻ കഴിയില്ല. ഏകാന്തത അനുഭവിക്കുന്ന എത്രയോ കുട്ടികളുണ്ട്. സഹോദരസ്നേഹം എന്തെന്ന് ഒരിക്കൽപോലും അറിയാതെ വളരുന്നവർ. മറ്റുള്ളവർക്ക് ഇവരെ വീഴ്ത്താൻ വളരെയെളുപ്പമാണ്. തൂങ്കുഴി പിതാവു പറഞ്ഞതുപോലെ കുട്ടികൾക്കു കൊടുക്കാവുന്ന ഏറ്റവും വലിയ സമ്മാനം അവർക്കു സഹോദരങ്ങളെ നൽകുകയെന്നതാണ്. വളരെ ഗൗരവത്തോടെ യുവദമ്പതികൾ ഇക്കാര്യം ഉൾക്കൊള്ളണം. തങ്ങളുടെ കാലശേഷം ഒരു കൂടപ്പിറപ്പില്ലാതെ ഒറ്റയായി പോകുന്ന ഒരു മകന്റെയോ മകളുടെയോ ദയനീയത ഭാവനയിൽ കാണണം. സ്വന്തം ചോരയിൽ പിറന്ന സാഹോദര്യത്തിന്റെ മാധുര്യം നുകരാൻ അനന്തര തലമുറയ്ക്കുള്ള അവസരം നിഷേധിക്കാതിരിക്കട്ടെ.

ഒരു കുഞ്ഞുകൂടി വന്നാൽ പലർക്കും അസ്വസ്ഥതയാണ്. താമസിച്ചു വിവാഹം ചെയ്യുന്നതുകൊണ്ടു പലർക്കും ഗർഭധാരണം സംഭവിക്കുന്നില്ല. ഒരു കുഞ്ഞിക്കാലിനുവേണ്ടി അനേകർ ചികിത്സാകേന്ദ്രങ്ങളിൽ അലയുന്നു. ദൈവം തരുന്ന കുഞ്ഞുങ്ങളെ സമയമായില്ലെന്ന് വച്ച് സ്വീകരിക്കാൻ മടി കാണിക്കുന്നു കുറേപ്പേർ.

പ്രശസ്ത ഗൈനക്കോളജിസ്റ്റ് ഡോ. ഫിന്റോ ഫ്രാൻസിസിന്റെ വീഡിയോ ഇന്ന് വൈറലാണ്. കുഞ്ഞുങ്ങൾ ഓരോരുത്തരുടെയും ജീവിതത്തിലേക്കു കൊണ്ടുവരുന്ന നന്മകൾ അദ്ദേഹം പങ്കുവയ്ക്കുന്നു. കുഞ്ഞുങ്ങൾ ജനിക്കേണ്ടത് ദൈവത്തിന്റെ സമയത്താണ്. നമ്മുടെ സമയത്ത് കുഞ്ഞുങ്ങളെ വേണമെന്നു വച്ചാൽ കിട്ടണമെന്നില്ല. കഴിവതും നേരത്തെ വിവാഹം ചെയ്യുക, താമസിയാതെ കുഞ്ഞുങ്ങളുണ്ടാകുക, ജീവിതത്തെ ഒന്നിച്ചു നേരിടുക എന്നതാകട്ടെ നമ്മുടെ തീരുമാനം.



# ചില രാഷ്ട്രീയക്കാർ പറഞ്ഞു പരത്തുന്ന പമ്പര വിഡ്ഢിത്തങ്ങൾ

കൗമാരക്കാരുടെയും കുട്ടികളുടെയും ഇടയിൽ മയക്കുമരുന്നുപയോഗം. ഞെട്ടിപ്പിക്കുന്നവിധം വർധിച്ചുവെന്ന് വാർത്തകൾ വരുന്നു. പെൺകുട്ടികളുടെ ഇടയിലും ഭയാനകമായ വിധത്തിൽ ഉപയോഗവും വിതരണവും പടർന്നു പിടിക്കുകയാണ്. കലാലയങ്ങളിൽ രാഷ്ട്രീയ സ്വാധീനം കുറഞ്ഞതാണ് ഇതിന് കാരണമെന്ന് ചില രാഷ്ട്രീയക്കാർ പറഞ്ഞു. അതുപോലെ മദ്യത്തിന്റെ ലഭ്യത ധാരാളമായി എല്ലായിടത്തുമുണ്ടായാൽ മയക്കുമരുന്നുപയോഗത്തിനു കുറവു വരുമെന്നുമൊക്കെ അവർ പറഞ്ഞു പരത്തി. എന്നാൽ, ഇപ്പോഴത്തെ അവസ്ഥ എന്താണ്? സകലയിടങ്ങളിലും ലഹരിമരുന്നു വ്യാപാരം പൊടിപൊടിക്കുന്നു. പെൺകുട്ടികളെ പ്രണയിക്കുക, വിശ്വാസമാർജിച്ചു കഴിഞ്ഞാൽ മയക്കമരുന്നിനടിമയാക്കി ചൂഷണം ചെയ്യുക, മയക്കമരുന്നിന്റെ കാരിയർമാരാക്കുക. അവസാനം പോലീസ് പിടിയിൽ ഇട്ടുകൊടുക്കുക ഇതൊക്കെ സാധാരണയായി മാറി.

മൂല്യങ്ങളിൽ നിന്നും വ്യതിചലിച്ച്, ലക്കും ലഗാനുമില്ലാത്ത യാത്ര നടത്തുന്ന യുവതലമുറയെ യേശുവിലേക്കാനയിക്കാൻ അരയും തലയും മുറുക്കി ക്രൈസ്തവ യുവജന സംഘടനകളും മുന്നേറ്റങ്ങളും രംഗത്തിറങ്ങണം. ഒരു രാജ്യത്തെയോ സംസ്കാരത്തെയോ തകർക്കാനുള്ള എളുപ്പവഴി അവിടത്തെ യുവജനങ്ങളെ ലഹരിക്കടിമപ്പെടുത്തുകയെന്നതാണ്. വിധ്വംസക ശക്തികൾ അതു നന്നായി ഉപയോഗിക്കുന്നുവെന്ന് തിരിച്ചറിയാൻ ചുറ്റുമൊന്നു നിരീക്ഷിച്ചാൽ മതി.



സ്മാർട്ട് കിഡ്സ്



ചിത്രീകരണം: വെങ്കി

# പച്ചമലയിലെ കൊച്ചുകുട്ടികൾ





കഥ: സ്റ്റീവ് വർഗീസ്

> അവർ നോക്കുമ്പോൾ പുലി കുറ്റിച്ചെടികൾക്കിടയിൽ നിന്ന് ചാടി അവരുടെ പുറകെ പാഞ്ഞു വരുകയാണ്. അയ്യോ.. രക്ഷിക്കണേ.. ഓടി വരണേ...!! കുട്ടികൾ വാവിട്ടു കരഞ്ഞു.

ഒരു കുഗ്രാമാണ് പച്ചമലഗ്രാമം. മലയോരപ്രദേശമാണ് ഇവിടം. ദൂരെ പലയിടങ്ങളിലായി ചെറിയ ചെറിയ കുന്നും മലയും ഒക്കെ കാണാം. അതാണ് ഈ ഗ്രാമത്തിന്റെ ഭംഗി. പച്ച പുതച്ചു കിടക്കുന്ന മലയോര പ്രദേശമായതിനാലാണ് പച്ചമല ഗ്രാമം എന്ന പേരുവന്നത്. താഴ്വാരങ്ങളിൽ അങ്ങിങ്ങായി കൊച്ചു കൊച്ചു വീടുകളും, വീടുകൾക്ക് അരികിലൂടെ കുഞ്ഞരുവികളും ഒഴുകുന്നു. താഴ്വരയിലെ വീടുകളിലുള്ള കുട്ടികൾ കളിക്കാനായി പലപ്പോഴും ഈ കുന്നും മലയും കയറി മുകളിൽ പോകാറുണ്ട്.

ചില സമയങ്ങളിൽ അവർ പോയി തിരിച്ചുവരുമ്പോൾ കൈനിറയെ പഴങ്ങളുമായിട്ടാണ് വരാറുള്ളത്. കുന്നിൻ മുകളിലെ ചില മരങ്ങളിൽ ഓറഞ്ച് പോലുള്ള പഴങ്ങൾ ഉണ്ടാകാറുണ്ട്. അതുമായിട്ടാണ് അവർ താഴേക്ക് വരുന്നത്. ഒന്ന് കഴിച്ചാൽ വീണ്ടും കഴിക്കാൻ തോന്നും. മലമുകളിൽ കളിക്കാൻ പോകുന്നതിന് അങ്ങനെ ഒരു ഉദ്ദേശ്യവും കൂടിയുണ്ട്. റോയിയും റോയ്സയും സഹോദരങ്ങളാണ്. ശ്യാമും ഇസബെല്ലും കുട്ടൂസൻ എന്ന കളിപ്പേര് വിളിക്കുന്ന കുട്ടനും യു.പി. ക്ലാസ്സുകളിലാണ് പഠിക്കുന്നത്. പത്താം ക്ലാസ്സിൽ പഠിക്കുന്ന ബോബന് അൽപം വണ്ണമുള്ളതുകൊണ്ട് അവൻ ഇവരുടെയെല്ലാം അങ്കിൾ ബൺ ആണ്.

അങ്ങനെ ഒരു ശനിയാഴ്ച ദിവസം എല്ലാവരും മലയിൽ പോയി കളിക്കാൻ ഒത്തുകൂടി. അങ്കിൾ ബണ്ണായ ബോബനൊഴികെ എല്ലാവരും മലകയറുവാൻ തീരുമാനിച്ചു. ബോബന് പഠിക്കാനുണ്ടത്രേ. എന്തായാലും ബാക്കിയുള്ളവരെല്ലാവരും മല കേറിത്തുടങ്ങി. മലയിൽ ചെന്ന് കഴിയുമ്പോൾ പറപ്പിക്കുവാനായി പട്ടവും ആയിട്ടാണ് കുട്ടൻ വന്നിരിക്കുന്നത്. റോയ്സ് കൈയിൽ ചെറിയൊരു കവണിയുമായി മരത്തിലെ പഴങ്ങൾ എറിഞ്ഞു വീഴ്ത്താനാണ് പരിപാടി. ഇസബെൽ അമ്മ ഉണ്ടാക്കിക്കൊടുത്ത അരിയുണ്ടയും ഒരു കടലാസിൽ പൊതിഞ്ഞെടുത്തിട്ടുണ്ട്. അവരെല്ലാവരും കുന്നിൻ മുകളിലെ മരച്ചുവട്ടിലെത്തി. ഉടനെ തന്നെ റോയ്സ് കല്ലും കവണിയുമെടുത്ത് പഴം എറിഞ്ഞിടാൻ തുടങ്ങി. കുട്ടൻ പട്ടം ഉറപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ്. ശ്യാമും റോയിയും കുറച്ചു ദൂരെ മാറിനിന്ന് ദൂരെ താഴെയുള്ള അവരുടെ വീടുകളും താഴ്വാരവും പ്രകൃതി ഭംഗിയുമൊക്കെ ആസ്വദിച്ചു നിൽപ്പാണ്.

ശ്യാമാണ് പെട്ടെന്ന് ആ കാഴ്ച കണ്ടത്. തൊട്ടപ്പുറത്തുള്ള കുറ്റിച്ചെടികളുടെ മറവിൽ എന്തോ അനങ്ങുന്നു. മഞ്ഞയും കറുപ്പും വരെയുള്ള വാല് കണ്ടിട്ടാണ് അവൻ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് ഓടിയത്. അയ്യോ ഓടിക്കോ.. ഓടിക്കോ!! പുലി വരുന്നേ.. പുലി!! അവന്റെ സ്വരം കേട്ടതും എല്ലാവരും വെപ്രാളത്തോടെ താഴേക്ക് ഓടുവാൻ തുടങ്ങി. ഓട്ടത്തിനിടയിൽ അവർ തിരിഞ്ഞു നോക്കിയെങ്കിലും പുലിയെ കാണാൻ പറ്റിയില്ല. അവർ ശ്യാമിനോട് ചോദിച്ചു, എവിടെടാ നിന്റെ പുലി. നിനക്ക് തോന്നിയതായിരിക്കും. മനുഷ്യനെ വെറുതെ പേടിപ്പിക്കാൻ. അവരെല്ലാവരും ഒരുമിച്ച് വീണ്ടും പതുക്കെ കുന്നിൻ മുകളിലേക്ക് കയറാൻ തുടങ്ങി. നടന്നുനടന്ന് അവർ കളിച്ചിരുന്ന സ്ഥലത്തെത്തി. ശ്യാം മുന്നോട്ടുവന്ന് കുറ്റിച്ചെടിയുടെ ഭാഗത്തേക്ക് നോക്കി. അതാ വീണ്ടും അനക്കം. ഇത്തവണ പുലിയുടെ വാലനങ്ങുന്നത് അവർ കണ്ടു. ഓടിക്കോ..!! വീണ്ടും ശ്യാമും കൂട്ടരും പിന്തിരിഞ്ഞോടി. അവർ നോക്കുമ്പോൾ പുലി കുറ്റിച്ചെടികൾക്കിടയിൽ നിന്ന് ചാടി അവരുടെ പുറകെ പാഞ്ഞു വരുകയാണ്. അയ്യോ.. രക്ഷിക്കണേ.. അയ്യോ ഓടി വരണേ.. കുട്ടികൾ വാവിട്ടു കരഞ്ഞു.

അവരുടെ വലിയ കരച്ചിലിന്റെ ശബ്ദം കുന്നിൻ മുകളിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നു. ഓട്ടത്തിനിടയിൽ കല്ലിൽ തട്ടി വീണ കുട്ടനെ പിടിച്ചെഴുന്നേൽപ്പിക്കുന്നതിനിടയിൽ അവർ പിന്നോട്ട് നോക്കിയപ്പോഴാണ് ആ കാഴ്ച കണ്ടത്. പിന്നാലെ ഓടിവന്ന പുലി വലിയൊരു കല്ലിൽ തട്ടി മറ്റൊരു ദിശയിലേക്ക് താഴേക്ക് ഉരുണ്ടു പോകുകയാണ്. അയ്യോ രക്ഷിക്കണേ.. അയ്യോ.. എന്നു പറഞ്ഞുകൊണ്ട് പുലിയും കരയുന്നത് അവർ കണ്ടു. മറ്റൊരു കുറ്റിച്ചെടിയിൽ തട്ടി പുലി അവിടെ തളർന്നു വീണു. ഒറിജിനൽ പുലിയല്ല എന്ന് മനസ്സിലാക്കിയ കുട്ടികൾ എല്ലാവരും പതുക്കെ നടന്നു നടന്ന് അതിനടുത്തെത്തി. അവരെ കണ്ടപ്പോൾ പുലി വീണ്ടും കരഞ്ഞു. ശ്യാമേ.. റോയീ.. എന്നെ രക്ഷിക്കടാ ഇത് ഞാനാണ് ബോബൻ. ബോബന്റെ സ്വരം കേട്ട മാത്രയിൽ അവർ ഓടിച്ചെന്ന് മുഖംമൂടി വലിച്ചു മാറ്റി. എടാ അങ്കിൾ ബണ്ണേ.. നീയായിരുന്നോ പുലിയുടെ വേഷം കെട്ടി വന്നത്. നിന്നെയിന്ന് ഞങ്ങൾ ശരിയാക്കും എന്നുപറഞ്ഞ് അവരവന് കണക്കിന് തല്ലുകൊടുത്തു. പുലിയുടെ വേഷം കെട്ടി മറ്റൊരു വഴിയിലൂടെ നിങ്ങൾക്ക് മുമ്പേ കുന്നിൻ മുകളിലെത്തി, നിങ്ങളെ പേടിപ്പിക്കാനായിരുന്നു കുന്നിൻ മുകളിലേക്ക് വരുന്നില്ലായെന്ന് പറഞ്ഞത്, അതുകേട്ട് വീണ്ടും അവർ അവനെ നുള്ളാനും അടിക്കാനും തുടങ്ങി. എന്നിട്ട് കൈയിലുണ്ടായിരുന്ന അരിയുണ്ട കൊടുത്തിട്ട് ഇസബൽ പറഞ്ഞു: ന്നാ.. ഇത് കഴിച്ചോ? ഞങ്ങളുടെ കൈയിൽ നിന്ന് കിട്ടിയ അടിയുടെ ക്ഷീണം മാറട്ടെ. കൂട്ടുകാരെല്ലാരും അതുകേട്ട് പൊട്ടിച്ചിരിച്ചു. അവരെല്ലാവരും കൂടെ അങ്കിൾ ബണ്ണിന്റെ കൂടെ അരിയുണ്ടയും പഴങ്ങളും ഒക്കെ കഴിച്ച് അവിടെ കൂടി. വീണ്ടും അവർ പട്ടം പറപ്പിക്കാനും ഓടി കളിക്കാനും തുടങ്ങി.

ഇസബൽ അവരോട് എല്ലാവരോടുമായി പറഞ്ഞു.. ദാ നോക്ക് ദൂരെ എത്ര ഭംഗിയാണ് നമ്മുടെ ഈ നാട്. നമ്മുടെ വീടുകൾ ഈ കുന്നിൻ മുകളിൽ നിന്ന് നോക്കുമ്പോൾ എന്തുഭംഗിയാണ്. കാറ്റിനെ തടുക്കുന്ന മലകളും മരങ്ങളും.. പക്ഷികൾക്കും മൃഗങ്ങൾക്കും ഭക്ഷണം ഒരുക്കുന്ന പച്ച പ്രകൃതിയും എന്തു രസമാണ്. നമ്മുടെ ഗ്രാമത്തിന്റെ പാദസരം പോലെ ഒഴുകുന്ന ആ അരുവിയും...! ഒരു ടീച്ചർ കുട്ടികളെ പഠിപ്പിക്കുന്ന പോലെയാണ് അവൾ ഇതെല്ലാം അവരോട് പറഞ്ഞത്. ദൈവത്തിന്റെ സ്വന്തം ഗ്രാമമാണ് നമ്മുടെ ഗ്രാമം എന്നുള്ള വലിയ സന്തോഷം പങ്കുവച്ചാണ് അവരെല്ലാവരും താഴ്വരയിലെ അവരുടെ വീടുകളിലേക്ക് മടങ്ങിയത്.

# ചിരിയും ചിന്തയും



കാർട്ടൂൺ: ജോയ്സ് കെ.ജോസ്






SUBSCRIBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YONG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org +91 484 2984327 91 62382 79115 | **www.jykairosmedia.org**

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2022-24, Date of publication: 01/09/2022, ₹50.00




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662